لا اله الا الله محمد رسول الله

# സത്യദൂതൻ

**മുക്കാൽ നൂറ്റാണ്ട് പിന്നിട്ട മലയാളത്തിലെ ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം**


പുസ്തകം 78
ലക്കം 1
ജനുവരി 2006
സുൽഹ് 1385
ദുൽഹജ്ജ് 1426 - മുഹറം 1427



**ചീഫ് എഡിറ്റർ**
മൗലവി മുഹമ്മദ് ഇസ്മായിൽ

**എഡിറ്റർ**
എ. എം. മുഹമ്മദ് സലിം

**എഡിറ്റോറിയൽ ബോർഡ്**
പ്രൊഫ. മഹ്മൂദ് അഹ്മദ്
(ചെയർമാൻ)

കെ.വി. ഈസക്കോയ
കെ. വി. ഹസ്സൻ കോയ
പി. എം. ബഷീർ അഹ്മദ്
ഐ. കെ. അഹ്മദ്കുട്ടി

**മാനേജർ**
എം.കെ. ഇമ്പിച്ചിക്കോയട്ടി

**സെക്രട്ടറി**
പി. എം. അഹ്മദ് ഹസ്സൻ

**സർക്കുലേഷൻ മാനേജർ**
എസ്. മുഹമ്മദ് സലിം



വരിസംഖ്യ - 100 ക.
ഒറ്റപ്രതി - 10 ക.



*വിലാസം*
**സത്യദൂതൻ**
**ജി. എച്ച്. റോഡ്, കോഴിക്കോട്.**
**ഫോൺ :** 0495 (Mob.) / 95495 (Land) } 5520733
**ഫാക്സ് : 0495 - 2721609**
e-mail: sathyadoothan@ahmadiyya.com



**സ്ഥാപിതം**
**1925**



4 *യുഗശബ്ദം*

5 *മുഖക്കുറിപ്പ്*

**ലേഖനം**

6 *ഹജ്ജ് : മനുഷ്യരാശിയുടെ ഏകതാ ദർശനം*
ഹദ്റത്ത് അഹ്മദ് *(അ)*

7 *പരിശുദ്ധ ഹജ്ജ് കർമ്മം - നിസ്തുല്യ ആത്മീയ സംഗമം*
മുഹമ്മദ് ഉമർ എച്ച്. എ, കോഴിക്കോട്

12 *ഹദ്റത്ത് അബൂബക്കർ (റ) വിശുദ്ധ ഖുർആനിൽ*
ഡോ. എസ്. എം. ഷഹാബ് അഹ്മദ്

18 *രോഗശമനത്തിന്റെ ആത്മീയ മാർഗ്ഗം*
മൗലവി അബ്ദുൾ വഹാബ് ബിൻ ആദം, ഘാന

21 *മൗദൂദി സാഹിബ് നേതൃത്വം നൽകിയ ഭീകര പ്രവർത്തനങ്ങൾ*
മൗലാന അബ്ദുല്ലാഹ് സാഹിബ്. എഛ്. എ.

24 *ദൈവത്തിന്റെ ഏകത്വം*
ഡോ. അബ്ദുൾ അസീസ്

27 *വളരുന്ന ഖാദിയാൻ*
എൻ. അബ്ദുറഹീം

30 *മിഅ്റാജും ഇസ്രാഉം* *(തുടർച്ച)*
എ. പി. കുഞ്ഞാമു

32 *ഖിലാഫത്ത് : അനിഷേധ്യ യാഥാർത്ഥ്യങ്ങൾ അവഗണിക്കപ്പെടുന്നു*
കെ. പി. അഹ്മദ്

34 *യേശു ദാവീദിന്റെ പുത്രനോ?*
ഇക്ബാൽ അഹ്മദ്

39 *ദൈവഭക്തി - നന്മയുടെ നാരായ വേര്*
മിർസാ മസ്റൂർ അഹ്മദ്

**റിപ്പോർട്ട്**

37 *അഹ്മദിയ്യാ മുസ്‌ലിം വാർഷിക സമ്മേളനം*
അബുസ്വബാഹ്

*കുറിപ്പുകൾ - എൺപത് വയസ്സ് തികഞ്ഞ സത്യദൂതൻ*
*വാർത്തകൾ*


*മുഖചിത്രം :* **ജുമാ മസ്ജിദ്, സമാറ, ഇറാക്ക്, എ.ഡി. 847 ൽ പണിതത്**


Printed & Published by A. P. Kunhamoo, for the Kerala Ahmadiyya Jama-at at Geethanjali Offset Press, Feroke, Calicut.
Edited by A. M. Muhammed Salim. Typeset, Layout & Cover Design : Victory Creations, CLT - 1.

## ഖുർആനിൽ നിന്ന്


"ഹജ്ജിനെക്കുറിച്ചു നിങ്ങൾ വിളംബരം ചെയ്യുക. കാൽനടയായും (യാത്രാക്ലേശം നിമിത്തം) മെലിഞ്ഞു വയറൊട്ടിയതും വിദൂരങ്ങളായ ഓരോ മാർഗ്ഗങ്ങളിൽ കൂടി വരുന്നതുമായ ഓരോ ഒട്ടകത്തിന്മേലും നിന്റെ അടുത്ത് അവർ വരും" (22:28)

## നബിവചനം

അബൂഹുറൈറയിൽ നിന്ന് നിവേദനം : 'ജ്ഞാനം ജനങ്ങളിൽ നിന്ന് അകന്നുപോകും എന്നിട്ട് അജ്ഞതയും കുഴപ്പവും പ്രത്യക്ഷപ്പെടും. 'ഹറജ്' വർദ്ധിക്കുകയും ചെയ്യും.' അപ്പോൾ, തിരുമേനിയോട് അനുചരന്മാർ ചോദിച്ചു : 'എന്താണ് 'ഹറജ്'? തിരുമേനി കൈകൊണ്ട് ആംഗ്യം കാണിച്ചു. അതു കണ്ടപ്പോൾ തിരുമേനി കൊലയെയാണ് ഉദ്ദേശിക്കുന്നതെന്ന് തോന്നി.

**(ബുഖാരി)**

# ഹജ്ജ്



**വാഗ്ദത്ത മസീഹ്**

ഈ അനുക്രമമായ ഐക്യത്തിന്റെ ഉദാഹരണം ഇതാണ് : ഓരോ 'മഹ'ല്ലിലെയും ആളുകൾ തങ്ങളുടെ മഹല്ലുകളിലെ പള്ളികളിൽ അഞ്ചു നേരം ഒരുമിച്ചുകൂടുന്നതിന് കല്പിച്ചു; പിന്നീട് പട്ടണത്തിലെ മുഴുവൻ ജനങ്ങളും ഏഴാം ദിവസം 'ജാമിഅ്മസ്ജി'ദിൽ എന്നുവച്ചാൽ, എല്ലാവർക്കും ഒരുമിച്ചുകൂടാൻ സൗകര്യമുള്ള വലിയൊരു പള്ളിയിൽ ഒന്നിച്ചു ചേരാൻ കല്പിച്ചു. പിന്നെ കൊല്ലത്തിലൊരിക്കൽ മുഴുവൻ നഗരത്തിലെയും ചുറ്റുവട്ടത്തിലെ ഗ്രാമങ്ങളിലെയും ജനങ്ങൾ 'ഈദ്ഗാഹിൽ ഒന്നിക്കുവാൻ കല്പിച്ചു; പിന്നെ ജീവിതത്തിലൊരിക്കൽ ലോകത്ത് മുഴുവനുമുള്ള ജനങ്ങൾ ഹജ്ജിന്റെ അവസരത്തിൽ ഒരിടത്ത്, അതായത് പരിശുദ്ധ മക്കയിൽ സമ്മേളിക്കുവാനും കല്പിച്ചു. അങ്ങനെ, അല്ലാഹു ക്രമത്തിൽ ക്രമത്തിലായി സമുദായത്തിന്റെ ഐക്യം ഹജ്ജ് വേളയിൽ പരിപൂർണ്ണതയിൽ എത്തിച്ചു. (ചശ്മയെ മഅരിഫ ഭാ. 137

മുഖക്കുറിപ്പ്

# ജൽസയുടെ സന്ദേശം

2005 ഡിസംബർ 26 രാവിലെ 10 മണി. ശിശിര സൂര്യൻ മന്ദമായി പ്രകാശിച്ചു കൊണ്ടിരുന്ന ഖാദിയാന്റെ തണുത്ത വ്യോമ മണ്ഡലത്തിലേക്ക് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് മിർസാ മസ്‌റൂർ അഹ്മദിന്റെ കരചലനങ്ങൾക്കനുസരിച്ച് കലിമത്തു തൗഹീദ് ആലേഖനം ചെയ്ത അഹ്മദിയ്യത്തിന്റെ ശ്യാമ പതാക എഴുപതിനായിരത്തോളം വരുന്ന അഹ്മദികളുടെ കണ്ഠങ്ങളിൽ നിന്നുള്ള തക്ബീർ ധ്വനിയുടെ ഊഷ്മളഘോഷങ്ങൾ സ്വീകരിച്ചു ഉയർന്നു പൊങ്ങിയ അഹ്മദിയ്യത്തിന്റെ വിജയ വൈജയന്തി സംത്രാസത്താൽ ആടിയുലഞ്ഞു. തുടർന്നുള്ള മൂന്ന് ദിവസത്തെ അഹ്മദിയ്യാ ദേശീയ സമ്മേളനത്തിന് ഖലീഫത്തുൽ മസീഹ് സമാരംഭം കുറിക്കുകയായിരുന്നു. അതിന് ശേഷം ഖലീഫാ തിരുമനസ്സിന്റെ ആത്മീയസുരഭിലമായ ഉദ്ഘാടനത്തിന് വേദി സാക്ഷ്യം വഹിച്ചു. വാഗ്ദത്ത മസീഹ് ഹദ്റത്ത് അഹ്മദുൽ ഖാദിയാനി (അ) അന്ത്യവിശ്രമം കൊള്ളുന്ന ബിഹിശ്തീ മഖ്ബറക്കടുത്തായിരുന്നു ജൽസാ ഗാഹ്.

വിവിധ രാജ്യങ്ങളിലെ മനുഷ്യ വൈവിധ്യങ്ങളെ ഒരേ ആത്മീയ തന്തുവിൽ ഉദ്ഗ്രഥിക്കുകയായിരുന്നു ജൽസയുടെ സന്ദേശം. വിജയ സോപാനത്തിലേക്ക് ശരവേഗത്തിൽ കുതിക്കുകയും ഭൂഖണ്ഡങ്ങൾ നിറഞ്ഞ് വളരുകയും ചെയ്യുന്ന അഹ്മദിയ്യത്തിന്റെ ആഗോളചലനങ്ങളെ പറ്റിയുള്ള പ്രഘോഷണങ്ങൾക്ക് ദൈവസ്ത്രോത്രങ്ങളും തക്ബിർ ധ്വനികളും സിന്ദാബാദ് വിളികളും കൊണ്ട് ആവേശത്തിന്റെ അലകൾ സൃഷ്ടിച്ച് സദസ്സ് പ്രതികരിച്ചപ്പോൾ അഹ്മദിയ്യത്തിന്റെ പ്രതീക്ഷാനിർഭരമായ ഒരു ഇസ്‌ലാമിക ലോകമാണ് അനാവൃതമായത്. ദൈവഹസ്തങ്ങളിൽ പ്രതിപദം മുന്നേറുന്ന ഒരു ദിവ്യാത്ഭുതമാണ് അഹ്മദിയ്യത്ത് എന്ന യാഥാർത്ഥ്യത്തിന്റെ വിളംബരമായിരുന്നു അത്.

ജീവിതത്തിന്റെ നാനാതുറകളിൽപ്പെട്ട ഭാരതത്തിന്റെ മത സാംസ്കാരിക നായകന്മാരും രാഷ്ട്രീയ നേതാക്കൻമാരും ഉദ്യോഗസ്ഥ പ്രമുഖരും അഹ്മദിയ്യത്തിന് നേർന്ന ആശംസകൾ അവരുടെ ഹൃദയസമർപ്പണങ്ങളായിരുന്നു. അഹ്മദിയ്യാ പരിപ്രേഷ്യത്തിൽ ഇസ്‌ലാമിനെ അവർ മഹിതമായ ഒരു ആത്മീയ വിസ്മയമായി വരച്ചു കാട്ടി. പ്രഭാഷകരിൽ പലരും തക്ബീർ ധ്വനി ഉയർത്തുകയും റസൂൽ തിരുമേനി(സ)ക്കും വാഗ്ദത്ത മസീഹിനും (അ) സിന്ദാബാദ് വിളിക്കുകയും ചെയ്തപ്പോൾ മുല്ലായിസം തെറ്റിദ്ധരിപ്പിച്ച പരിശുദ്ധ ദീൻ ഇസ്‌ലാമിന്റെ വീണ്ടെടുപ്പായി അത് സദസ്സിന് അനുഭവപ്പെട്ടു. മനുഷ്യന്റെ ആത്മീയ സംസ്കൃതിയെ രൂപപ്പെടുത്തിയ ശ്രീകൃഷ്ണൻ (അ) ശ്രീരാമൻ (അ) ശ്രീബുദ്ധൻ (അ) ഗുരു ബാബാനാനാക്ക് എന്നീ അല്ലാഹുവിന്റെ ആത്മീയ ജ്യോതിസ്സുകൾക്ക് സദസ്സിൽ നിന്നും സിന്ദാബാദ് വിളികളുയർന്നു. നാം തെരുവുകളിൽ ദിനേന കേൾക്കുന്ന ഭൗതികാർത്ഥിയുടെയും, വ്യക്തി പൂജയുടെയും സിന്ദാബാദ് വിളിയായിരുന്നില്ല അത്. വിശ്വാസികളുടെ നിഷ്ക്കളങ്കവും നിഷ്ക്കാമവുമായ ഹൃദയാഭിലാഷങ്ങളായിരുന്നു.

നിരാശയും നിസ്സഹായതയും ഗ്രസിച്ച നേതൃശൂന്യമായ ആഗോള മുസ്‌ലിം ലോകം ഉടഞ്ഞ സ്ഫടിക ഗോളം പോലെ ശിഥിലമാണ്. എന്നാൽ ഖലീഫത്തുൽ മസീഹിന്റെ ദിവ്യനേതൃത്വത്തിൽ അതിശക്തമായ കെട്ടുറപ്പോടെ ആഗോള തലത്തിൽ വ്യാപിച്ചു കഴിഞ്ഞ അഹ്മദിയ്യാ ജമാഅത്തിന്റെ അച്ചുതണ്ടിൽ ഒരു പുതിയ മുസ്‌ലിം ലോകം കറക്കമാരംഭിച്ചിരിക്കുന്നു. അഹ്മദിയ്യാ ജമാഅത്തിന്റെ സുശക്തമായ മിഷിനറി ശൃംഖലകളുടെ പ്രവർത്തനഫലമായി ഗ്രാമീണ ഭാരതത്തിലെ അവഗണിതരായ മുസ്‌ലിം ജനതയുടെ ഒഴുക്ക് അഹ്മദിയ്യത്തിലേക്ക് ആരംഭിച്ചിരിക്കുന്നു. ജൽസാഗാഹിൽ കണ്ട ഗ്രാമീണ മുസ്‌ലിം ഭാരതത്തിന്റെ നിഷ്ക്കളങ്കമായ പ്രതിനിധികളുടെ മുഖങ്ങളിലെ അഹ്മദിയ്യത്തിന്റെ പ്രകാശം ഒരു പുതിയ ലോകത്തിന്റെ ഉദയ കിരണങ്ങളായിരുന്നു. തലമുറകളിലേക്ക് പകരേണ്ട അത്യുജ്ജ്വലമായ പ്രകാശ സ്രോതസ്സിന്റെ ദിവ്യ പ്രഭയായിരുന്നു അത്.

അഹ്മദിയ്യാ ദേശീയ ജൽസ ലോകത്തിന് ഒരു സന്ദേശം നൽകുന്നുണ്ട്. അതായത് റസൂൽ തിരുമേനി (സ) ദൗത്യം ലോകത്ത് വിജയിപ്പിക്കാൻ അല്ലാഹു കൊളുത്തിയ ശാന്തിയുടെ ഈ ദീപം മുല്ലായിസം കൊണ്ടോ, തീവ്രവാദം കൊണ്ടോ, ജിഹാദ് വിളി കൊണ്ടോ, കള്ള പ്രചരണം കൊണ്ടോ അണഞ്ഞു പോകില്ല എന്നതാണ് ആ സന്ദേശം. എതിരാളികൾ നല്ലത് പോലെ ഗ്രഹിച്ചു കൊള്ളുക. നാൾക്കുനാൾ ഉജ്ജ്വലമാകുന്ന അഹ്മദിയ്യത്തിന്റെ പ്രകാശധോരണിയിൽ ഈയ്യാംമ്പാറ്റകളെ പോലെ അവർ നശിച്ചൊടുങ്ങും. മറ്റാരുടേയും പൊയ് വാക്കല്ല അത്. അല്ലാഹു ഖുർ ആനിൽ നൽകിയ സന്ദേശം തന്നേയാണത്. ഖുർആൻ പറയുന്നു:

**'തങ്ങളുടെ വായകൊണ്ട് അല്ലാഹുവിന്റെ പ്രകാശത്തെ ഊതിക്കെടുത്തിക്കളയുന്നതിന് അവരുദ്ദേശിക്കുന്നു. എന്നാൽ സത്യ നിഷേധികൾ വെറുത്താലും അല്ലാഹു തന്റെ പ്രകാശത്തെ പൂർത്തിയാക്കുന്നവൻ തന്നെയാണ്' (61:9)**

■

ലേഖനം

# ഹജ്ജ് : മനുഷ്യരാശിയുടെ ഏകതാ ദർശനം

ഹദ്റത്ത് അഹ്മദ് (അ)

അല്ലാഹുവിന്റെ സത്തയിൽ ഏകത്വം ഉള്ളതുപോലെ, ശാശ്വതമായ ദൈവീക ദാസ്യത്തിനുവേണ്ടി സൃഷ്ടിക്കപ്പെട്ട മനുഷ്യസമുദായത്തിനും ഏകത്വം തന്നെയാണ് അവൻ വിധിച്ചിരിക്കുന്നത്. വംശവർദ്ധന കാരണം മനുഷ്യസമുദായത്തിൽ രൂപമെടുത്തിട്ടുള്ള ഭിന്നതകൾതന്നെയും പൂർണ്ണമായ മനുഷ്യൈക്യത്തിനുവേണ്ടിയുള്ള മുന്നൊരുക്കമായിരുന്നു. ആദ്യം മനുഷ്യസമുദായത്തിൽ ഏകതയുടെ വിഭിന്നശാഖകൾ സ്ഥാപിച്ചുകൊണ്ട് പിന്നീടു പൂർണ്ണമായ ഐക്യവൃത്തത്തിൽ ഏകോപിപ്പിക്കുവാനാണ് ദൈവം ഇച്ഛിച്ചിരിക്കുന്നത്. ആകയാൽ, ദൈവം സമുദായങ്ങളുടെ വ്യത്യസ്ത ശാഖകൾ ഏർപ്പെടുത്തുകയും ഓരോ സമുദായത്തിലും ഓരോ ഏകത സൃഷ്ടിക്കുകയും ചെയ്തു. സമുദായങ്ങൾ പരസ്പരം പരിചയപ്പെടുന്നതിന് സൗകര്യവും എളുപ്പവും ഉണ്ടാകുകയും അവർ പരസ്പരം ബന്ധപ്പെടുന്നതിന് താമസം സംഭവിക്കാതിരിക്കുകയും വേണമെന്നതാണ് ഇതിന്റെ രഹസ്യം.

സമുദായങ്ങളുടെ ചെറിയ ചെറിയ ഘടകങ്ങൾ തമ്മിൽ പരിചയപ്പെടുന്നതോടെ, മുഴുവൻ സമുദായങ്ങളെയും ഒരു സമുദായമാക്കി ഒന്നിപ്പിക്കുവാനാണ് ദൈവം ഇച്ഛിച്ചിരിക്കുന്നത്. ഉദാഹരണമായി, ഒരാൾ ഒരു തോട്ടം നിർമ്മിക്കുന്നുവെന്നിരിക്കട്ടെ; തോട്ടത്തിലെ വ്യത്യസ്തങ്ങളായ ചെടികളെ വ്യത്യസ്തങ്ങളായ ഗണങ്ങളായി വേർതിരിക്കുകയും അതിൽ പിന്നെ തോട്ടത്തിനു ചുറ്റുമായി മതിൽകെട്ടി വൃക്ഷങ്ങളെയെല്ലാം ഒരൊറ്റ വൃത്തത്തിനുള്ളിൽ ഒതുക്കുകയും ചെയ്യുന്നു. ഇതിലേയ്ക്ക് തന്നെയാണ് വിശുദ്ധഖുർആൻ സൂചന നൽകിയിരിക്കുന്നത്.

"ഓ ലോകത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള നബിമാരേ, വിവിധ സമുദായങ്ങളിൽ നിന്നു ലോകത്ത് ഒരുമിച്ചു കൂടീട്ടുള്ള ഈ മുസ്ലിംകളായ നിങ്ങളെല്ലാവരും ചേർന്ന ഒരു സമുദായം ആകുന്നു. അവർ എല്ലാവരിലും വിശ്വസിക്കുന്നു. ഞാൻ നിങ്ങളുടെ ദൈവം ആകയാൽ നിങ്ങളെല്ലാം ഒന്നുചേർന്നു എന്നെ ആരാധിക്കുവിൻ" (21:93). ഈ അനുക്രമമായ ഐക്യത്തിന്റെ ഉദാഹരണം ഇതാണ് : ഓരോ 'മഹ'ല്ലിലെയും ആളുകൾ തങ്ങളുടെ മഹല്ലുകളിലെ പള്ളികളിൽ അഞ്ചുനേരം ഒരുമിച്ചുകൂടുന്നതിന് കല്പിച്ചു; പിന്നീട് പട്ടണത്തിലെ മുഴുവൻ ജനങ്ങളും ഏഴാം ദിവസം 'ജാമിഅ്മസ്ജി'ദിൽ എന്നുവച്ചാൽ, എല്ലാവർക്കും ഒരുമിച്ചുകൂടാൻ സൗകര്യമുള്ള വലിയൊരു പള്ളിയിൽ ഒന്നിച്ചു ചേരാൻ കല്പിച്ചു. പിന്നെ കൊല്ലത്തിലൊരിക്കൽ മുഴുവൻ നഗരത്തിലെയും ചുറ്റുവട്ടത്തിലെ ഗ്രാമങ്ങളിലെയും ജനങ്ങൾ 'ഈദ്ഗാഹിൽ ഒന്നിക്കുവാൻ കല്പിച്ചു; പിന്നെ ജീവിതത്തിലൊരിക്കൽ ലോകത്ത് മുഴുവനുമുള്ള ജനങ്ങൾ ഹജ്ജിന്റെ അവസരത്തിൽ ഒരിടത്ത്, അതായത് പരിശുദ്ധ മക്കയിൽ സമ്മേളിക്കുവാനും കല്പിച്ചു. അങ്ങനെ, അല്ലാഹു ക്രമത്തിൽ ക്രമത്തിലായി സമുദായത്തിന്റെ ഐക്യം ഹജ്ജ് വേളയിൽ പരിപൂർണ്ണതയിൽ എത്തിച്ചു. (ചശ്മയെ മഅരിഫ ഭാ. 137) ■

**സത്യദൂതൻ വായനക്കാർക്ക് ബക്രീദ് നവവത്സരാശംസകൾ**

ലേഖനം

# പരിശുദ്ധ ഹജ്ജ് കർമ്മം – നിസ്തുല്യ ആത്മീയ സംഗമം

മുഹമ്മദ് ഉമർ എച്ച്. എ, കോഴിക്കോട്

**ഖലീലുല്ലാഹി ഇബ്രാഹീം നബി (അ) യുടെ നിഷ്കളങ്കമായ ദൈവ പ്രേമത്തിലടങ്ങിയ മഹൽ ത്യാഗങ്ങളാണ് മനുഷ്യനെ ദൈവോന്മുഖമാക്കുന്ന ഹജ്ജ് കർമ്മത്തിന്റെ അടിസ്ഥാനം**

പരിശുദ്ധ കഅ്ബയിൽ വെച്ചുള്ള പുണ്യഹജ്ജ് കർമ്മം ഇസ്ലാമിന്റെ അഞ്ചു അടിസ്ഥാന കർമ്മങ്ങളിൽ പെട്ട ഒന്നാകുന്നു. ഈ പുണ്യകർമ്മത്തെക്കുറിച്ചു വിശുദ്ധ ഖുർആൻ അരുൾ ചെയ്യുന്നു: "സമസ്ത മനുഷ്യർക്കും വേണ്ടി സ്ഥാപിക്കപ്പെട്ട പ്രഥമ ഭവനം മക്കയിലുള്ളത് തന്നെയാണ്. (അത്) അനുഗൃഹീതവും സർവ്വ ലോകർക്കു മുള്ള മാർഗ്ഗദർശക കേന്ദ്രവും ആകുന്നു. അതിൽ പ്രത്യക്ഷമായ ദൃഷ്ടാന്തങ്ങളുണ്ട്. ഇബ്രാഹീമിന്റെ (നമസ്കാര) സ്ഥാനവുമാണത്. അതിൽ പ്രവേശിക്കുന്നയാൾ നിർഭയനായിത്തീരുന്നതാണ്. അതിലേക്ക് യാത്ര ചെയ്യുവാൻ കഴിവുള്ള എല്ലാ മനുഷ്യർക്കും പ്രസ്തുത ഭവനത്തിൽ ചെന്ന് ഹജജ് നിർവഹിക്കേണ്ടത് അല്ലാഹുവിനോടുള്ള (അവൻ നിശ്ചയിച്ചുള്ള) കടമയാകുന്നു. അതിനെ നിഷേധിക്കുന്നതായാൽ അല്ലാഹു ലോകത്തിൽ ആരുടെയും ആശ്രിതനല്ല (എന്നു കുരുതികൊള്ളട്ടെ) (3:97, 98)

"നാം ആ ഭവനത്തെ (കഅ്ബത്തുല്ലായെ) ജനങ്ങൾക്ക് സമ്മേളന കേന്ദ്രവും സമാധാന നികേതനവും ആക്കുകയും ഇബ്രാഹിമിന്റെ ആസ്ഥാനത്തെ നിങ്ങൾ നമസ്കാര സ്ഥലമായി സ്വീകരിക്കുകയെന്ന് നാം കല്പിക്കുകയും ചെയ്തിരിക്കുന്നു. ത്വവാഫ് (കഅ്ബയെ പ്രദക്ഷിണം) ചെയ്യുന്നവർക്കും ഭജനമിരിക്കുന്നവർക്കും ദുആഉം സുജ്ജുദും ചെയ്യുന്നവർക്കുമായി ആ ഭവനത്തെ നിങ്ങൾ ശുദ്ധമാക്കി വെക്കുക എന്ന് ഇബ്രാഹീമിന്നും ഇസ്മായീലിന്നും നാം ആജ്ഞ നൽകുകയും ചെയ്തു. (2:126)

"ഹജ്ജിനെക്കുറിച്ചു നിങ്ങൾ വിളംബരം ചെയ്യുക. കാൽനടയായും (യാത്രാക്ലേശം നിമിത്തം) മെലിഞ്ഞു വയറൊട്ടിയതും വിദൂരങ്ങളായ ഓരോ മാർഗ്ഗങ്ങളിൽ കൂടി വരുന്നതുമായ ഓരോ ഒട്ടകത്തിന്മേലും നിന്റെ അടുത്ത് അവർ വരും" (22:28)

വഴിയാത്രയ്ക്ക് സുഗമമായിരിക്കുകയും സൗകര്യമുണ്ടായിരിക്കുകയും ചെയ്യുന്ന ഓരോ മുസ്ലിമും പരിശുദ്ധ കഅ്ബത്തുല്ലായിൽ ചെന്നു ഒരു പ്രാവശ്യമെങ്കിലോ ഈ പുണ്യ കർമ്മം ചെയ്യേണമെന്ന് ഹദ്റത്ത് നബി കരിം (സ) കല്പിക്കുന്നു.

അതായത് സാമ്പത്തികമായും ശാരീരികമായും കഴിവുള്ള ഓരോ മുസ്ലിമും ഹജ്ജിലേക്കുള്ള യാത്ര സമാധാനം നിറഞ്ഞതാണെങ്കിൽ ഈ പുണ്യകർമ്മം ചെയ്യുവാൻ ബാധ്യസ്ഥനാണ്. ഈ പുണ്യകർമ്മം അതിമഹത്തായ ഒരു മഹൽ ത്യാഗത്തിന്റെ സ്മരണയെന്നോണം ചെയ്യപ്പെടുന്ന ഒന്നാണ്.

എന്തായിരുന്നു ആ മഹദ് ത്യാഗവുമായി ബന്ധപ്പെട്ട സംഭവം. ഇതു സംബന്ധിച്ചു വിശുദ്ധ ഖുർആൻ ഇപ്രകാരം പ്രസ്താവിക്കുന്നു: (ഹദ്റത്ത് ഇബ്രാഹിം പ്രാർത്ഥിച്ചു) എന്റെ നാഥാ നീ എനിക്ക് സദ് വൃത്തരിൽപ്പെട്ട സന്തതികളെ നൽകേണമേ! അപ്പോൾ സഹനശീലനായൊരു പുത്രനെക്കുറിച്ച് നാം അദ്ദേഹത്തിനു സുവിശേഷം നൽകി.

അങ്ങനെ അവൻ (ആ പുത്രൻ) അദ്ദേഹത്തിന്റെ കൂടെ പ്രാർത്ഥിക്കുന്ന പ്രായമെത്തിയപ്പോൾ അദ്ദേഹം പറഞ്ഞു. എന്റെ മകനേ! ഞാൻ നിന്നെ അറുക്കുന്നതായി സ്വപ്നത്തിൽ കാണുന്നു. അതുകൊണ്ടു എന്താണു നിന്റെ അഭിപ്രായമെന്നു വ്യക്തമാക്കുക. അപ്പോൾ അവൻ പറഞ്ഞു. എന്റെ പിതാവേ താങ്കളോടെന്താണ് ആജ്ഞാപിക്കപ്പെട്ടിരിക്കുന്നതു അതു പ്രാവർത്തികമാക്കുക. അല്ലാഹു ഉദ്ദേശിക്കുന്നതായാൽ ക്ഷമ കൈകൊള്ളുന്നവരിൽ പെട്ടവനായി താങ്കൾ ക്കെന്നെ കാണാവുന്നതാണ്. അങ്ങനെ അവരിരുവരും (ദൈവ കല്പനക്ക്) കീഴടങ്ങുകയും അദ്ദേഹം അവനെ ചെന്നിയിൽ ചരിച്ചു കിടത്തുകയും ചെയ്തു. അപ്പോൾ നാം അദ്ദേഹത്തെ വിളിച്ചു. ഓ! ഇബ്രാഹീം! തീർച്ചയായും നീ സ്വപ്നത്തെ സാക്ഷാൽക്കരിച്ചിരിക്കുന്നു എന്നു പറഞ്ഞു. തീർച്ചയായും ഇതു സ്പഷ്ടമായ ഒരു പരീക്ഷണമായിരുന്നു. (37:101-107) ഒരു പിതാവ് സ്വന്തം മകനെ അതും നിരന്തരമായ പ്രാർത്ഥനകളുടെ ഫലമായി ലഭിച്ച വാർദ്ധക്യത്തിൽ താങ്ങും തണലുമായിരിക്കേണ്ട മകനെ ഒരു സ്വപ്നത്തിന്റെ അടിസ്ഥാനത്തിൽ സ്വന്തം കൈകൾകൊണ്ട് അറുക്കുവാൻ സന്നദ്ധമാവുക. (മറുഭാഗത്ത് മകൻ യാതൊരെതിർപ്പും കാണിക്കാതെ ഒരു വിധത്തിലുള്ള ഒഴികഴിവും പറയാതെ തന്റെ പിതാവിന്റെ മുമ്പിൽ അറുക്കുവാൻ കഴുത്തുനീട്ടി കൊടുക്കുക. ത്യാഗത്തിന്റെ എന്തൊരു നിസ്തുല്യമായ സംഭവാണിത്.

ഇവിടെ അല്ലാഹു പറഞ്ഞത് ഹദ്റത്ത് ഇബ്രാഹിം താൻ കണ്ട സ്വപ്നം സാക്ഷാൽകരിച്ചുകൊണ്ട് പരീക്ഷണത്തിൽ ആദ്യം തന്നെ വിജയം പ്രാപിച്ചിരുന്നുവെന്നാണ്. എന്താണാ പരീക്ഷണം? അല്പം കൂടി വിശദീകരണം ആവശ്യമായ സംഭവമാണിത്.

ഹദ്റത്ത് ഇബ്രാഹിം (അ) കണ്ട പല ദർശനങ്ങളുടെയും അടിസ്ഥാനത്തിൽ തന്റെ ഭാര്യയെയും പിഞ്ചു പൈതലിനെയും ഇന്നു കഅ്ബാ സ്ഥിതി ചെയ്യുന്ന സ്ഥലത്ത് - വിജനമായ മണലാരണ്യത്തിൽ കൊണ്ടാക്കുകയുണ്ടായി. ദാഹാർത്തനായ തന്റെ മകൻ കാലിട്ടടിച്ചു കൊണ്ടിരിക്കുകന്ന കാഴ്ച കാണുവാൻ ശക്തിയില്ലാതിരുന്ന മാതാവ് പരിഭ്രാന്തചിത്തയായി അടുത്തുള്ള സഫാ മർവാ എന്നീ രണ്ടു മലകളിൽ കയറിയും ഇറങ്ങിയും കൊണ്ടിരിക്കുന്നു. എവിടുന്നെങ്കിലും ദൈവ സഹായം, ദാഹാർത്തനായ തന്റെ മകന്റെ ജീവൻ നിലനിറുത്തുവാൻ അല്പം തണ്ണീർ ലഭിക്കുമോ എന്നന്വേഷിച്ചു കൊണ്ടിരുന്നു. ഇതിനേക്കാൾ വലിയ ബലി വേറെന്താണുള്ളത്? ചുട്ടുപഴുത്ത മണലാരണ്യത്തിൽ കൊടും ചൂടുള്ള ചുറ്റുപാടിൽ കൂടെ കൊണ്ടുപോയിരുന്ന അല്പം വെള്ളവും ഈത്തപ്പഴവും അവസാനിച്ച സന്ദർഭത്തിൽ സ്വന്തം പിഞ്ചുപൈതൽ ദാഹിച്ചു വലഞ്ഞു പിടക്കുന്ന കാഴ്ച ഏതൊരു മാതാവിനാണ് കണ്ടു സഹിക്കുവാൻ സാധിക്കുക? ആ അവസരത്തിൽ ഹദ്റത്ത് ഹാജറ ഒരു മലക്കിന്റെ ശബ്ദം കേൾക്കുകയും പരിഭ്രമിച്ചു തന്റെ മകന്റെ അടുത്ത് ഓടിച്ചെന്നു നോക്കുകയും ചെയ്തപ്പോൾ മകൻ കാലിട്ടടിച്ചു കൊണ്ടിരുന്ന സ്ഥലത്ത് ഒരു നീരുറവ് പൊട്ടി വിടരുന്നതു കാണുവാൻ സാധിച്ചു. ഈ സംഭവത്തെക്കുറിച്ചാണിവിടെ അല്ലാഹു ഓ ഇബ്രാഹീം നീ കണ്ട സ്വപ്നം നീ ആദ്യം തന്നെ സാക്ഷാൽക്കരിക്കുകയുണ്ടായല്ലോ എന്നു പറഞ്ഞത്.

അങ്ങനെ ഒരു പിതാവും മാതാവും മകനും ചെയ്ത നിസ്തുല്യവും നിരൂപമവും ആയ ഒരു മഹൽ ത്യാഗത്തെ അനുസ്മരിക്കുവാനും ആ ത്യാഗമനോഭാവം ഓരോ മുസ്ലിം സ്ത്രീയും പുരുഷനും ബാലകനും ഉൾക്കൊള്ളണമെന്ന പാഠം അയവിറക്കുവാനും ആയിട്ടാണു ഈ പുണ്യകർമ്മം ഓരോ വർഷവും മുസ്ലിംകൾ അനുഷ്ഠിക്കുന്നത്.

ഹദ്റത്ത് ഇബ്രാഹിം (അ) സ്വീകരിച്ച ദൈവത്തോടുള്ള സ്നേഹവും അനുരക്തിയും അനുസ്മരിച്ചുകൊണ്ട് ആ ദിവ്യ പ്രേമത്തിന്റെ ഒരു മാതൃകയും പ്രതീകവും ആയി അനുഷ്ഠിക്കപ്പെടുന്നതാണീ ഹജ്ജ് കർമ്മം. ഒരു പ്രേമി തന്റെ കമിതാവിനോടുള്ള സ്നേഹ പ്രകടനത്തിനായും ആ പ്രേമഭാജനത്തെ തൃപ്തിപ്പെടുത്തുന്നതിനായും രാപ്പകൽ ഉന്മാദചിത്തനന്നോണം യത്നിക്കുന്നു. അയാൾ തന്റെ പ്രേമഭാജനത്തിന്റെ ഭവനത്തെ വലയം ചെയ്തു കൊണ്ടിരിക്കുന്നു. ആ പ്രേമിയുമായി ബന്ധപ്പെട്ട വസ്തുക്കളോട് അകൈതവമായ സ്നേഹബന്ധം കാണിക്കുകയും ചുംബനമർപ്പിക്കുകയും ചെയ്യുന്നു. തന്റെ പ്രേമഭാജനം തന്നെയും സ്നേഹിക്കണം, തന്നോടു സംതൃപ്തിയുണ്ടായിരിക്കണം എന്ന ഉദ്ദേശ്യത്തോടെ സർവ്വവിധ ത്യാഗങ്ങൾക്കും സന്നദ്ധത പ്രകടിപ്പിക്കുന്നു. അതേ പ്രകാരം ഒരു സത്യവിശ്വാസി തന്റെ സ്രഷ്ടാവും പരിപാലകനും സംരക്ഷകനുമായ ആയ അല്ലാഹുവിന്റെ സ്നേഹവും പ്രേമവും അനുകമ്പയും ലഭിക്കുന്നതിനുവേണ്ടി ഹജ്ജുമായി ബന്ധപ്പെട്ട പുണ്യകർമ്മങ്ങൾ നിർവഹിക്കുന്നു. രണ്ടു വെള്ളത്തുണികൾ കൊണ്ടു ശരീരത്തെ ആവരണം ചെയ്തുകൊണ്ട് ഉന്മാദ ചിത്തനായി ലബ്ബൈക്കല്ലാഹുമ്മലബ്ബൈക്ക അല്ലാഹുവേ തന്റെ വിളിക്കു ഉത്തരം നൽകുവാൻ ഞാനിതാ വീണ്ടും വീണ്ടും തയ്യാറായിരിക്കുന്നു എന്നു പറഞ്ഞുകൊണ്ട് അല്ലാഹുവിന്റെ സന്നിധാനത്തിന്റെ പ്രതീകമായ കഅ്ബത്തുല്ലായെ പ്രദക്ഷിണം ചെയ്യുകയും ഹദ്റത്ത് ഹജറായെ അനുകരിച്ച് സഫാ മർവാ എന്നി പർവ്വതങ്ങൾക്കിടയിൽ ഓടിക്കൊണ്ടിരിക്കുകയും ചെയ്യുന്നു.

ഈ പ്രേമപ്രകടനത്തെക്കുറിച്ച് ഹദ്റത്ത് വാഗ്ദത്ത മഹ്ദി മസീഹ് (അ) അരുൾ ചെയ്യുന്നു.

പ്രേമാതിരേകത്താൽ ഒരു മനുഷ്യാത്മാവ് സദാസമയവും തന്റെ പ്രേമഭാജനത്തിന്റെ ചുറ്റും വലയം വെക്കുകയും ആ കമിതാവിന്റെ സവിധത്തിൽ ചുംബനമർപ്പിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു. അതേ പ്രകാരം കഅ്ബത്തുല്ലാഹ് ഒരു യഥാർത്ഥ പ്രേമിയുടെ സ്നേഹപ്രകടനത്തിനുള്ള ഒരു പ്രതീകമാണ്. അല്ലാഹു അരുൾ ചെയ്യുന്നു. നോക്കുക. ഇതെന്റെ ഭവനമാകുന്നു. ഹജ്റെ അസ്വദു എന്റെ ആസ്ഥാനത്തിലെ കല്ലാണ്. മനുഷ്യൻ ശാരീരികമായ രീതിയിൽ തന്റെ പ്രേമാവേശവും സ്നേഹവും അതിനോടു പ്രകടിപ്പിക്കുന്നതിനായിട്ടാണ് അപ്രകാരം അരുൾ ചെയ്തിരിക്കുന്നത്. തങ്ങൾ ദൈവസ്നേഹത്തിലും അവനോടുള്ള അനുരക്തിയിലും ഉന്മാദരെപ്പോലെയായിരിക്കുന്നുവെന്നു പ്രകടിപ്പിക്കുവാനാണ് ഹജ്ജ് ചെയ്യുന്നവർ കഅ്ബത്തുല്ലാക്ക് ചുറ്റും പ്രത്യക്ഷത്തിൽ വലയം ചെയ്തു കൊണ്ടിരിക്കുന്നതു. തദവസരത്തിൽ വേഷവിധാനങ്ങൾ ഉപേക്ഷിക്കുകയും തലമുണ്ഡനം ചെയ്യുകയും ഉന്മാദരൂപം കൈക്കൊണ്ട് അതിനുചുറ്റും പ്രേമവിവശരെപ്പോലെ വലയം ചെയ്യുകയും ഹജ്റെ അസ്വദിനെ ദൈവസവിധത്തിലെ കല്ലായി സങ്കല്പിച്ചുകൊണ്ട് ചുംബിക്കുകയും ചെയ്യുന്നു. ശാരീരികമായ ഈ ആവേശവും വികാരവും ആത്മീയമായ ഉഷ്ണവും സ്നേഹവും സംജാതമാക്കുന്നു. ശരീരം അതിന് ചുറ്റും വലയം വെക്കുകയും ആ കല്ലിനെ ചുംബിക്കുകയും ചെയ്യുമ്പോൾ ആത്മാവ് തന്റെ യഥാർത്ഥ കമിതാവിനെ വലയം വെക്കുകയും അവന്റെ തിരുസന്നിധിയിൽ ചുംബനമർപ്പിക്കുകയും ചെയ്യുന്നു. ഇതിൽ ഒരു വിധത്തിലുള്ള ശിർക്കുമില്ല തന്നെ. ഒരു സുഹൃത്ത് തന്റെ ആത്മ സുഹൃത്തിന്റെ കത്ത് ലഭിച്ചാൽ സ്നേഹവായ്പോടെ അതിനെ ചുംബിക്കുന്നതുപോലെയാണിത്. ഒരു മുസ്ലിമും കഅ്ബത്തുല്ലായെ ആരാധിക്കുകയോ ഹജ്റെ അസ്വദിനോടു തന്റെ ആവശ്യനിവർത്തിക്കായി പ്രാർത്ഥിക്കുകയോ ചെയ്യുന്നില്ല. ഇവയൊക്കെ ദൈവസ്നേഹത്തിന്റെ മാതൃകയും പ്രതീകവും ആണെന്നു മാത്രമേ കരുതുന്നുള്ളൂ. നാം നമസ്കാരവേളയിൽ ഭൂമിയിൽ സുജൂദു ചെയ്യുന്നു. എന്നാൽ ആ സുജൂദ് ഭൂമിക്ക് വേണ്ടിയുള്ളതല്ല. അതേപ്രകാരം നാം ഹജ്റെ അസ്വദിനെയും ചുംബിക്കുന്നു. എന്നാൽ ആ ചുംബനം ആ കല്ലിനു വേണ്ടിയുള്ളതല്ല. കല്ലു കല്ലു തന്നെയാണ്. അത് ആർ ക്കും ഉപകാരമോ നഷ്ടമോ നൽകുന്നില്ല. (ചശ്മയെ മഅ്രിഫത്ത്)

ഹദ്റത്ത് വാഗ്ദത്ത മസീഹ് (അ) മറ്റൊരു സ്ഥലത്ത് അരുൾ ചെയ്യുന്നു:

ദൈവാരാധനക്ക് രണ്ടു ഭാഗങ്ങളാണുള്ളത്. ഒന്നു മനുഷ്യൻ അല്ലാഹുവിനെ ഭയപ്പെടേണ്ട രീതിയിൽ ഭയപ്പെടുക. ദൈവഭയം മനുഷ്യനെ പരിശുദ്ധിയുടെ പവിത്ര ജലത്തിലേക്ക് കൊണ്ടു ചെല്ലുന്നു. അവന്റെ ഹൃദയം മൃദുലമായി ദൈവത്വത്തിലേക്ക് (ഉലൂഹിയത്തിലേക്ക്) ഒഴുകുകയും ദാസത്വത്തിന്റെ (ഉബൂദിയത്തിന്റെ) യഥാർത്ഥ നിറം അവനിൽ സംജാതമാവുകയും ചെയ്യുന്നു.

ദൈവാരാധനയുടെ രണ്ടാമത്തെ ഭാഗം മനുഷ്യൻ ദൈവത്തെ സ്നേഹിക്കേണ്ടുന്ന രീതിയിൽ സ്നേഹിക്കുകയാണ്. അതുകൊണ്ടാണ് അല്ലാഹു സത്യവിശ്വാസികൾ അല്ലാഹുവിനോട് ഏറ്റവും അധികം സ്നേഹമുള്ളവരാണ് (2:166) എന്നു അരുൾ ചെയ്തിരിക്കുന്നത്. ഭൗതികമായ എല്ലാവിധ സ്നേഹങ്ങളും നശ്വരവും താല്ക്കാലികവും ആണെന്നും യഥാർത്ഥത്തിലുള്ള പ്രേമഭാജനം അല്ലാഹു ഒരുവൻ മാത്രമാണെന്നും അവർ വിശ്വസിക്കുന്നു. ഈ രണ്ട് വിധത്തിലുള്ള അവകാശങ്ങളാണ് തന്നെ സംബന്ധിച്ചേടത്തോളം അല്ലാഹു മനുഷ്യനോടാവശ്യപ്പെടുന്നത്. ഈ രണ്ടു വിധത്തിലുള്ള അവകാശങ്ങളും എല്ലാ ദൈവാരാധനകളിലും ഉൾക്കൊള്ളുന്നുവെങ്കിലും ഇസ്ലാം ദൈവാരാധനയുടെ രണ്ടു രൂപങ്ങൾ അവന്നായി നിർണ്ണയിച്ചിരിക്കുകയാണ്.

ഭയവും സ്നേഹവും പ്രത്യക്ഷത്തിൽ ഒന്നായിച്ചേരുന്നത് അസാധ്യമാണ്. അതായത് ഒരാൾ ആരെ ഭയപ്പെടുന്നുവോ അയാളെ എങ്ങനെ സ്നേഹിക്കുവാൻ സാധിക്കും? എന്നാൽ ദൈവ ഭയവും ദൈവസ്നേഹവും പ്രത്യേക നിറം ഉൾക്കൊള്ളുന്നവയാണ്. എത്ര കണ്ടു മനുഷ്യൻ ദൈവഭയത്തിൽ പുരോഗതി പ്രാപിക്കുന്നുവോ അത്ര കണ്ട് അവനിൽ ദൈവഭയമുണ്ടായി തെറ്റു കുറ്റങ്ങളെയും പാപകൃത്യങ്ങളെയും വെറുത്തുകൊണ്ട് അവനെ പരിശുദ്ധിയിലേക്കു ആനയിക്കുന്നു. ഇസ്ലാം ഈ രണ്ടുവിധത്തിലുള്ള അവകാശങ്ങളെയും പൂർത്തീകരിക്കുന്നതിനായി ദൈവഭയം ഉൾക്കൊള്ളുന്ന നമസ്കാരവും ദൈവസ്നേഹപ്രകടനത്തിനായി ഹജ്ജും നിശ്ചയിച്ചിരിക്കുന്നു. ദൈവഭയത്തിന്റെ എല്ലാ അംശങ്ങളും നമസ്കാരത്തിന്റെ വിവിധ ഘട്ടങ്ങളിൽ പ്രതിഫലിക്കുന്നു. എല്ലാ വിധത്തിലുള്ള വിനയവും ദാസത്വവും അതിൽ അടങ്ങിയിരിക്കുന്നു. അതേപ്രകാരം ഹജ്ജ് കർമ്മത്തിൽ ദൈവസ്നേഹത്തിന്റെ എല്ലാ അംശങ്ങളും കാണപ്പെടുന്നു. ചിലപ്പോൾ സ്നേഹാതിരേകത്താൽ ശരിയായ രീതിയിൽ വസ്ത്രധാരണത്തിന്റെ ആവശ്യം തന്നെ തോന്നുന്നില്ല. അനുരക്തിയും ഒരു വിധത്തിലുള്ള ഉന്മാദ ഭാവമാണ്. ....... ഈ മാതൃക സ്നേഹത്തിന്റെ അതിരു കടന്ന അവസ്ഥയാണ്. ഈ അവസ്ഥ ഹജ്ജ് കർമ്മത്തിൽ കാണപ്പെടുന്നു.

തലമുണ്ഡനം ചെയ്യപ്പെടുന്നു. ഓടുകയും വലയം വെക്കുകയും ചെയ്യുന്നു. സ്നേഹപ്രകടനമെന്നോണം ചുംബനമർപ്പിക്കുന്നു. ഇപ്രകാരം ദൈവത്തിന്റെ എല്ലാ ന്യായ പ്രമാണങ്ങളിലും ചിത്രഭാഷ കാണപ്പെടുന്നു. അതേപ്രകാരം ത്യാഗത്തിലും അനുരക്തിയുടെ പരിപൂർണ്ണത കാണിക്കുന്നു. അങ്ങനെ ഇസ്‌ലാം പുർണ്ണമായ നിലയിൽ അവകാശങ്ങളുടെ സംരക്ഷണത്തിനുള്ള അദ്ധ്യാപനം നൽകുന്നു. (മൽഫൂസാത്ത് വാള്യം 3 പേജ് 299, 300)

വിശുദ്ധ ഖുർആൻ നിർദ്ദേശിക്കുന്ന ഓരോ കല്പനയും ഓരോ ആരാധനാക്രമവും മഹത്തായ തത്വത്തിലധിഷ്ഠിതമാണ്. നമസ്കാരാനുഷ്ഠാനത്തിന്റെ തത്വം അതു മനുഷ്യനെ എല്ലാവിധത്തിലുള്ള നാണംകെട്ടതും നിഷിദ്ധവുമായ കാര്യങ്ങളിൽ നിന്നും അകറ്റി നിറുത്തുന്നു എന്നും വ്രതാനുഷ്ഠാനത്തിന്റെ തത്വം അതു മനുഷ്യനെ സൂക്ഷ്മതയും ഭയഭക്തിയും ഉള്ളവനാക്കിത്തീർക്കുന്നുവെന്നും സക്കാത്ത് സമ്പത്തിനെ പവിത്രമാക്കുന്നുവെന്നും വിശുദ്ധഖുർആൻ നിർദ്ദേശിക്കുന്നു. അതേപ്രകാരം ഹജ്ജിന്റെ തത്വം വിശുദ്ധഖുർആൻ ഇപ്രകാരം പ്രസ്താവിക്കുന്നു.

അല്ലാഹു കഅബയാകുന്ന ആദരണീയ ഭവനത്തെ മനുഷ്യരുടെ ശാശ്വത പുരോഗതിക്കും നന്മക്കുമുള്ള മാർഗ്ഗമാക്കിയിരിക്കുന്നു." (5:98)

ഓരോ സമുദായത്തിനും നാം ദൈവാരാധനക്കുള്ള ഓരോ കേന്ദ്രം നിശ്ചയമായിട്ടുണ്ട്. (22:35)

സമസ്ത മനുഷ്യർക്കും വേണ്ടി സ്ഥാപിക്കപ്പെട്ട പ്രഥമ ഭവനം മക്കയിലുള്ളതു തന്നെയാണ്. അതു അനുഗൃഹീതവും സർവ്വലോകർക്കുമുള്ള മാർഗ്ഗദർശക കേന്ദ്രവും ആകുന്നു. അതിൽ പ്രത്യക്ഷമായ ദൃഷ്ടാന്തങ്ങളുണ്ട്. ഇബ്രാഹിമിന്റെ മഖാമാണത്. അതിൽ പ്രവേശിക്കുന്ന ആൾ നിർഭയനായിത്തീരുന്നു. അതിലേക്ക് പോകാൻ കഴിവുള്ള എല്ലാ മനുഷ്യർക്കും പ്രസ്തുത ഭവനത്തിൽ ചെന്ന് ഹജ്ജ് നിർവഹിക്കേണ്ടത് അല്ലാഹുവിനോടുള്ള കടമയാണ്. (3:97, 98), ഹജ്ജിനായി അയക്കപ്പെട്ട ആ മാസങ്ങളിൽ ആരെങ്കിലും ഹജ്ജ് നിർവഹിക്കുമെന്നു ഉറച്ചു കഴിഞ്ഞാൽ പ്രേമ സല്ലാപമോ അതിക്രമമോ ദുർവിവാദമോ ഹജ്ജിൽ പാടുള്ളതല്ല. (2:198)

പ്രസ്തുത ആയത്തുകളിൽ നിന്നെല്ലാം മനസ്സിലാവുന്നത് ഹജ്ജിന്റെ പരമമായ ഉദ്ദേശ്യം ഒരേ കേന്ദ്രത്തിൽ ഒരേ നേതാവിന്റെ കീഴിൽ മുസ്‌ലിംകളെല്ലാവരും സുസംഘടിതമായി ഒന്നായിച്ചേരുക എന്നതാണ്. അതെ - മുസ്‌ലിം സമുദായത്തിന്റെ ആഗോള സാഹോദര്യത്തിന്റെയും ഐക്യതയുടെയും ചൈതന്യമാണ് പ്രതീകമാണ് ഹജ്ജ് കർമ്മം. ഈ സാർവ്വ ലൗകിക സാഹോദര്യത്തിന്റെ അച്ചുതണ്ടാണ് കഅ്ബത്തുല്ല. അതുകൊണ്ടാണ് ഹജ്ജിന്റെ പ്രത്യേക തീയതികളിൽ ലോകത്തിന്റെ നാനാഭാഗങ്ങളിലും എല്ലാ രാഷ്ട്രങ്ങളിൽ നിന്നും മുസ്‌ലിംകൾ ഒരുമിച്ചു കൂടുന്നത്. ഇത് മുസ്‌ലിംകളുടെ സുശക്തമായ സംഘടനാ ബോധത്തെ വിളിച്ചോതുന്ന മഹത്തായൊരു പ്രക്രിയയാകുന്നു.

പരിശുദ്ധ ഹജ്ജ് കർമ്മം ലോകത്തിനു നൽകുന്ന മറ്റൊരു മഹത്തായ പാഠം പരസ്പരമുള്ള വിദ്വേഷവും വൈരാഗ്യവും സ്പർദ്ധയും നീക്കി സമത്വ സുന്ദരവും സമാധാന സമ്പൂർണ്ണവും ആയ ഒരന്തരീക്ഷം കെട്ടിപ്പടുക്കുകയാണ്. പണക്കാരനെന്നോ പാവപ്പെട്ടവനെന്നോ പണ്ഡിതനെന്നോ പാമരനെന്നോ ഭരണാധികാരിയോ ഭരണീയനെന്നോ ഉള്ള ഒരു വിധത്തിലുള്ള വിഭിന്നതയും വിഭാഗീയതയും ഇല്ലാതെ ഒരേ വിധത്തിലുള്ള രണ്ടു ചാദറുകൾ മാത്രം ആവരണം ചെയ്തു ദൈവസന്നിധിയിൽ സന്നിഹിതരാകുന്നു.

ഇതിനെക്കുറിച്ച് സുപ്രസിദ്ധ പൗരസ്ത്യ കവി അല്ലാമാ ഇഖ്ബാൽ പറയുന്നു.

"മഹ്മൂദും അയാസും (ഭരണകർത്താവും ഭരണീയനും) ഒരേ അണിയിൽ നിൽക്കുകയാണ്. അവിടെ ഒരടിമയും ഇല്ല, ഒരു യജമാനനും ഇല്ല. അവിടെ അടിമയും യജമാനനും ആശ്രിതനും സമ്പന്നനും ഒന്നായിനിൽക്കുന്നു. നിന്റെ തിരുസന്നിധിയിൽ എത്തിയാൽ എല്ലാവരും ഒന്നാണ്.

എന്നാൽ ഹജ്ജ് എന്ന പുണ്യ കർമ്മം മുഖേന മേലെ വിവരിക്കപ്പെട്ട മഹത്തായ ഉദ്ദേശ്യ ലക്ഷ്യം ഇപ്പോൾ പ്രാപ്യമാണോ. ഹജ്ജുമായ ബന്ധപ്പെട്ട കർമ്മങ്ങൾ മുഖേന മനുഷ്യ ഹൃദയങ്ങളിൽ ഒരാത്മീയ പരിവർത്തനം സംജാതമായതായി കാണപ്പെടുന്നുണ്ടോ? എന്നാൽ പരിതാപമെന്നു പറയട്ടെ നമുക്കു നിരാശയും വേദനയും അല്ലാതെ മറ്റൊന്നും തന്നെ അനുഭവപ്പെടുന്നില്ല എന്നത് ഒരു സത്യം മാത്രമാണ്.

ഇത് സംബന്ധിച്ച് ഹദ്റത്ത് മഹ്ദീ മസീഹ് (അ) അരുൾ ചെയ്യുന്നു.

"ചിലർ ഹജ്ജിനു പോകുന്നു. അപ്പോൾ അവരുടെ ഹൃദയത്തിൽ വളരെയധികം ആവേശവും ആത്മാർത്ഥതയും കാണപ്പെടുന്നു. എന്നാൽ ഏതൊരാവേശത്തോടും ഉത്സാഹത്തോടെയുമാണോ പോകുന്നത് ആ ആവേശവും ആത്മാർത്ഥതയും അവർ തിരിച്ചുവരുമ്പോൾ പൊതുവിൽ കാണപ്പെടുന്നില്ല. മറിച്ചു തിരിച്ചു വരുമ്പോൾ പലപ്പോഴും പഴയ അവസ്ഥയെക്കാൾ മോശപ്പെട്ടതായി കാണപ്പെടുന്നു. തിരിച്ചുവന്നാൽ അവരുടെ സ്വഭാവഗുണങ്ങളിൽ വ്യക്തമായ ഒരു പരിവർത്തനം ഉണ്ടാകുന്നില്ലെന്നു മാത്രമല്ല, തികച്ചും വിപരീതമായ ഒരു മാറ്റമാണ് കാണപ്പെടുന്നത്. അവർ പോകുന്നതിനു മുമ്പെ കരുതിയിരുന്നത്. കഅ്ബത്തുല്ലാ

യിൽ മഹത്തായ ആത്മീയ പ്രകാശത്തിന്റെ പ്രഭ ഉണ്ടാകുമെന്നാണ്. അവിടെ നിന്ന് ആത്മീയ പ്രകാശങ്ങളും അനുഗ്രഹങ്ങളും പൊട്ടിപ്പുറപ്പെടുകയും അവിടെ മലക്കുകളുടെ നടമാട്ടം ഉണ്ടാവുകയും ചെയ്യുന്നുണ്ടാകുമെന്നായിരുന്നു. എന്നാൽ അവരെന്താണ് കാണുന്നത്? തങ്ങളുടെ ഹൃദയങ്ങളിലുള്ള കഅ്ബത്തുല്ലായുടെ സങ്കല്പത്തിനു വിപരീതമായി വെറും ഒരു സാധാരണ കെട്ടിടമായിട്ടാണ് അവർക്ക് കാണുവാൻ സാധിച്ചത്. അതിനു ചുറ്റും താമസിക്കുന്നവരിൽ ചിലർ കുറ്റകൃത്യം ചെയ്യുന്നവരും ബഹളവും കലാപവും ഉണ്ടാക്കുന്നവരും ദുഷിച്ച സ്വഭാവ പ്രകൃതിയുള്ളവരും ആയിട്ടാണവർ കാണുന്നത്. (മൽഫൂസാത്ത് വാ. 8 പേജ് 73)

നാമമാത്ര ജമാഅത്തെ ഇസ്‌ലാമായിയുടെ സ്ഥാപകരായ മൗലാനാ ബുൽഅഅ്‌ലാ മൗദൂദി സാഹിബ് പല വർഷങ്ങൾക്കു മുമ്പുതന്നെ ഈ അവസ്ഥയെക്കുറിച്ച് വെളിച്ചം വീശിയിരുന്നു.

അദ്ദേഹം ഇന്നത്തെ ഹറമെ ശരീഫിന്റെ അവസ്ഥയെ ക്കുറിച്ച് ഇപ്രകാരം പറയുകയുണ്ടായി:

ഹജ്ജിന്റെ പൂർണ്ണമായ പ്രയോജനം കരഗതമാകുന്നതിനു ഇസ്‌ലാമിക കേന്ദ്രമായ അവിടെ ആഗോള ശക്തിയെ പ്രാവർത്തികമാക്കുന്ന ഒരു സുശക്തമായ കരവും ഓരോ വർഷവും മുഴുലോകത്തിന്റെയും ശരീരത്തിനു പവിത്രമായ രക്തോട്ടം ഉണ്ടാക്കുന്ന ഹൃദയവും ആയിരക്കണക്കിലും ലക്ഷക്കണക്കിലും ഉള്ള തീർത്ഥാടകർ മൂലം ലോകം മുഴുവനും ഇസ്‌ലാമിന്റെ സന്ദേശം പ്രകടിപ്പിക്കുന്ന ഒരു മസ്തിഷ്കവും ഉണ്ടായിരിക്കേണ്ടത് അത്യാവശ്യമാണ്. ഒന്നുമില്ലെങ്കിൽ അവിടെ യഥാർത്ഥ ഇസ്‌ലാമിക ജീവിതത്തിന്റെ പരിപൂർണ്ണ മാതൃകയെങ്കിലും ഉണ്ടായിരുന്നെങ്കിൽ...... ഓരോ വർഷവും ലോകത്തുള്ള മുസ്‌ലിംകൾ അവിടെ നിന്ന് യഥാർത്ഥ ആത്മീയതയുടെ പുതിയ പാഠം ഉൾക്കൊണ്ടു തിരിച്ചുപോകാൻ സാധിച്ചിരുന്നുവെങ്കിൽ...! എന്നാൽ പരിതാപമെന്നു പറയട്ടെ, അവിടെ ഒന്നും തന്നെയില്ല. സുദീർഘകാലമായി അറേബ്യയിൽ അജ്ഞതയാണ് പരിപാലിക്കപ്പെടുന്നത്. കഴിവില്ലാത്ത ഭരണകർത്താക്കൾ തങ്ങളുടെ ആത്മീയ കേന്ദ്രത്തിൽ വസിക്കുന്നവരെ പുരോഗതിയിലേക്കെത്തിക്കുന്നതിനു പകരം നൂറ്റാണ്ടുകളിലേക്ക് പിന്തള്ളുവാൻ ശ്രമിക്കുകയാണ് ചെയ്യുന്നത്. അവർ അറേബ്യൻ ജനതയെ അറിവ്, ധാർമ്മികത, സംസ്ക്കാരം എന്നീ തുറകളിലെല്ലാം അധ:പതന ഗർത്തത്തിൽ ആ പതിപ്പിക്കുകയാണു ചെയ്യുന്നത്. അതിന്റെ ഫലമായി ഏതൊരു പുണ്യസ്ഥലത്തുനിന്നാണോ ഇസ്‌ലാമിന്റെ പ്രഭാകിരണം പൊട്ടിപ്പുറപ്പെട്ടു മുഴുലോകത്തും വ്യാപിച്ചിരുന്നത് ഇന്നു അവിടെ ഇസ്‌ലാമിന്റെ ആവിർഭാവത്തിനു മുമ്പുള്ള അജ്ഞതയിലെത്തിച്ചിരിക്കുകയാണ്. ഇപ്പോൾ അവിടെ ഇസ്‌ലാമിന്റെ അദ്ധ്യാപനമോ ഇസ്‌ലാമിക ധാർമ്മിക ഗുണമോ, ഇസ്‌ലാമിക ജീവിതമോ, ഇല്ല തന്നെ. ആഴമേറിയ വിശ്വാസത്തോടുകൂടി പരിശുദ്ധ ഹറമിലേക്ക് യാത്ര ചെയ്യുന്നു. എന്നാൽ ഇവിടെ എത്തിയാൽ നാനാഭാഗങ്ങളിലും അവർക്ക് അജ്ഞതയും അത്യാർത്തിയും നിർലജ്ജതയും ഭൗതികാസക്തിയും ദുസ്വഭാവങ്ങളും പൊതുവിൽ ജനങ്ങളിൽ അധപതനവും ആണു കാണുവാൻ സാധിക്കുന്നത്. അങ്ങനെ അവർക്ക് തങ്ങളുടെ പ്രതീക്ഷകളുടെ സങ്കല്പം പൊട്ടിച്ചിതറുന്നതായിട്ടവർ കാണുന്നത്. ധാരാളം ആളുകൾ ഹജ്ജ് ചെയ്തു തങ്ങളുടെ വിശ്വാസത്തെ സുദൃഢമാക്കുന്നതിനു പകരം അതിനെ നശിപ്പിക്കുകയാണു ചെയ്യുന്നത്. ഹദ്റത്ത് ഇബ്റാഹിം നബിക്കും ഹദ്റത്ത് ഇസ്മായീൽ നബിക്കും ശേഷം അജ്ഞതയുടെ കാലഘട്ടത്തിൽ കഅ്ബത്തുല്ലായിൽ ആധിപത്യം നടത്തിയിരുന്നതും ഹദ്റത്ത് റസൂൽ തിരുമേനി (സ) അവസാനിപ്പിച്ചിരുന്നതുമായ പൗരോഹിത്യം വീണ്ടും അവിടെ നടമാടുകയാണ്. ഇന്നു പരിശുദ്ധ കഅ്ബയുടെ ഹറമിൽ ഈ പുരോഹിതന്മാരുടെ ആധിപത്യമാണ്..... ബനാറസിലേയും ഹരിദ്വാറിലെയും പണ്ഡിറ്റുമാരെപ്പോലെയുള്ള അവസ്ഥയാണ് ഈ മതത്തിന്റെ നാമമാത്രമായ സേവകന്മാരും കേന്ദ്രാരാധനാലയത്തിലെ അന്തേവാസികളും സ്വീകരിച്ചിരിക്കുന്നത്. എന്നാൽ ഹദ്റത്ത് നബി തിരുമേനി (സ) ഈ സന്യാസത്തിന്റെയും പൗരോഹിത്യത്തിന്റെയും വേരറുത്തിരുന്നു.(ജങ്ക് ദിനപത്രം കറാച്ചി 2.4.1966)

ഒരാഗോള കേന്ദ്രവും സാർവ്വ ലൗകികനേതൃത്വവും ഇസ്‌ലാമിക ലോകത്തിന് ഇല്ലാത്തതിന്റെ ന്യൂനത യാണിവിടെ മൗലാനാ മൗദൂദി സാഹിബിന്റെ പ്രസ്താവനയിൽ പ്രകടമായിരിക്കുന്നത്. ഈ കാലത്ത് ഒരാഗോള നേതൃത്വത്തിനു മാത്രമേ അതെ - വിശുദ്ധ ഖുർആനും ഹദ്റത്ത് നബി കരീം (സ) തിരുമേനിയും പ്രവചിച്ച ഖിലാഫത്ത് അലാമിൻ ഹാജിന്നുബുവ്വത്തിനു മാത്രമേ ചിന്നിച്ചിതറിക്കിടക്കുന്ന മുസ്‌ലിം സമുദായത്തെ ഹബ്ലുല്ലാഹ് എന്ന ദൈവിക പാശത്തിൽ കോർത്തിണക്കുവാൻ സാധിക്കുകയുള്ളൂ . അതു ഇന്ന് 200 രാഷ്ട്രങ്ങളിൽ ആത്മീയച്ചരടിൽ കോർത്തിണക്കിയിരിക്കുന്ന അഹ്മദിയ്യാ ഖിലാഫത്തിൽ മാത്രമെ കാണപ്പെടുന്നുള്ളൂ." ■

## ദന്തശുദ്ധി

എന്റെ അനുയായികൾക്ക് വിഷമം നേരിടുമെന്ന് ഞാൻ ഭയന്നിരുന്നില്ലെങ്കിൽ എല്ലാ നമസ്കാരത്തോടൊപ്പവും ദന്തശുദ്ധി വരുത്തുവാൻ അവരോട് ഞാൻ കല്പിക്കുമായിരുന്നു. (ബുഖാരി)

ലേഖനം

# ഹദ്റത്ത് അബൂബക്കർ (റ) വിശുദ്ധഖുർആനിൽ

ഡോ. എസ്.എം.ഷഹാബ് അഹ്മദ്

## ഹദ്റത്ത് അബൂബക്കറിനെ (റ) സംബന്ധിച്ച് വിശുദ്ധ ഖുർആനിലുള്ള പരാമർശങ്ങളെ പറ്റി

ഹദ്റത്ത് അബൂബക്കറി(റ)ന്റെ പ്രബോധന പ്രവർത്തനങ്ങൾ വൻവിജയത്തിൽ കലാശിക്കുകയാണുണ്ടായത്. ധാരാളം വിശിഷ്ട വ്യക്തികൾ അദ്ദേഹം മുഖേന ഇസ്ലാം മതത്തിൽ പ്രവേശിക്കുകയുണ്ടായി. അവരിൽ പ്രധാനികൾ ഹദ്റത്ത് ഉസ്മാൻ (റ) ഹദ്റത്ത് അബ്ദുറഹ്മാനുബ്നു സഅദ്ബ്നു അബീ വഖാസ് സുബൈറുബ്നു ഔഫ് (റ) അൽ അവ്വാം (റ) ത്വൽഹാബിൻ ഒബൈദുല്ലാഹ്(റ) ഇവരെല്ലാം തന്നെ റസൂൽ തിരുമേനി (സ) യുമായി വളരെ അടുത്തബന്ധം സ്ഥാപിച്ചവരും സ്വർഗ്ഗം വാഗ്ദാനം ചെയ്യപ്പെട്ട പത്ത് പേരിൽ പെട്ടവരുമായിരുന്നു. അബൂബക്കറും (റ) സ്വർഗ്ഗത്തെ സംബന്ധിച്ച് സുവിശേഷമറിയിക്കപ്പെട്ട അതിവിശിഷ്ട വ്യക്തിയായിരുന്നു.

താഴെ എഴുതിയ ഖുർആനിലെ വചനം ഹിജ്റ മൂന്നോ നാലോ വർഷത്തിൽ ഇറങ്ങിയതാവാനാണ് സാധ്യത. ഈ വചനം ഹദ്റത്ത് അബൂബക്കറി (റ) നെ സംബന്ധിച്ചുള്ളതാണ്.

'അല്ലാഹൂവിലും അന്ത്യനാളിലും വിശ്വസിക്കുന്ന ഒരു കൂട്ടർ അല്ലാഹുവിനേയും അവന്റെ ദൂതനേയും എതിർക്കുന്നവരുമായി സൗഹൃദം പുലർത്തുന്നത് നീ ഒരിക്കലും കാണുകയില്ല. അവർ(അല്ലാഹുവിനേയും അവന്റെ ദൂതനേയും എതിർക്കുന്നവർ) സ്വപിതാക്കളോ സ്വസന്താനങ്ങളോ സ്വസഹോദരങ്ങളോ സ്വകുടുംബബന്ധുക്കളോ ആരായാലും ശരി അവിശ്വാസികൾ അവരുമായി സൗഹൃദത്തിലായിരിക്കും. അത്തരക്കാരുടെ (ആ വിശ്വാസികളുടെ) ഹൃദയങ്ങളിൽ അല്ലാഹൂ സത്യവിശ്വാസം എഴുതി വെക്കുകയും തന്റെ പക്കൽ നിന്നുള്ള വചനം കൊണ്ട് അവരെ അവൻ പ്രബലപ്പെടുത്തുകയും ചെയ്തിരിക്കുന്നു. അവരെ അവൻ താഴോരത്തുകൂടെ അരുവികളൊഴുകുന്ന ഉദ്യാനങ്ങളിൽ പ്രവേശിപ്പിക്കുകയും ചെയ്യും. അവർ അവിടെ ശാശ്വതവാസികളായിരിക്കും അല്ലാഹൂ അവരെക്കുറിച്ച് തൃപ്തനായിരിക്കുന്നു. അവർ അവനെക്കുറിച്ചും തൃപ്തനായിരിക്കുന്നു. അവർ അല്ലാഹൂവിന്റെ സംഘമത്രെ അറിയുക, അല്ലാഹുവിന്റെ സംഘം തന്നെയാണ് വിജയികൾ (അൽമുജാദല. 58:23)

താഴെ പറയുന്ന ചരിത്രസംഭവം എപ്രകാരമാണ് ഈ വചനം ഹദ്റത്ത് അബൂബക്കർ (റ)യുമായി ബന്ധപ്പെട്ടിരിക്കുന്നതെന്ന് വ്യക്തമാക്കുന്നു.അദ്ദേഹത്തിന്റെ മൂത്ത പുത്രൻ അബ്ദുറഹ്മാൻ അറബികളുടെ ബഹുദൈവാരാധനയിൽ വളരെയേറെ ആകൃഷ്ടനായിരുന്നു. റസൂൽ തിരുമേനി (സ)യുടെ മഹാനായ ഒരു ശിഷ്യന്റെ മകനായിരുന്നിട്ടും അവിടുത്തെ പ്രവാചകത്വവാദത്തിനു ശേഷം പതിമൂന്ന് വർഷം മക്കയിൽ റസൂൽ തിരുമേനിയുടെ സാന്നിധ്യമുണ്ടായിട്ടും അബൂബക്കറി (റ) ന്റെ മകൻ അബ്ദുറഹ്മാന് ഇസ്ലാം മതം വിശ്വസിക്കാനായില്ല. അത്രയും കടുത്ത പകയും വിദ്വേഷവും സത്യവിശ്വാസത്തോടു അദ്ദേഹത്തിനുണ്ടായിരുന്നു. അദ്ദേഹം ഇസ്ലാംമതം വിശ്വസിക്കാതിരിക്കുക മാത്രമല്ല. ഖുറൈഷി പട്ടാളവുമായി സഹകരിച്ച് ഇസ്ലാമിനെതിരെ യുദ്ധം ചെയ്യുകയും ചെയ്തു. ഹിജ്റ ഒന്നും രണ്ടും വർഷങ്ങളിൽ നടന്ന ബദർ, ഉഹദ് യുദ്ധങ്ങളിൽ അദ്ദേഹം മുസ്ലിം വിരുദ്ധ പക്ഷത്ത് പങ്കെടുക്കുകയുണ്ടായി. മൂന്നുവർഷങ്ങൾക്കുശേഷം ഹുദൈബിയാ സന്ധിയുടെ വേളയിൽ (ഹിജ്റ 6ാം വർഷം) അല്ലാഹു അദ്ദേ

ഹത്തിന്റെ ഹൃദയം ഇസ്ലാമിനു നേരെ തുറന്നു. അങ്ങിനെ അബൂബക്കർ സിദ്ധിക്ക് (റ) ന്റെ മകൻ ഇസ്ലാം മതം വിശ്വസിച്ചു. ഒരിക്കൽ അബ്ദുറഹ്മാൻ തന്റെ പിതാവ് അബൂബക്കർ (റ) നോട് പറഞ്ഞു: 'പിതാവേ ബദ്ർ യുദ്ധവേളയിൽ എനിക്ക് താങ്കളെ എളുപ്പത്തിൽ വധിക്കുവാൻ നിരവധി സന്ദർഭങ്ങൾ ലഭിച്ചിരുന്നു. പക്ഷേ എന്റെ സ്വന്തം കരങ്ങൾക്കൊണ്ട് താങ്കളെ വധിക്കേണ്ടെന്ന് ഞാൻ കരുതി'. ഇതിനു പ്രത്യുത്തരമായി അബൂബക്കർ (റ) മറുപടി പറഞ്ഞത് ഇപ്രകാരമായിരുന്നു: 'മകനെ നീ എന്റെ മുന്നിൽ പെട്ടിരുന്നുവെങ്കിൽ ഞാൻ നിന്നെ ഒരിക്കലും വെറുതെവിടില്ലായിരുന്നു' എന്നാണ്. ഒരു പിതാവിന് മകനോടുള്ള സ്നേഹം മകന് പിതാവിനുണ്ടാകുന്നതിനേക്കാൾ അധികമാണെന്നത് ഒരു യാഥാർത്ഥ്യമാണ്. പക്ഷേ ഈ സംഭവത്തിൽ മകൻ പിതാവിന്റെ ജീവനെ രക്ഷപ്പെടുത്തുമ്പോൾ പിതാവ് മകന്റെ ജീവനെ രക്ഷപ്പെടുത്തുവാൻ തയ്യാറാവുന്നില്ല. കാരണം സത്യം എതിർക്കപ്പെടുമ്പോൾ യഥാർ ത്ഥ വിശ്വാസികൾ അവരുടെ ബന്ധുത്വവും സൗഹൃദവും പരിഗണിക്കാറില്ല.

സൂറ: മുജാദലയിലെ 58:23 സൂക്തം അബൂബക്കർ (റ) യുടെ സ്വഭാവ വൈശിഷ്ട്യത്തിലേക്ക് വെളിച്ചം വീശുന്നു. സത്യത്തിന് വേണ്ടിയുള്ള ധർമ്മ സമരത്തിൽ അദ്ദേഹം തന്റെ ബന്ധുത്വം പരിഗണിച്ചില്ല. അദ്ദേഹത്തിന്റെ പവിത്ര ഹൃദയത്തിൽ സത്യവിശ്വാസം ആലേഖനം ചെയ്യപ്പെട്ടിരുന്നു. സ്വർഗ്ഗം വാഗ്ദാനം ചെയ്യപ്പെട്ട സിദ്ധീക്ക് (റ) അവർകളെ അല്ലാഹൂ തൃപ്തിപ്പെടുകയും അല്ലാഹുവെ അദ്ദേഹവും തൃപ്തിപ്പെടുകയും ചെയ്തു. അദ്ദേഹം അല്ലാഹുവിന്റെ സംഘത്തിൽപ്പെട്ട ആളായിരുന്നു. അദ്ദേഹത്തിന് ഈ ലോകത്തും വിജയം വാഗ്ദാനം ചെയ്യപ്പെട്ടിരുന്നു ഈ ലോകത്തെ വിജയങ്ങൾ തന്റെ ഖിലാഫത്ത് കാലഘട്ടത്തിൽ സംഭവിക്കുകയുണ്ടായി. ഈ വചനത്തിൽ അബൂബക്കർ സിദ്ധീക്ക് (റ) നെക്കുറിച്ച് പറയപ്പെട്ടതെല്ലാം അക്ഷരാർത്ഥത്തിൽ യാതൊരു സംശയത്തിനും ഇടയില്ലാത്ത വിധം സത്യമായിരുന്നു.

ഹിജ്റ അഞ്ചാം വർഷത്തിൽ അവതരിച്ച സൂറ:അൽ നൂറിലെ താഴെ പറയുന്ന ഖുർആനിക സൂക്തങ്ങളും അബൂബക്കർ (റ) മായി ബന്ധപ്പെട്ടതാണ്.

'തീർച്ചയായും ആ ഭയങ്കര നുണ ചമച്ചുണ്ടാക്കിയവർ നിങ്ങളിൽ നിന്നുള്ള ഒരു സംഘമാണ്. നിങ്ങൾക്കത് ദോഷമാണെന്ന് വിചാരിക്കേണ്ട. പ്രത്യുത നിങ്ങൾക്കത് ഗുണകരമാണ് (എന്തെന്നാൽ അത് നിമിത്തം ഒരു യുക്തിപൂർണ്ണമായ അദ്ധ്യാപനം നിങ്ങൾക്ക് ലഭിച്ചിരിക്കുന്നു.) അവരിൽപ്പെട്ട ഓരോ വ്യക്തിക്കും അവൻ പ്രവർത്തിച്ച കുറ്റത്തിന്റെ (ശിക്ഷ) ലഭിക്കുന്നതാണ്. അവരിൽ നിന്ന് കുറ്റത്തിന്റെ വലിയ ഭാഗത്തിന് ഉത്തരവാദിയായവനാരോ അവന് വളരെ വലിയ ശിക്ഷ ലഭിക്കുന്നതാണ്.'(സൂറ : നൂർ 24:12)

'നിങ്ങളിൽ ശ്രേഷ്ഠതയും ഐശ്വര്യവുമുള്ളവർ അടുത്ത കുടുംബ ബന്ധുക്കൾക്കും അഗതികൾക്കും ദൈവമാർഗ്ഗത്തിൽ സ്വദേശം വെടിഞ്ഞവർക്കും (ഒന്നും) നൽകുകയില്ലെന്ന് സത്യം ചെയ്യരുത്. അവർ മാപ്പു ചെയ്യുകയും വിട്ടു വീഴ്ച്ച ചെയ്യുകയും ചെയ്യട്ടെ. അല്ലാഹു നിങ്ങൾക്ക് പൊറുത്തുതരേണമെന്ന് നിങ്ങൾ ആഗ്രഹിക്കുന്നില്ലേ. അല്ലാഹു സർവ്വഥാ പൊറുക്കുന്നവനും കരുണാമയനുമാകുന്നു. (24:23)

'ചില വീടുകളിലാണ് (ആ വിളക്ക്) ഉള്ളത് അവ ഉയർത്തപ്പെടാനും അവയിൽ വെച്ച് അല്ലാഹുവിന്റെ നാമം സ്മരിക്കപ്പെടാനും അവൻ കല്പിച്ചിരിക്കുന്നു. അവിടെ വച്ച് രാവിലേയും വൈകുന്നേരവും അവന്റെ പരിശുദ്ധിയെ വാഴ്ത്തുന്നു. ചില പുരുഷന്മാർ (അതിൽ വെച്ച് ദൈവനാമത്തെ പ്രകീർത്തിക്കുന്നു) അല്ലാഹുവിനെ സ്മരിക്കുന്നതിൽ നിന്നും നമസ്കാരം നിലനിർത്തുന്നതിൽ നിന്നും വ്യാപാരമോ ക്രയവിക്രയമോ അവരെ അശ്രദ്ധരാക്കുകയില്ല. ഹൃദയങ്ങളും കണ്ണുകളും അടിമേലായി മറിഞ്ഞുപോകുന്ന ഒരു നാളിനെ അവർ ഭയപ്പെടുന്നു.

തൽഫലമായി അവർ പ്രവർത്തിച്ചതിനു അല്ലാഹു അവർക്ക് ഏറ്റവും നല്ല പ്രതിഫലം നൽകുന്നതാണ്. അവന്റെ അനുഗ്രഹത്തിൽ നിന്ന് അവർക്ക് കൂടുതൽ നൽകുകയും ചെയ്യും. അല്ലാഹു ഉദ്ദേശിക്കുന്നവർക്ക് കണക്കില്ലാതെ ജീവിത വിഭവം നൽകുന്നതുമാണ്.(24:37 –39)

ഹദ്റത്ത് അബൂബക്കറു(റ)മായി ഈ വചനങ്ങൾ എങ്ങിനെ ബന്ധപ്പെട്ടിരിക്കുന്നുവെന്ന് വിവരിക്കാം. മേൽകൊടുത്ത ഖുർആനിക വചനങ്ങളെ വ്യഖ്യാനിച്ചുകൊണ്ട് ഹദ്റത്ത് മിർസാ, ബശീറൂദ്ദീൻ മഹ്മൂദ് അഹ്മദ് (റ) തന്റെ ഖുർആൻ ബൃഹദ് വ്യാഖ്യാനത്തിൻ വിവരണം നൽകിയിട്ടുണ്ട്.

'ഹിജ്റ അഞ്ചാം വർഷത്തിൽ ബനൂ മുസ്തലിക്ക ഗോത്രത്തിന്നെതിരെയുള്ള യുദ്ധദൗത്യവും കഴിഞ്ഞ് റസൂൽ തിരുമേനി(സ)യും അനുചരന്മാരും മടങ്ങുമ്പോൾ മുസ്ലിം സൈനികർ മദീനക്കരികെ ഒരിടത്ത് ഒരു രാത്രിയിൽ ക്യാമ്പ് ചെയ്യുകയുണ്ടായി. അതിന് കാരണം റസൂൽ തിരുമേനി (സ) ധർമ്മ പത്നിയായ ആയിശാ (റ) പ്രകൃതിയുടെ വിളിക്കുത്തരം നൽകാനായി അകലെ ഒരു ദിക്കിലേക്ക് പോയത് കൊണ്ടായിരുന്നു. അവർ തിരിച്ചു വന്നപ്പോൾ തന്റെ കഴുത്തിലുണ്ടായിരുന്ന മാല കളഞ്ഞുപോയതായ കാര്യം ശ്രദ്ധയിൽപ്പെട്ടു. അവർ വീണ്ടും അത് തിരയാൻ പോയി. അവർ മടങ്ങിവന്നപ്പോഴേക്കും അവർ സഞ്ചരിച്ചിരുന്ന ഒട്ടകവുമായി സൈന്യം നീങ്ങിക്കഴിഞ്ഞിരുന്നു. ഈ നിസ്സഹായാവസ്ഥയിൽ അവർ അവിടെ ഇരുന്നു കരയുവാൻ തുടങ്ങി. കരഞ്ഞു കൊണ്ടിരിക്കെ ഉറക്കം അവരെ ബാധിക്കുകയും ചെയ്തു. അപ്പോഴാണ് സഫ്വാൻ ബിൻ മുആത്തൽ എന്ന

സഹാബി അവിടെയെത്തുന്നത്. അദ്ദേഹത്തിന്റെ ജോലി യുദ്ധം കഴിഞ്ഞ് മടങ്ങുന്ന മുസ്‌ലിം സൈന്യത്തിന് വല്ലതും മറന്നുപോയിട്ടുണ്ടെങ്കിൽ അത് ശേഖരിക്കാൻ വേണ്ടി ഏറ്റവും പിറകെ സഞ്ചരിക്കലായിരുന്നു. ആയിശ (റ) യെ സഫ്‌വാൻ തിരിച്ചറിഞ്ഞു. കാരണം പർദ്ദ നടപ്പാക്കുന്നതിന് മുമ്പേ ആയിശാ (റ) മുഖം കണ്ട അദ്ദേഹത്തിന് അവരെ ഉടൻ തിരിച്ചറിയാൻ സാധിച്ചിരുന്നു. സഫ്‌വാൻ അത്ഭുത പരതന്ത്രനായി. സഫ്‌വാന്റെ ശബ്ദം കേട്ട മാത്രയിൽ ആയിശാ (റ) മുഖാവരണം വലിച്ച് മുഖം മറച്ചു. അത്യധികം ബഹുമാനാദരങ്ങളോടെ മദീനയിലേക്ക് ലക്ഷ്യം വെച്ചു നീങ്ങിയ യാത്രാസംഘത്തിലേക്ക് സഫ്‌വാൻ ആയിശാ (റ) ആനയിച്ചു. ആയിശാ (റ) ഒട്ടകപ്പുറത്തും സഫ്‌വാൻ നടന്നുമായിരുന്നു സവാരി ചെയ്തിരുന്നത്.

ഈ സംഭവം അബ്ദുല്ലാഹിബ്നു സുലൂൽ എന്ന കപടവിശ്വാസികളുടെ നേതാവിന് അപൂർവ്വമായ ഒരവസരമായിരുന്നു നൽകിയത്. നിഷ്ക്കളങ്കയും പരമവിശുദ്ധയുമായ ഹദ്റത്ത് ആയിശ (റ) പററി അപവാദം പ്രചരിപ്പിക്കാൻ അയാൾ ഈ സംഭവത്തെ ഉപയോഗിച്ചു, അബൂബക്കറിന്റെ ബന്ധുവായ മിസ്താഹ് ബ്നു ഉതാത (അവ്ഫ് എന്ന വിളിപ്പേര്), ഹസനുബ്നു താബിത് (കവി) സൈനബ് ബിൻത് ജഹ്ശയുടെ സഹോദരിയായിരുന്ന ഹിമ്ന ബിൻത് ജഹ്ശ എന്നിവരും ഈ അപവാദപ്രചരണത്തിൽ പങ്കെടുത്തു. ഇരുപത് ദിവസത്തോളം മുസ്‌ലിംകൾ ഈ അപവാദപ്രചരണത്തിൽ വീർപ്പ് മുട്ടി വമ്പിച്ച പ്രയാസമനുഭവിച്ചു.

സൂറ നൂറിലെ 12–ാം വചനം ഹദ്റത്ത് ആയിശ (റ) യെ കപട വിശ്വാസികളുടെ എല്ലാവിധ ദുരാരോപണങ്ങളിൽ നിന്നും കുറ്റവിമുക്തയാക്കി. അപ്പോൾ റസൂൽ തിരുമേനി (സ) ആയിശ (റ) യെ അഭിനന്ദിക്കുകയുണ്ടായി. അവർ അപ്പോൾ അല്ലാഹുവിനാണ് നന്ദി പ്രകടിപ്പിച്ചത്. നിർഭാഗ്യകരമായ ഈ സംഭവത്തെപ്പറ്റി അവർ സുദീർഘമായ ഒരു പ്രസ്താവന നടത്തുകയും ചെയ്തു. ഇബ്നു ഹിശാം റിപ്പോർട്ട് ചെയ്ത ആ പ്രസ്താവനയിലെ പ്രസക്തമായ ഭാഗം ഇവിടെ ഉദ്ധരിക്കാം.

ആയിശ(റ) യെപ്പറ്റിയുള്ള ഈ വചനം (24:12) അവതരിച്ചപ്പോൾ... അബൂബക്കർ മിസ്താഹിന് (അപവാദ പ്രചരണം സംഘത്തിൽപ്പെട്ട യാൾ) ഇനി യാതൊന്നും നൽകുകയില്ലെന്നും അയാൾക്ക് ഒരു വിധത്തിലുള്ള സഹായവും നൽകുകയില്ലെന്നും പറഞ്ഞു. മിസ്താഹ് ആയിശ (റ) യെപ്പറ്റി അപവാദം പ്രചരിപ്പിക്കുകയും അത് ധാരാളം കഷ്ടതകൾ അവർക്ക് വരുത്തുകയും ചെയ്തു. ആയിശ (റ) തുടർന്നു: ദൈവം ഇത് സംബന്ധിച്ച് ഇപ്രകാരം വചനം അവതരിപ്പിച്ചു:“നിങ്ങളിൽ ശ്രേഷ്ഠതയും ഐശ്വര്യവുമുള്ളവർ അടുത്ത കുടുംബ ബന്ധുക്കൾക്കും അഗതികൾക്കും ദൈവ മാർഗത്തിൽ സ്വദേശം വെടിഞ്ഞവർക്കും (ഒന്നും) നൽകുകയില്ലെന്ന് സത്യം ചെയ്യരുത്. അവർ മാപ്പു ചെയ്യുകയും വിട്ടുവീഴ്ച ചെയ്യുകയും ചെയ്യട്ടെ. അല്ലാഹു നിങ്ങൾക്ക് പൊറുത്തു തരേണമെന്ന് നിങ്ങൾ ആഗ്രഹിക്കുന്നില്ലേ? അല്ലാഹു സർവ്വഥാ പൊറുക്കുന്നവരും കരുണാമയനുമാകുന്നു. (24:23)

അബൂബക്കർ പറഞ്ഞു: ‘അല്ലാഹു എനിക്ക് പൊറുത്തു തരുവാൻ ഞാനാഗ്രഹിക്കുന്നു’ അതിനാൽ അദ്ദേഹം മിസ്താഹിനുള്ള വേതനം തുടർന്നും നൽകി. അബൂബക്കർ സിദ്ധിക്ക് (റ) തുടർന്നു പറഞ്ഞു. ഞാനൊരിക്കലും മിസ്താഹിനുള്ള ആനുകൂല്യം പിൻവലിക്കില്ല.”

സൂറ:നൂറിലെ (24:12) വചനത്തിൽ ദൈവം ഹദ്റത്ത് ആയിശ (റ) യുടെ നിരപരാധിത്വം വെളിപ്പെടുത്തുകയുണ്ടായി. അപ്രകാരം സൂറ: നൂറിലെ (24:13) വചനത്തിൽ ദൈവം ഹദ്റത്ത് ആയിശ (റ) യുടെ നിരപരാധിത്വം വെളിപ്പെടുത്തുകയുണ്ടായി. അതുപോലെ സൂറ : നൂറിലെ 24:13) വചനത്തിലൂടെ ഹദ്റത്ത് അബൂബക്കറിനോട് മിസ്താഹിന് നൽകി വരുന്ന ആനുകൂല്യങ്ങൾ നിർത്തിവെക്കരുതെന്നും അല്ലാഹു കല്പിച്ചു. മനുഷ്യവംശത്തിന്റെ സേവനത്തിനായുള്ള അത്യുന്നതനായ ഒരു മാതൃകാ പുരുഷനായി ഹദ്റത്ത് അബൂബക്കറി(റ) നെ ഉയർത്താൻ അല്ലാഹു ഉദ്ദേശിച്ചിരുന്നു. പിതാവിന്റേയും പുത്രിയുടേയും അത്യുന്നതമായ ആത്മീയ സ്ഥാനമാണ് ഈ ഖുർആനിക വചനങ്ങളിലൂടെ അനാവരണം ചെയ്യപ്പെടുന്നത്.

ഹദ്റത്ത് ആയിശ (റ) യെപറ്റിയുള്ള അപവാദ കഥ സംബന്ധിച്ച് ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ) ഇപ്രകാരം വിശദീകരിക്കുന്നു.

ആയിശ (റ) ആ സന്ദർഭത്തിൽ യാതൊരു പ്രാധാന്യവും കൈവരിച്ചിട്ടില്ലാത്ത ഒരു പെൺകുട്ടി മാത്രമായിരുന്നു. കപട വിശ്വാസികളടക്കം ആർക്കും തന്നെ അവരെ പറ്റി യാതൊരു ധാരണയുമുണ്ടായിരുന്നില്ല. റസൂൽ തിരുമേനി (സ) യുടെ സ്ഥാനം അത്യുന്നതമായിരുന്നു. അദ്ദേഹത്തിന്റെ ഈ അത്യുന്ന സ്ഥാനത്തെ ക്ഷതപ്പെടുത്താൻ ഈ അപവാദക്കഥക്കാവുമെന്ന് ചിന്തിക്കാൻ പോലും സാധ്യമല്ലായിരുന്നു. എല്ലാ വസ്തുതകളും പരിഗണിക്കുമ്പോൾ ഹദ്റത്ത് ആയിശ (റ) ക്കെതിരായ ആക്രമണം വാസ്തവത്തിൽ ഹദ്റത്ത് അബൂബക്കർ (റ) നെതിരെ യുള്ള ആക്രമണമായിരുന്നു. ഹദ്റത്ത് അബൂബക്കർ (റ) നെ റസൂൽ തിരുമേനി (സ) യും മുസ്‌ലിം സമൂഹവും എത്രമാത്രം ബഹുമാനിക്കുകയും സ്നേഹിക്കുകയും ചെയ്യുന്നു എന്ന കാര്യത്തെ സംബന്ധിച്ച് കപട വിശ്വാസികൾക്ക് പൂർണ്ണ ബോദ്ധ്യമുണ്ടായിരുന്നു. റസൂൽ തിരുമേനി (സ) ക്ക് ശേഷം തുടർന്ന് നേതൃത്വത്തിൽ വരിക അബൂബക്കർ (റ) ആയിരിക്കുമെന്ന് കപട വിശ്വാസികൾക്കറിയാമായിരുന്നു. അതുകൊണ്ടാണ് അവർ ഹദ്റത്ത് ആയിശ (റ) യെക്കുറിച്ച് അപവാദം പ്രചരിപ്പിച്ചു അവരെ അപകീർത്തിപ്പെടുത്തുകയും അതുവഴി അവരുടെ വന്ദ്യ പിതാവ് അബൂബ

ക്കർ സിദ്ധീക്കിന്റെ മുസ്‌ലിംകൾക്കിടയിലെ ഉന്നത സ്ഥാനത്തിന് ക്ഷത മേൽപ്പിക്കുകയുമായിരുന്നു അവരുടെ ഗൂഢ പദ്ധതി.

കപടവിശ്വാസികൾ അദ്ദേഹത്തിന്റെ സ്ഥാനത്തെ ഇകഴ്ത്താൻ നോക്കിയപ്പോൾ അല്ലാഹു അദ്ദേഹത്തിന്റെ സ്ഥാനത്തെ ഉയർത്തുകയാണ് ചെയ്തത്. ദൈവത്തിന്റെ മത്തായ അനുഗ്രഹവായ്പിൽ നിന്നും അദ്ദേഹത്തെ അകറ്റിമാറ്റാൻ കപട വിശ്വാസികൾ ശ്രമിച്ചപ്പോൾ അല്ലാഹു തന്റെ അനുഗ്രഹം. വർദ്ധ മാനമായ തോതിൽ അദ്ദേഹത്തിൽ ചൊരിയുകയാണുണ്ടായത്. ഖിലാഫത്തിന്റെ സ്ഥാനത്തുനിന്നും ഒരാളെ (ഹദ്റത്ത് അബൂബക്കറിനെ) തട്ടിമാറ്റാൻ അവർ പരമാവധി ശ്രമിച്ചു. എന്നാൽ ദൈവം തന്റെ അനുഗ്രഹം ഒരാളിൽ മാത്രമല്ല. ഒന്നിലധികം പേർക്ക് നൽകി (24:37:39) ഇതായിരുന്നു വാസ്തവത്തിൽ സംഭവിച്ചത്. ഹദ്റത്ത് അബൂബക്കർ (റ) ആണ് ആദ്യത്തെ ഖലീഫയായി തിരഞ്ഞെടുക്കപ്പെട്ടത്. തുടർന്ന് ഹദ്റത്ത് ഉമർ (റ), ഹദ്റത്ത് ഉസ്മാൻ (റ), ഹദ്റത്ത് അലി (റ) എന്നിവരും ഖലീഫമാരായി. നിർഭാഗ്യകരമെന്ന് പറയട്ടെ, പിൽക്കാലത്ത് മുസ്‌ലിംകൾക്ക് അവരുടെ തെറ്റുകൾ ക്കൊണ്ടുതന്നെ ഖിലാഫത്തിന്റെ അനുഗ്രഹം നഷ്ടമാക്കി. കപട വിശ്വാസികൾ അവരുടെ ശ്രമങ്ങളിൽ തികച്ചും പരാജയപ്പെടുകയായിരുന്നു.

ഹദ്റത്ത് അബൂബക്കർ (റ) നെക്കുറിച്ചുള്ള മറ്റൊരു വചനം ഇപ്രകാരമാണ്.

'പറയുക നിങ്ങളുടെ മാതാപിതാക്കളും നിങ്ങളുടെ സന്താനങ്ങളും നിങ്ങളുടെ സഹോദരങ്ങളും നിങ്ങളുടെ ഇണകളും (ഭാര്യ അല്ലെങ്കിൽ ഭർത്താവ്) നിങ്ങളുടെ (മറ്റു) ബന്ധുക്കളും നിങ്ങൾ സമ്പാദിച്ചിട്ടുള്ള ധനവും, മാന്ദ്യം, സംഭവിക്കുമെന്ന് നിങ്ങൾ ഭയപ്പെടുന്ന നിങ്ങളുടെ കച്ചവടവും, നിങ്ങൾ ഇഷ്ടപ്പെടുന്ന ഭവനങ്ങളും (ഇതെല്ലാം) അല്ലാഹുവിനേക്കാളും അവന്റെ ദൂതനെക്കാളും അവന്റെ മാർഗ്ഗത്തിൽ കഠിനാധ്വാനം ചെയ്യുന്നതിനേക്കാളും നിങ്ങൾക്ക് കൂടുതൽ പ്രിയങ്കരമാണെങ്കിൽ അല്ലാഹു തന്റെ കൽപന നടപ്പിൽ വരുത്തുന്നത് വരെ നിങ്ങൾ കാത്തിരിക്കുക. ആജ്ഞാ ലംഘകരായ ജനതയെ അല്ലാഹു നേർവഴിയിലാക്കുകയില്ല (9:24)

മാലിക്ക് ഇപ്രകാരം ഈ വചനത്തെ വ്യാഖ്യാനിക്കുന്നു. ഈ ആയത്തിലെ അവസാന ഭാഗത്ത് പറഞ്ഞ കല്പന റസൂൽ തിരുമേനി (സ)യുടെ ദേഹവിയോഗത്തിന് ശേഷം നടപ്പിലാക്കപ്പെടുകയുണ്ടായി. 'ആജ്ഞാ ലംഘകരമായ ജനത' എന്നത് ഭൗതിക താല്പര്യത്തിന് വേണ്ടി ഇസ്‌ലാമിൽ ചേർന്ന ആളുകളെപ്പറ്റിയുള്ള പരാമർശമായിരുന്നു. അവർ റസൂൽ തിരുമേനിയുടെ വിയോഗത്തിന് ശേഷം കലാപം നടത്തിയപ്പോൾ അല്ലാഹു ഹദ്റത്ത് അബൂബക്കറി(റ)ന്റെ കരങ്ങളിലൂടെ അവരെ കഠിനമായി ശിക്ഷിച്ചു.

റസൂൽ തിരുമേനി(സ)യുടെ മരണം മുസ്‌ലിംക ൾക്ക് അസഹനീയം എന്ന് മാത്രമല്ല അവിശ്വസനീയവുമായിരുന്നു. ആ വാർത്ത സൃഷ്ടിച്ച ആഘാതത്തിൽ അവർക്ക് സുബോധം നഷ്ടപ്പെടുകയുണ്ടായി. എന്നാൽ അബൂബക്കർ (റ) മാത്രം പൂർണ്ണമായും ആത്മനിയന്ത്രണത്തോടെ പെരുമാറി. ചേതനയറ്റ തന്റെ പ്രിയപ്പെട്ട യജമാനന്റെ തിരുനെറ്റിയിൽ ഹദ്റത്ത് അബൂബക്കർ (റ) ചുംബനമർപ്പിച്ചു. എന്നിട്ട് ഈ മഹാ ദു:ഖവാർത്ത ശ്രവിച്ച് അവിടെ എത്തിയ മുസ്‌ലിം ജനക്കൂട്ടത്തെ അഭിസംബോധന ചെയ്ത് അദ്ദേഹം താഴെ കാണുന്ന ഖുർആൻ സൂക്തം ഉരുവിട്ടു.

'മുഹമ്മദ് ഒരു ദൈവ ദൂതൻ മാത്രമാണ്. അദ്ദേഹത്തിനു മുമ്പുണ്ടായിരുന്ന എല്ലാ ദൈവ ദൂതന്മാരും കാലഗതി പ്രാപിച്ചു കഴിഞ്ഞിരിക്കുന്നു. അപ്പോൾ അദ്ദേഹം മരിക്കുകയോ കൊല്ലപ്പെടുകയോ ചെയ്തെങ്കിൽ നിങ്ങൾ നിങ്ങളുടെ കുതികാലുകളിൽമേൽ പിന്തിരിഞ്ഞു പോവുകയോ ഏതൊരാൾ തന്റെ കുതികാലുകളിൽ പിന്തിരിഞ്ഞു പോകുമോ അയാൾ അല്ലാഹുവിന് ഒരു ദോഷവും വരുത്തുകയില്ല. നന്ദി കാണിക്കുന്നവർക്ക് അല്ലാഹു തീർച്ചയായും പ്രതിഫലം നൽകുന്നതാണ്. (സൂറ: ആലുഇംറാൻ13:145)

ഈ വചനം ഓതിയതിലൂടെ അല്ലാഹു ഒരുവനിൽ മാത്രം ആശ്രയമർപ്പിക്കാൻ മുസ്‌ലിംകളെ അദ്ദേഹം ഓർമ്മിപ്പിക്കുകയായിരുന്നു. പ്രവാചകന്മാർ പോലും ദൈവത്തെയല്ലാതെ മറ്റാരെയും ആശ്രയിക്കുന്നില്ല. എന്ന തത്ത്വം അദ്ദേഹം അവിടെക്കൂടി നിന്നവരെ ഗ്രഹിപ്പിക്കുകയായിരുന്നു.

അത്യന്തം ഹൃദ്യമായ രീതിയിൽ ഹദ്റത്ത് അബൂബക്കർ (റ) ഈ ഖുർആൻ വചനം അവരെ കേൾപ്പിക്കുകയുണ്ടായി. അവർ പലവട്ടം കേട്ടതും 7 വർഷങ്ങൾക്കുമുമ്പ് അവതരിച്ചതുമായ ഈ ദൈവിക സൂക്തം അപ്പോൾ അവതരിച്ചത്പോലെ അവർക്ക് അനുഭവപ്പെട്ടു ഈ വിധത്തിൽ സൂറ: ആലുഇംറാനിലെ 145–ാം വചനം അബൂബക്ക (റ) റുമായി ബന്ധമുള്ളതാണ്. കാരണം അദ്ദേഹമാണ് ഈ വചനം ഏറ്റവും ഉചിതമായ സമയത്ത് ഏറ്റവും ഉചിതജ്ഞതയോടെ ഉപയോഗിച്ച് മുസ്‌ലിം ഉമ്മത്തിനെ സമാശ്വസിപ്പിക്കുകയും യാഥാർത്ഥ്യം അംഗീകരിക്കാൻ അവരെ പ്രാപ്തരാക്കുകയും ചെയ്തത്. അതിനുശേഷം എല്ലാ മുസ്‌ലിംകളും അദ്ദേഹത്തിന് അനുസരണ പ്രതിജ്ഞ ചെയ്തു ഖലീഫാ സ്ഥാനത്തിന് ഏറ്റവും അനുയോജ്യനായ വ്യക്തിക്കു കീഴിൽ അവർ ഐക്യത്തോടെ നിന്നു.

നല്ല മുസ്‌ലിംകളെ ഒറ്റ നേതൃത്വത്തിനു കീഴിൽ കൊണ്ടുവരിക എന്നത് അദ്ദേഹത്തിന് മുന്നിൽ ഒരു പ്രശ്നമായിരുന്നില്ല. മക്കാ വിജയത്തിനുശേഷം ഇസ്‌ലാമിൽ കടന്നുപറ്റിയ നിരവധി അറബികൾക്ക് ഇസ്‌ലാമിനെ പറ്റി യാതൊന്നും അറിയില്ലാ

യിരുന്നു. അവർ രാഷ്ട്രത്തിനെതിരെയും മതത്തിനെതിരെയും കലാപമാരംഭിച്ചു. അവർ സക്കാത്ത് നൽകാൻ വിസമ്മതിക്കുകയും ചെയ്തു. മദീന അപകടപ്പെടുക മാത്രമല്ല നവ മുസ്ലിംകളാൽ ആക്രമിക്കപ്പെടുക കൂടി ചെയ്തു.

അല്ലാഹുവിൽ മാത്രം ഭരമേൽപ്പിച്ചുകൊണ്ട് ഒസാമയുടെ നേതൃത്വത്തിൽ സിറിയൻ അതിർത്തിയിലേക്ക് അബൂബക്കർ (റ) സൈന്യത്തെ അയച്ചു. ഇത് ഹദ്റത്ത് റസൂൽ തിരുമേനി (സ) യുടെ നിർദ്ദേശമായിരുന്നു. അദ്ദേഹത്തിന്റെ പല ഉപദേശകന്മാരും മിത്രങ്ങളും സൈന്യത്തെ ഇപ്പോൾ അയക്കേണ്ടതില്ലെന്നും സക്കാത്ത് വിഷയത്തിൽ കടുംപിടുത്തം കാണിക്കേണ്ടതില്ലെന്നും ഉപദേശിച്ചു നോക്കി. പക്ഷേ റസൂൽ തിരുമേനി(സ) യുടെ ആജ്ഞ നടപ്പിലാക്കുന്നതിൽ നിന്നും അതൊന്നും തന്നെ അബൂബക്കർ (റ) തടഞ്ഞില്ല. അവസാനം കലാപകാരികൾ അബൂബക്കർ (റ) അയച്ച സൈന്യത്തിനു മുന്നിൽ കീഴടങ്ങി. റസൂൽ തിരുമേനി (സ) യുടെ കാലത്ത് ലഭിച്ചിരുന്നത് പോലെ സക്കാത്ത് അവരിൽ നിന്നും ലഭിക്കുകയും ചെയ്തു. ഹദ്റത്ത് അബൂബക്കർ (റ) ന്റെ കാലത്ത് അദ്ദേഹത്തിന് നിരവധി കള്ള പ്രവാചകന്മാരെ നേരിടേണ്ടിവന്നിട്ടുണ്ടായിരുന്നു. നിരവധി അനുയായികളുള്ള അവരിൽ പലരും ഗോത്രവർഗ്ഗ വികാരം ഇളക്കിവിടുന്നവരും തന്റെ അനുയായികൾക്ക് ഭൗതിക വാഗ്ദാനങ്ങൾ നൽകിയിരുന്നുവരുമായിരുന്നു. ഉരുക്കുമുഷ്ടികൾ കൊണ്ടാണ് ഹദ്റത്ത് അബൂബക്കർ അവരെ നേരിട്ടത്. രാഷ്ട്രീയവും ഭൗതികവുമായ ലക്ഷ്യങ്ങളുണ്ടായിരുന്ന കുഴപ്പക്കാരായ അവരെയെല്ലാവരേയും തന്നെ അദ്ദേഹം ഉചിതമായ രീതിയിൽ ശിക്ഷിച്ചു. അപ്രകാരം തന്നെ അന്ന് നിലവിലുണ്ടായിരുന്ന പേർഷ്യ, റോമ എന്നീ സാമ്രാജ്യശക്തികളെ അദ്ദേ ഹം പരാജയപ്പെടുത്തി. ഈ സാമ്രാജ്യ ശക്തികളായിരുന്നു ആദ്യമായി അറേബ്യയെ ആക്രമിച്ചത് എന്നത് ഒരു ചരിത്ര സത്യമാണ്. മുസ്ലിംകൾ റോമാ, പേർഷ്യൻ ശ ക്തികൾക്കെതിരെ നയിച്ച യുദ്ധം പ്ര തിരോധ യുദ്ധമായിരുന്നു. ദൈവത്തിന്റെ സഹായത്താൽ ഈ യുദ്ധങ്ങ ൾ വമ്പിച്ച വിജയങ്ങളായി മാറി. ഈ എല്ലാ വിജയങ്ങളും സംഭവിച്ചത് രണ്ടേകാൽ വർഷത്തെ കാലയളവിലെ അദ്ദേഹത്തിന്റെ ഖിലാഫത്ത് വേളയിലാണ്. ഇതിന്റെയെല്ലാം യോ ഗ്യത അതീവ വിനയാന്വിതനും മൃദു ല സ്വാഭാവിയുമായ ഹദ്റത്ത് അബൂബക്കറിനായിരുന്നു. എന്നാൽ സാഹചര്യം ആവശ്യപ്പെട്ടപ്പോൾ മടിച്ചു നിൽക്കാതെ അദ്ദേഹം ഈറ്റ പുലിയെപ്പോലെ ഉജ്ജ്വലമായി പോരാടി.

അബൂബക്കർ (റ) മായി ബന്ധപ്പെട്ട മറ്റൊരു സൂക്തം ഇപ്രകാരമാണ്.

നിശ്ചയമായും ഈ പ്രബോധന ഗ്രന്ഥം ഇറക്കിയത് നാം തന്നെയാണ്. തീർച്ചയായും നാം തന്നെ അതിനെ സംരക്ഷിക്കുന്നതുമാണ് (15:10)

അത് ക്രോഡീകരിക്കേണ്ടതും വായിച്ചു കേൾപ്പിക്കേണ്ടതും നമ്മുടെ കർത്തവ്യമാണ് (75:18)

ഈ വചനങ്ങൾ ഹദ്റത്ത് അബൂബക്കറുമായി എങ്ങിനെ ബന്ധപ്പെടുന്നുവെന്ന് വിവരിക്കാം. ഈ വചനങ്ങളിൽ ദൈവം തന്നെയാണ് ഖുർആൻ ഇറക്കിയതെന്നും അവൻ തന്നെ ഒരു ഗ്രന്ഥരൂപത്തിൽ ഒരു വാല്യത്തിൽ അതിനെ ശേഖരിച്ചു സംരക്ഷിക്കണെമെന്നുമാണ് പറഞ്ഞിട്ടുള്ളത്. വാസ്തവത്തിൽ ഈ പ്രവചനം എങ്ങിനെയാണ് സാക്ഷാൽകൃതമായതെന്ന് നമുക്ക് നോക്കാം. ഖുർആൻ വചനങ്ങൾ റസൂൽ തിരുമേനി (സ) ക്ക് അവതരിക്കുമ്പോഴെല്ലാം അവിടുന്ന് അത് ഓർമ്മയിൽ സൂക്ഷിക്കുകയും അത് പറഞ്ഞുകൊടുത്ത് ധാരാളം ആളുകൾ ഈ ജോലി നിർവ്വഹിക്കാറുണ്ടായിരുന്നു. ഹദ്റത്ത് അബൂബക്കർ അക്കൂട്ടത്തിലൊരാളായിരുന്നു. മാത്രമല്ല അദ്ദേഹം വിശുദ്ധ ഖുർആൻ മുഴുവനും ഹൃദിസ്ഥമാക്കിയിരുന്നു. റസൂൽ തിരുമേനി (സ) കാലത്തു തന്നെ ഖുർആൻ എഴുത്തു രൂപത്തിൽ രേഖപ്പെടുത്തിയിരുന്നു. പക്ഷേ അത് ഒരു ഗ്രന്ഥരൂപത്തിൽ ക്രോഡീകരിക്കപ്പെട്ടിരുന്നില്ല. ഖുർആൻ ശേഖരിച്ച് ഒരു ഗ്രന്ഥരൂപത്തിൽ ആക്കിയതിന്റെ യോഗ്യത ഹദ്റത്ത് അബൂബക്കറിനാണ്. അതുകൊണ്ടാണ് അദ്ദേഹത്തിന് ജമീഉൽ 'ഖുർആൻ' എന്ന അഭിധാനം നൽകപ്പെട്ടത്. ഇതിന് ഉപോൽബലകമായി ഞാൻ ഫിലിപ്പ് കെ. ഹിറ്റിയേയും ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ) നേ ഉദ്ധരിക്കാം.

താഴെ കാണുന്ന ഉദ്ധരണി ഫിലിപ്പ് കെ. ഹനിയുടേതാണ്.

യാഥാസ്ഥിതിക മുസ്ലിം വീക്ഷണ പ്രകാരം മുഹമ്മദിന്റെ മരണത്തിന് ശേഷമുള്ള വർഷത്തിൽ ഖുർആൻ മന:പ്പാഠമാക്കിയവരു (ഹുഫാസ്) ടെ എണ്ണം വളരെയേറെ കുറഞ്ഞുവരുന്നതായി കണ്ട ഉമർറിന്റെ ശുപാർശ പ്രകാരം ഖുർആന്റെ ചിതറിക്കിടന്നിരുന്ന ലിഖിത ഭാഗങ്ങൾ ക്രോഡീകരിക്കാൻ അബൂബക്കർ തീരുമാനിച്ചു. അദ്ദേഹം മുഹമ്മദിന്റെ ആദ്യകാല സെക്രട്ടറിയായിരുന്ന മദീനയിലെ സയ്യിദുബ്നു താബിതിനെ ഇതിന്റെ ചുമതലയേൽപ്പിച്ചു. പനയോലകളിലും വെള്ളമാർബിൾ കല്ലുകളിലും ആളുകളുടെ ഹൃദയങ്ങളിലും രേഖപ്പെടുത്തിയ ഖുർആൻ അപ്പാടെ ശേഖരിച്ച് ഒരു ഗ്രന്ഥരൂപത്തിലാക്കി'.

ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് എഴുതുന്നു.

മുസ്ലിമയുടെ സൈന്യവുമായുള്ള യുദ്ധത്തിൽ അഞ്ഞൂറോളം ഖുർആൻ ഹൃദിസ്ഥമാക്കിയവർ കൊല്ലപ്പെടുകയുണ്ടായി. ഖലീഫയായിരുന്ന അബൂബക്കറിനോട് ഉമർ ഇപ്രകാരം ഒരു നിർദ്ദേശം വെച്ചു. അതായത് ഇതുപോലെ ഖുർആൻ മനപ്പാഠമാക്കിയവർ ഇത്തരം യുദ്ധങ്ങളിൽ കൂട്ടത്തോടെ മരണപ്പെട്ടാൽ വിശുദ്ധ ഗ്രന്ഥത്തിന്റെ സംരക്ഷണവും ബുദ്ധിമുട്ടായിത്തീരും. അതുകൊണ്ട് ഖുർആൻ ഒരു വാല്യത്തിൽ

ശേഖരിച്ച് സൂക്ഷിക്കേണ്ട സമയം സമാഗതമായിരിക്കുന്നു. അബൂബക്കർ ആദ്യം വൈമനസ്യം കാണിച്ചെങ്കിലും അവസാനം ആ നിർദ്ദേശം സ്വീകരിച്ചു. റസൂൽ തിരുമേനി (സ) യുടെ കാലത്ത് ഖുർആൻ കേട്ടെഴുതുന്നവരിലൊരാളായിരുന്ന സയ്യിദ്ബ്നു താബിതിനെ ഇതിനായി നിയമിക്കുകയും അദ്ദേഹത്തെ സഹായിക്കാൻ പ്രമുഖരായ സഹാബിമാരെ നിശ്ചയിക്കുകയും ചെയ്തു. ഖുർആൻ രേഖപ്പെടുത്തിവെച്ച ശകലങ്ങൾ ശേഖരിക്കാൻ അദ്ദേഹം ആജ്ഞാപിച്ചു. അങ്ങിനെ ശേഖരിക്കപ്പെട്ട ഖുർആനിക രേഖകൾ ഖുർആൻ മുഴുവനും ഹൃദിസ്ഥമാക്കിയ രണ്ട് പേർ സാക്ഷ്യപ്പെടുത്തുകയും വേണം. ഉടൻ തന്നെ ഈ ഉദ്യമം പൂർത്തീകരിക്കപ്പെടുകയും ഖുർആൻ മനപാഠമാക്കിയവരുടെ അംഗീകാരത്തോടെ എഴുതപ്പെട്ട ഖുർആന്റെ ഒരു ഗ്രന്ഥരൂപം പുറത്ത് വരികയും ചെയ്തു.

ഏറ്റവും പ്രമാണിക ഹദീസ് ഗ്രന്ഥമായ സഹീഉൽ ബുഖാരിയുടെ അടിസ്ഥാനത്തിൽ ഹദ്റത്ത് മിർസാ ബശീർ അഹ്മദ് (റ) പറയുന്നു. ഹദ്റത്ത് അബൂബക്കറി (റ) ന്റെ നിർദ്ദേശപ്രകാരമാണ് വിശുദ്ധഖുർആൻ ആദ്യമായി ഗ്രന്ഥരൂപത്തിൽ രേഖപ്പെടുത്തിയത് എന്നാണ്. (സീറത്ത് ഖാത്തമുന്നബിയ്യീൻ)

മേൽ വിവരിച്ച വസ്തുതകളിൽ നിന്നും ഹദ്റത്ത് അബൂബക്കർ (റ) ഖുർആന്റെ ഒരു സംരക്ഷകനായിരുന്നുവെന്ന് മനസ്സിലാവുന്നു. (ഹുഫാസെ ഖുർആൻ) മാത്രമല്ല അദ്ദേഹം സ്വയം തന്നെ ഖുർആൻ എഴുതിരേഖപ്പെടുത്തുന്ന ആളുമായിരുന്നു. റസൂൽ തിരുമേനി (സ) യുടെ മറ്റു സ്വഹാബാക്കളും ഈ ജോലി ചെയ്തിട്ടുള്ളവരാണ് പക്ഷേ ഖുർആൻ ആദ്യമായി ലിഖിത രൂപത്തിൽ ഗ്രന്ഥമായി സമാഹരിച്ചതിന്റെ എല്ലാ യോഗ്യതകളും ഹദ്റത്ത് അബൂബക്കറിനു (റ)ള്ളതാണ്. ഹദ്റത്ത് അബൂബക്കർ (റ)ന്റെ ഖിലാഫത്ത് കാലത്താണ് ഖുർആൻ ലിഖിത രൂപത്തിൽ ഗ്രന്ഥമായി രൂപീകരിക്കപ്പെട്ടത്. ഖുർആൻ ഗ്രന്ഥരൂപത്തിൽ ക്രോഡീകരിക്കേണ്ടതിന്റെ ആവശ്യകതയെപ്പറ്റി ഹദ്റത്ത് അബൂബക്കറിനെ ബോധ്യപ്പെടുത്തിയ ഹദ്റത്ത് ഉമർ ഫാറൂഖിന് തീർച്ചയായും അതിൽ പങ്കുണ്ട്. വളരെ ഉചിതമായ സമയത്തായിരുന്നു ഹദ്റത്ത് ഉമർ (റ) ഈ നിർദ്ദേശം ഹദ്റത്ത് അബൂബക്കറി (റ) നു മുന്നിൽ സമർപ്പിച്ചത്.

ഹദ്റത്ത് അബൂബക്കർ സിദ്ധീക്ക് (റ) ദിവംഗതനാവുമ്പോൾ അദ്ദേഹത്തിന് അറുപത്തിമൂന്നുവയസ്സായിരുന്നു പ്രായം. ഹിജ്റ 13-ാം വർഷത്തിൽ ജമാദി ഉസ്സാനി 21 നായിരുന്നു (ക്രി. വ. 633 ആഗസ്റ്റ് 22നായിരുന്നു) അദ്ദേഹം ദിവംഗതനായത്.

ജന്മനാ സാത്വികനായിരുന്നു ഹദ്റത്ത് അബൂബക്കർ (റ). ഈ സാത്വികതയാണ് യാതൊരു സംശയത്തിനും ഇട നൽകാതെ അദ്ദേഹത്തെ ഇസ്ലാമിലേക്ക് നയിച്ചത്. അദ്ദേഹമാണ് ആദ്യമായി ഇസ്ലാം മതത്തിൽ പ്രവേശിച്ച പുരുഷ വ്യക്തി. അല്ലാഹുവിനോടും അവന്റെ റസൂലിനോടുമുള്ള അനുസരണത്തിന്റെ പൂർത്തീകരണമായിരുന്നു ഹദ്റത്ത് അബൂബക്കർ (റ). ഈ അനുസരണം കൊണ്ടാണ് അദ്ദേഹത്തെ അല്ലാഹുവും സത്യവിശ്വാസികളും ഇസ്ലാമിന്റെ ആദ്യത്തെ ഖലീഫയാക്കിയത്. റസൂൽ തിരുമേനി (സ) പലപ്പോഴും ഹദ്റത്ത് അബൂബക്കറി (റ) തന്റെ പിൻഗാമിയായി നിയമിക്കാൻ ആഗ്രഹിച്ചിരുന്നു. പക്ഷേ അദ്ദേഹം അപ്രകാരം ചെയ്തില്ല. റസൂൽ തിരുമേനി (സ) ക്ക് തീർച്ചയായിരുന്നു അല്ലാഹുവും സത്യവിശ്വാസികളും ഒരിക്കലും ഹദ്റത്ത് അബൂബക്കർ (റ) നെയല്ലാതെ മറ്റൊരാളെയും ഖലീഫയായി തിരഞ്ഞെടുക്കില്ല എന്ന്. മഹാഭാഗ്യവാനായ അബൂബക്കർ (റ) ഈ ലോകത്തും തന്റെ ജീവന്റെ ജീവനായ യജമാനൻ ഹദ്റത്ത് റസൂൽ തിരുമേനി (സ) യുടെ കബറിടത്തിന് തൊട്ടരികിൽ തന്നെ അന്ത്യവിശ്രമം കൊള്ളുവാനുള്ള ഭാഗ്യം സിദ്ധിച്ചു. തീർച്ചയായും പരലോകത്തും ഈ സൗഹൃദം തുടരുക തന്നെ ചെയ്യും. ഹദ്റത്ത് അബൂബക്കർ (റ) ന്റെ മറ്റൊരു അസൂയാവഹമായ ഭാഗ്യം തന്റെ നാലു തലമുറകൾ റസൂൽ തിരുമേനി (സ) യുടെ അനുചരത്വം നേടിയവരായിരുന്നു എന്നതായിരുന്നു. ഹദ്റത്ത് അബൂബക്കർ (റ)ന്റെ വന്ദ്യപിതാവ് ഖുഹാഫ, അദ്ദേഹം സ്വയമേവയും, അദ്ദേഹത്തിന്റെ ഭാര്യമാരിലൊരാളായ ഉമ്മി റൂമൻ (സൈനബ്) അദ്ദേഹത്തിന്റെ പുത്രന്മാരായ അസ്മ, ആയിശ അദ്ദേഹത്തിന്റെ പൗത്രനായ അബു ആതിക്ക് മുഹമ്മദ് (അബ്ദുറഹ്മാന്റെ പുത്രൻ) എല്ലാം റസൂൽ തിരുമേനിയുടെ അനുചരന്മാരായിരുന്നു. ഇതിനെല്ലാറ്റിനും പുറമേ അല്ലാഹുവിന്റെ വചനങ്ങളിൽ ഹദ്റത്ത് അബൂബക്കർ സിദ്ധിക്ക് (റ) പ്രകീർത്തിക്കപ്പെട്ടിരിക്കുകയും ചെയ്തിരിക്കുന്നു.

**REFERENCE**


1. Ibinu Hisham
2. Holy Quram - Transilated by Malik - Ghulam Farid
3. Philip K. Hitti. The story of Arabs
4. Mirza Bashiruddin Mahamood Ahmed
5. Introduction to the Study of the Holy Quram.


■

## ദാനം പകയെ നീക്കുന്നു

കൈക്കൊണ്ട് കൊടുക്കുന്ന ശീലം വളർത്തുക. അത് നിങ്ങളുടെ ഹൃദയങ്ങളിൽ നിന്ന് പകയെ നീക്കിക്കളയും.

***നബി വചനം***

ലേഖനം

# രോഗശമനത്തിന്റെ ആത്മീയ മാർഗ്ഗം

മൗലവി അബ്ദുൾ വഹാബ് ബിൻ ആദം, ഘാന

## ദൈവത്തോടുള്ള ഹൃദയം നൊന്തുകൊണ്ടുള്ള പ്രാർത്ഥനയിലൂടെ രോഗവിമുക്തി കൈവന്ന അത്ഭുതസംഭവങ്ങൾ

ഒരു സൂചിയുടെ മുനയിൽ കൊള്ളുന്നയത്ര അളവിലുള്ള ദ്രവത്തിൽ നിന്നാണ് മനുഷ്യൻ സൃഷ്ടിക്കപ്പെട്ടത് എന്ന കാര്യം അത്ഭുതകരമല്ലേ? സങ്കലിതമായ ആ ബീജകണത്തിൽ മനുഷ്യന്റെ കാൽ, കൈ, തല, തലച്ചോർ, കാത്, കണ്ണ്, മൂക്ക്, വായ് എന്നീ അവയവങ്ങളും അപ്രകാരം ഹൃദയം കരൾ, കിഡ്നി മുതലായ ആന്തരാവയവങ്ങളുമെല്ലാം അടക്കം ചെയ്യപ്പെട്ടിരിക്കുന്നു. ഈ ദ്രവം സ്ത്രീയുടെ സുരക്ഷിതമായ ഗർഭ പാത്രത്തിൽ വെച്ച് സമയാനുക്രമം സിക്താണ്ഡമായും പിന്നീട് അസ്ഥികൾ രൂപപ്പെട്ടും വളരുന്നു. ഒമ്പത് മാസങ്ങൾക്ക് ശേഷം നമുക്ക് പൂർണ്ണ വളർച്ചയെത്തിയ ഒരു മനുഷ്യശിശുവിനെ ലഭിക്കുന്നു. മനുഷ്യസൃഷ്ടിയെ പ്രതിപാദിച്ചുകൊണ്ട് വിശുദ്ധഖുർആൻ വിസ്മയത്തോടെ പറയുന്നു:

"ഏറ്റവും നല്ല നിലയിൽ സൃഷ്ടിക്കുന്നവനായ അല്ലാഹു അനുഗ്രഹ സമ്പൂർണ്ണനാകുന്നു." (23:15)

വളരെ ദുർബലനും ചപലനുമായ ഈ സൃഷ്ടി ഒരു പൂർണ്ണ മനുഷ്യനായി വളരുമ്പോൾ ഭൂമിയിലെ സമുദ്രങ്ങൾ തരണം ചെയ്യാനും ആകാശത്തിലെ ചന്ദ്രനിൽ കാലുകുത്താനുമുള്ള അറിവും കഴിവും നേടുന്നു. പക്ഷേ ശക്തനായി തീർന്ന ഇതേ മനുഷ്യൻ തന്നെ ദുർബലനായും കാണപ്പെടുന്നു. അവൻ രോഗിയായി മാറുമ്പോൾ ദുരിതം ബാധിച്ചവനായും തികച്ചും നിസ്സഹായനായും കാണപ്പെടുന്നു. അവന്റെ വായ ചവർപ്പുള്ളതായിത്തീരുന്നു. അവന് രുചികരമായ ഭക്ഷണപദാർത്ഥങ്ങളോ പാനീയങ്ങളോ ആസ്വദിക്കാൻ സാധ്യമല്ലാതെ വരുന്നു. അവന് പരിചരണവും അനുകമ്പയും ആവശ്യമായി വരുന്നു. അതുകൊണ്ടാണ് റസൂൽ തിരുമേനി പറഞ്ഞത്. രോഗിയെ സന്ദർശിക്കൽ ഓരോ മുസ്ലിമിന്റെയും കടമയാണെന്ന്. രോഗിയുടെ അടുക്കൽ വെച്ച് രോഗിയെ ഉന്മേഷവാനാക്കുന്ന സംസാരങ്ങൾ മാത്രമേ നടത്താൻ പാടുള്ളൂ. അത് രോഗിയുടെ ജീവ ചൈതന്യത്തെ ഉത്തേജിപ്പിക്കുമെന്നും തിരുമേനി (സ) പറയുകയുണ്ടായി. രോഗിയുടെ രോഗം വേഗത്തിലും പൂർണമായും സുഖപ്പെടുവാൻ വേണ്ടി അല്ലാഹുവിനോട് പ്രാർത്ഥിക്കണമെന്നും റസൂൽ തിരുമേനി (സ) ഉപദേശിക്കുകയുണ്ടായി. തിരുനബി (സ) നമുക്ക് പഠിപ്പിച്ചു തന്ന ഒരു പ്രത്യേക പ്രാർത്ഥന ഇപ്രകാരമാണ്.

"ഓ നാഥാ, നീയാണ് രോഗശമനം നൽകുന്നവൻ ഞങ്ങളുടെ രോഗം ശമിപ്പിക്കാൻ ഞങ്ങളിതാ നിന്നോടു യാചിക്കുന്നു. നീയല്ലാതെ മറ്റാരും രോഗം ശമിപ്പിക്കുന്നവനായില്ല."

രോഗി മരണാസന്നനാണെങ്കിലും അവന്റെ സ്ഥിതി അത്യന്തം ആശങ്കാജനകവും കടുത്ത വേദന അനുഭവിക്കുന്ന വേളയിലാണെങ്കിൽ പോലും ഈ പ്രാർത്ഥന ഉരുവിടേണ്ടതാണ്. വിശുദ്ധ ഖുർആൻ പറയുന്നു.

"എന്നാൽ അത് (ആസന്നമരണത്തിന്റെ പ്രാണൻ) തൊണ്ടക്കുഴിയിലെത്തുമ്പോൾ (നിങ്ങൾ അതിനെ തിരിച്ചുകൊണ്ടുവരാത്തത് എന്ത്കൊണ്ട്) ആ അവസരത്തിൽ നിങ്ങൾ നോക്കി നിൽക്കുകയുമാണല്ലോ. നിങ്ങളെക്കാൾ അവനുമായി ഏറ്റവും അടുത്തുള്ളത് നാമാണുതാനും. പക്ഷേ (അത്) നിങ്ങൾ കാണുന്നില്ലെന്ന് മാത്രം. അപ്പോൾ നിങ്ങൾ (ദൈവ ഹിതത്തിന്) അധീനരല്ലെങ്കിൽ നിങ്ങൾ സത്യവാദികളാണെങ്കിൽ ആ ജീവനെ എന്തുകൊണ്ട് തിരിച്ചുകൊണ്ടുവരുന്നില്ല. (56:84-88)

അത്തരം നിർണ്ണായക സന്ദർഭങ്ങളിൽ സൂറ : യാസീൻ ഓതുവാൻ ഇസ്ലാം നിർദ്ദേശിക്കുന്നു. സൂറ : യാസീനിൻ അല്ലാഹു പറയുന്നു.

'നാം തന്നെയാണ് മരിച്ചവരെ ജീവിപ്പിക്കുന്നത്. അവർ (ജീവിതത്തിൽ) പ്രവർത്തിച്ചതും അവരുടെ ചുവടടയാളങ്ങളും നാം എഴുതിവയ്ക്കുന്നതാണ്. സർവ്വ കാര്യങ്ങളും സ്പഷ്ടമായൊരു പ്രമാണത്തിൽ നാം രേഖപ്പെടുത്തിയിരിക്കുന്നു. (36:13)

അവസാനം രോഗി മരണത്തിന് വിധേയനായാൽ നാം ചെയ്യേണ്ടത് ഖബർ എന്ന് വിളിക്കപ്പെടുന്ന ഒരു മൺകുഴി മയ്യത്തിന് വേണ്ടി തയ്യാറാക്കുക എന്നതാണ്. മറമാടുന്നതിന്

മുമ്പായി മയ്യത്തിനെ കുളിപ്പിക്കുന്നു. മൂന്ന് കഷ്ണം വെള്ളത്തുണിയിൽ ആ മയ്യത്തിനെ പൊതിഞ്ഞ് അതിന്മേൽ സുഗന്ധദ്രവ്യങ്ങൾ പൂശുകയും ചെയ്യുന്നു.

അതുകൊണ്ടാണ് അല്ലാഹുവിന്റെ റസൂൽ (സ) പറഞ്ഞത് നീ ആരോഗ്യവാനായിരിക്കുമ്പോൾ രോഗത്തെപ്പറ്റി ചിന്തിക്കുക. അപ്രകാരം സമ്പന്നത ആസ്വദിച്ച് ജീവിക്കുമ്പോൾ മരണത്തെക്കുറിച്ച് ഓർക്കുക' (ബുഖാരി)

ആരോഗ്യത്തിന്റെ ദൈവികാനുഗ്രഹത്തെ സംബന്ധിച്ചും രോഗത്തിന്റെയും മരണത്തിന്റെ അനിവാര്യതയെക്കുറിച്ചും ഹദീസുകൾ മനുഷ്യന്റെ ശ്രദ്ധ ക്ഷണിക്കുന്നു. ഇസ്‌ലാം മരണം ഒഴിച്ചുകൂടാനാവാത്ത അനിവാര്യതയായി കാണുന്നു.

'എല്ലാ ഓരോ ആത്മാവും മരണത്തെ രുചിക്കുന്നതാണ്. പുനരുത്ഥാന നാളിൽ മാത്രമാണ് നിങ്ങളുടെ പ്രതിഫലം നിങ്ങൾക്ക് പൂർണ്ണമായും നൽകപ്പെടുന്നത്. അപ്പോൾ ഏതൊരാൾ നരകാഗ്നിയിൽ നിന്ന് അകറ്റപ്പെടുകയും സ്വർഗ്ഗത്തിൽ പ്രവേശിപ്പിക്കപ്പെടുകയും ചെയ്തുവോ അയാൾ തീർച്ചയായും വിജയം പ്രാപിച്ചു. ഇഹലോക ജീവിതം വഞ്ചനയുടെ കരുക്കൾ മാത്രമാണ്. (13:186)

ഒരാളുടെ ആത്മാവ് ശരീരത്തിൽ നിന്നും വേർപിരിഞ്ഞാൽ മാത്രമേ അയാൾക്ക് പ്രതിഫലം പൂർണ്ണരൂപത്തിൽ നൽകപ്പെടുകയുള്ളൂ. പരലോകം ആനന്ദപൂർണ്ണമായി അനുഭവിക്കാനുള്ള കഴിവും അപ്പോൾ മാത്രമേ മനുഷ്യന് നൽകപ്പെടുകയുള്ളൂ. അതിനെയാണ് പരലോകം എന്ന് വിളിക്കുന്നത് എന്നാൽ മിക്ക മരണങ്ങൾക്ക് മുമ്പേയും രോഗങ്ങൾ പ്രത്യക്ഷപ്പെടാറുണ്ട്. രോഗവും ജീവിതത്തിന്റെ ഒരു വഴിയും ഭാഗവുമാണെന്ന് പറയാം.

രോഗങ്ങൾ ഇല്ലാതാക്കാൻ ശുചിത്വവും പരിശുദ്ധതയും പാലിക്കാനും അന്നപാനീയങ്ങളിൽ മിതത്വം കൈക്കൊള്ളാനും ഇസ്‌ലാം മാർഗ്ഗദർശനം നൽകുന്നു. എന്നിരുന്നാലും രോഗത്തെ പൂർണ്ണമായും ഇല്ലാതാക്കാൻ മനുഷ്യന് സാധ്യമല്ല എന്ന വസ്തുത ഇസ്‌ലാം അംഗീകരിക്കുന്നു. അത് സംബന്ധിച്ച് യാതൊരു അന്ധവിശ്വാസം ആരും പുലർത്തേണ്ടതില്ല. പക്ഷേ രോഗശമനമില്ലാത്ത ഒരു രോഗവുമില്ല എന്ന് റസൂൽ തിരുമേനി (സ) പറഞ്ഞിട്ടുണ്ട്.

ഔഷധങ്ങളേയും രാസപദാർത്ഥങ്ങളേയും അല്ലാഹു അവന്റെ കാരുണ്യത്തിൽ നിന്നും സൃഷ്ടിച്ചതിന്റെ ഉദ്ദേശ്യം അത് മുഖേന മനുഷ്യന് രോഗശമനം ഉണ്ടാവാനാണ്. പിശാച് ബാധകൊണ്ടാണ് രോഗങ്ങളുണ്ടാവുന്നതെന്നും ശമനം ലഭിക്കാൻ രോഗിയെ മനുഷ്യോചിതമല്ലാത്ത ചില ബാധയൊഴിപ്പിക്കൽ വിദ്യകൾക്ക് വിധേയമാക്കണമെന്നുള്ള അന്ധവിശ്വാസങ്ങളെ ഇസ്‌ലാം അംഗീകരിക്കുന്നില്ല.

പൂർവ്വ മുസ്‌ലിംകളുടെ ഏറ്റവും മഹത്തായ സംഭാവന വൈദ്യശാസ്ത്രത്തിനാണ് ലഭിച്ചത്. അവർ മരുന്നുകൾ കണ്ടുപിടിക്കുകയും വൈദ്യശാസ്ത്രത്തെ വികസിപ്പിക്കുകയും ചെയ്തു. ഔഷധങ്ങളുടെ രോഗശമന മൂല്യത്തെ പറ്റി മുസ്‌ലിംകൾ മനസ്സിലാക്കിയെങ്കിലും രോഗം സുഖപ്പെടുത്തുന്നത് അല്ലാഹുവാണെന്ന യാഥാർത്ഥ്യം ഒരു വസ്തുതയായി അവർ സ്വീകരിച്ചിരുന്നു.

അഹ്മദിയ്യാ മുസ്‌ലിം മിഷൻ നിരവധി ആശുപത്രികളും. ക്ലിനിക്കുകളും പ്രത്യേകിച്ച് ഹോമിയോപതിക്ക് ആശുപത്രികൾ ഗാനയിലുടനീളം സ്ഥാപിച്ചിട്ടുണ്ട്. ഈ രാജ്യത്തും പുറം രാജ്യത്തുമുള്ള ഞങ്ങളുടെ എല്ലാ ആതുരാലയങ്ങളിലും നിങ്ങൾക്ക് വലിയ ഒരു പരസ്യപ്പലക കാണാൻ സാധിക്കും. അതിൽ വലിയ അക്ഷരങ്ങളിൽ എഴുതിവെച്ചിട്ടുള്ളത് ഇപ്രകാരമാണ്. **'അവൻ മാത്രമാണ് രോഗശമനം നൽകുന്നവൻ' (He Alone is the Healer)**

അല്ലാഹുവാണ് ആകാശ ഭൂമികളെ നിയന്ത്രിക്കുന്നത്. അവന് മാത്രമേ രോഗങ്ങളെ സുഖപ്പെടുത്താൻ കഴിയുകയുള്ളൂ എന്ന കാര്യം അതിശയോക്തിയൊന്നുമല്ല. അതാണ് സത്യം. അതുകൊണ്ട് ഞങ്ങളുടെ എല്ലാ ഡോക്ടർമാരും ചികിത്സയോടൊപ്പം പ്രാർത്ഥനയും നടത്തുന്നത്. ഇവിടെ അല്ലാഹുവിന്റെ കാരുണ്യം കൊണ്ട് മാത്രം സുഖപ്പെട്ട ചില രോഗാനുഭവങ്ങൾ ഞാൻ വിവരിക്കുകയാണ്. രോഗശമനം നൽകുന്നവനായുള്ളവൻ അവൻ മാത്രമാകുന്നു (The only Healer) എന്ന അല്ലാഹുവിന്റെ കഴിവിന്റെ പ്രകടനം കൂടിയാണി ത്.

## അർബുദം ബാധിച്ച ഒരു മനുഷ്യൻ

പരിശോധനയിൽ കരളിനും മറ്റ് അവയവങ്ങൾക്കും കാൻസർ ബാധിച്ചിട്ടുള്ള ഒരു രോഗിയുണ്ടായിരുന്നു. അദ്ദേഹം വളരെയധികം മെലിഞ്ഞ് ക്ഷീണിച്ചിരുന്നു. ഈ അർബുദരോഗി കുറച്ച് മാസം മാത്രമേ ജീവിക്കുമെന്ന് ഡോക്ടർമാർ വിധിയെഴുതി. എന്നാൽ പ്രാർത്ഥനയിലൂടെ ആ രോഗി അത്ഭുതകരമാം വിധം സുഖപ്പെട്ടു 15 വർഷം കൂടി ജീവിക്കുകയുണ്ടായി.

## അതിസാരം പിടിപെട്ട ബാലൻ

ലുഖ്മാൻ എന്ന് പേരുള്ള ഒരു ബാലന് വയറിളക്കം പിടിപ്പെട്ടു. ദീർഘകാലം ആ രോഗാവസ്ഥ തുടർന്നു. 8 മാസത്തോളം നടത്തിയ വിദഗ്ദരായ ഡോക്ടർമാരുടെ ചികിത്സയെല്ലാം പരാജയപ്പെട്ടു. അവസാനം ആ ബാലന്റെ പിതാവ് പ്രാർത്ഥനയിൽ അഭയം തേടി. രോഗശമനത്തിന് ദൈവത്തിന്റെ പ്രത്യേകമായ അനുഗ്രഹത്തിന് വേണ്ടി അദ്ദേഹം പാതിരാത്രിയിൽ തഹജ്ജുദ് നമസ്കാരം അനുഷ്ഠിക്കാനാരംഭിച്ചു. ഒരിക്കൽ തഹജ്ജുദ് നമസ്കാരത്തിന് ശേഷം അദ്ദേഹം ഉറക്കത്തിൽ ഒരു ദർശനം കണ്ടു. അതിൽ അദ്ദേഹം 'ഒരു തവണകൂടി മാത്രമേ വയറിളക്കമുണ്ടാവൂ.' എന്ന ഒരു അശരീരിയും കേട്ടു. അപ്രകാരം തന്നെ സംഭവിച്ചു. ഒരു വേളക്കൂടി വിസർജ്ജിച്ചതിന് ശേഷം വയ

റിളക്കം അപ്രത്യക്ഷമായി. ഇപ്പോൾ അവന് 14 വയസ്സ് പ്രായമുണ്ട്. ജമാഅത്തായി നമസ്കരിക്കുമ്പോൾ അവൻ ഇമാമ് നിൽക്കാറുണ്ട്.

## മാഡം ഹസ്നാ ബ്രെയ്ന

ഹസ്നാ ബ്രെയ്ന ദീർഘകാലം രോഗം പിടിപെട്ട് കിടപ്പിലായ ഒരു സ്ത്രീയായിരുന്നു. ഒരു ദിവസം അവർ ജീവന്റെ യാതൊരു ലക്ഷണവും കാണാത്ത രീതിയിൽ ബോധശൂന്യയായി. ഹസ്നായുടെ പിതാവ് പാകിസ്താനിലായിരുന്ന ഖലീഫത്തുൽ മസീഹിന് പ്രാർത്ഥനക്കായി കത്തെഴുതി. എല്ലാവരും ഹസ്നെയക്കുറിച്ചുള്ള പ്രതീക്ഷ കയ്യൊഴിഞ്ഞിരുന്നു. അപ്പോഴാണ് ഖലീഫത്തുൽ മസീഹിന്റെ മറുപടി ലഭിച്ചത്. ആ കത്തിൽ ഖലീഫ തിരുമനസ്സ് ഹസ്നയുടെ രോഗം സുഖപ്പെടുമെന്ന് മാത്രമല്ല അവൾ ഒരു ആൺകുഞ്ഞിന് ജന്മം നൽകുമെന്നും അറിയിച്ചു. ആ കുഞ്ഞിന് തന്റെ പേരിടണമെന്നും ഹുസൂർ തിരുമനസ്സ് ആ കത്തിൽ എഴുതിയിരുന്നു.

അത്യധികം ക്ഷീണിതയും ബോധരഹിതയുമായ ഇരിക്കാൻ പോലും കഴിവില്ലാത്ത അവസ്ഥയിലായിരുന്ന ഹസ്നെയെപ്പറ്റിയായിരുന്ന ഈ കത്ത്. പിന്നീട് അത്ഭുതകരമായ പരിവർത്തനമാണ് അവരിൽ സംഭവിച്ചത്. അവർക്ക് ബോധം തെളിഞ്ഞു. ഭക്ഷണം ചോദിച്ചു. പൂർണ ആരോഗ്യത്തിലേക്ക് തിരിച്ചുവന്നു. ഇന്ന് ഹസ്ന വാർദ്ധക്യത്തോടടുത്തു കഴിഞ്ഞു. അവർക്ക് 45 വയസ്സുള്ള മഹ്മൂദ് അഹ്മദ് എന്ന് പേരുള്ള ഒരു പുത്രനുമുണ്ട്.

## ഗർഭപാത്രത്തിന് കാൻസർ ബാധിച്ച സ്ത്രീ

മക്കളില്ലാത്തവരുടെ സങ്കടം നമുക്കെല്ലാം അറിയുന്നതാണ്. ഒരിക്കൽ ഒരു സ്ത്രീ ഖലീഫത്തുൽ മസീഹ് മൂന്നാമൻ ഹദ്റത്ത് മിർസാ നാസിർ അഹ്മദ് (റ) നെ സമീപിച്ചു. ദുആക്ക് അഭ്യർത്ഥിച്ചു. അവളുടെ കണ്ണുകൾ കണ്ണീരുകൊണ്ട് നിറഞ്ഞു തുളുമ്പുന്നുണ്ടായിരുന്നു. അവർ വാക്കുകൾ കിട്ടാതെ വിതുമ്പി. ദു:ഖാകുലയായ ആ സ്ത്രീ തന്റെ രോഗത്തെപ്പറ്റി ഹുസൂർ തിരുമനസ്സിന്റെ മുമ്പിൽ ഒരു വിധം പറഞ്ഞു. അതായത് ഗർഭപാത്രത്തിൽ കാൻസർ ബാധിച്ചതിനാൽ സന്താനങ്ങളുണ്ടാവില്ല എന്ന് ഡോക്ടർമാർ പറഞ്ഞ കാര്യം അവർ ഖലീഫാ തിരുമനസ്സിനു മുമ്പിൽ കണ്ണീരോടെ വിവരിക്കുകയായിരുന്നു.

ഖലീഫ തിരുമനസ്സ് അവരോടു ചോദിച്ചു. "ഡോക്ടർ ദൈവമാണോ? അവർ പറഞ്ഞു. "അല്ല ഹുസൂർ' ഖലീഫത്തുൽ മസീഹ് തുടർന്നു പറഞ്ഞു: ഡോക്ടർ പറഞ്ഞ അഭിപ്രായം ഓർത്തു വിഷമിക്കരുത്. താങ്കൾ അല്ലാഹുവിൽ ഭരമേൽപ്പിക്കുക. അല്ലാഹു താങ്കൾക്ക് അനേകം കുട്ടികളെ നൽകും. ഗർഭപാത്രത്തിന് കാൻസർ ബാധിച്ച് കുട്ടികളുണ്ടാവില്ലെന്ന് ഡോക്ടർമാർ വിധി എഴുതിയ ആ സ്ത്രീ ഇന്ന് ആറ് കുട്ടികളുടെ മാതാവാണ്.

## പ്രേതബാധയുള്ള വീട്ടിലെ സ്ത്രീ

ഞങ്ങളുടെ ജമാഅത്തിലെ പ്രായമേറിയ പാപ്പാ ഹാറൂൺ നിമോ എന്നയാൾ അനിമിസ്റ്റ് (സർവ്വ വസ്തുക്കളും ദൈവമാണെന്ന് കരുതി ആരാധിക്കുന്ന മത സമൂഹം) വിഭാഗത്തിൽപ്പെട്ട ഒരു സ്ത്രീയെയായിരുന്നു വിവാഹം കഴിച്ചിരുന്നത്. ദീർഘകാലം ആ ദമ്പതിമാർക്ക് മക്കളില്ലായിരുന്നു.

ഒരു റമദാൻ മാസത്തിൽ നമ്മുടെ ഈ മുതിർന്ന സഹോദരൻ ജമാഅത്തിനോട് പ്രാർത്ഥനക്ക് അഭ്യർത്ഥിക്കുകയുണ്ടായി. കാരണമിതായിരുന്നു. അതായത് അനിമിസ്റ്റുകളുടെ ഗോത്ര വിശ്വാസപ്രകാരം മുട്ടനാടിനെ അറുത്ത് അവരുടെ ദൈവങ്ങളെ പ്രീതിപ്പെടുത്തിയില്ലെങ്കിൽ അവർക്ക് സന്താനഭാഗ്യമുണ്ടാകില്ല എന്നായിരുന്നു. അവരുടെ ഗോത്രത്തിൽ നിന്നും ഭീഷണിയും ഉണ്ടായിരുന്നു. അദ്ദേഹം അവരുടെ ഈ പേടിപ്പെടുത്തലിനെ നിരാകരിക്കുകയും ജമാഅത്തിൽ പ്രാർത്ഥനക്ക് അഭ്യർത്ഥിക്കുകയുമാണുണ്ടായത്. ഞങ്ങളുടെ ജമാഅത്ത് അദ്ദേഹത്തിന് സന്താന ഭാഗ്യമുണ്ടാവാൻ പ്രാർത്ഥിക്കുകയും ഞങ്ങളുടെ പ്രാർത്ഥനയിൽ പങ്ക് ചേരാൻ ഖലീഫ തിരുമനസ്സിനോട് അഭ്യർത്ഥിക്കുകയും ചെയ്തു. ഖലീഫ തിരുമനസ്സിന്റെ മറുപടി. 'മന്ത്രവാദത്തിന് സന്താനങ്ങളെ നൽകാൻ യാതൊരു കഴിവുമില്ലെന്നും അല്ലാഹുവാണ് അത് നൽകുന്നതെന്നുമായിരുന്നു' പാപ്പാ ഹാറൂൺ ദമ്പതികൾക്ക് അല്ലാഹു സന്താനങ്ങളെ പ്രദാനം ചെയ്യുമെന്നായിരുന്നു ഹുസൂർ തിരുമനസ്സിന്റെ പ്രതികരണം. ഹാറൂൺ നിമോ അതിൽ ഉറച്ചു വിശ്വസിച്ചു. റമദാൻ മാസം അവസാനിക്കുന്നതിന് മുമ്പു തന്നെ അദ്ദേഹത്തിന്റെ ഭാര്യ ഗർഭിണിയായി പ്രസവിച്ചപ്പോൾ ഇരട്ടക്കുട്ടികളായിരുന്നു. ഒരാണും ഒരു പെണ്ണും.

അല്ലാഹു താൻ ഇച്ഛിക്കുന്നത് ചെയ്യുന്നവനാണ് എന്നുള്ളതിലേക്ക് അത്ഭുതകരമായ ഒരു അടയാളമായിരുന്നു ഇത്. അല്ലാഹു ഖുർആൻ പറയുന്നു.

"എന്നെ സംബന്ധിച്ച് എന്റെ ദാസന്മാർ നിന്നോടു ചോദിക്കുന്ന പക്ഷം (പറയുക) നിശ്ചയമായും ഞാൻ സമീപസ്ഥനാകുന്നു. പ്രാർത്ഥിക്കുന്നവന്റെ പ്രാർത്ഥനക്ക് ഞാൻ ഉത്തരം നൽകുന്നു. അവർ എന്നെ വിളിച്ചു പ്രാർത്ഥിക്കുമ്പോൾ. അതുകൊണ്ട് അവർ എന്റെ വിളിക്ക് ഉത്തരം നൽകുകയും എന്നിൽ വിശ്വസിക്കുകയും ചെയ്യട്ടെ. അവർ സന്മാർഗ്ഗം പ്രാപിക്കുന്നതിനുവേണ്ടി (2:187)

മനുഷ്യനെ ബാധിക്കുന്ന എല്ലാ കാര്യങ്ങളിലും ദൈവം ഇടപെടുമെന്ന് മാത്രമല്ല അതൊരു അനിഷേധ്യ യാഥാർത്ഥ്യവുമാണ് രാത്രിയുടെ അന്ത്യയാമങ്ങളിൽ ദൈവത്തിനു മുമ്പിൽ മനുഷ്യൻ കേണപേക്ഷിക്കുമ്പോൾ ദൈവം അതിന് നിവർത്തിയുണ്ടാക്കുന്നു. അത്തരത്തിലുള്ള ദൈവികമായ ഇടപെടലുകൾക്ക് നാം ദിനേനേ സാക്ഷ്യം വഹിക്കുന്നു. ■

# മൗദൂദി സാഹിബ് നേതൃത്വം നൽകിയ ഭീകര പ്രവർത്തനങ്ങൾ

മൗലാന അബ്ദുല്ലാഹ് സാഹിബ് എച്ച്.എ.

**ഇസ്‌ലാം മതത്തിൽ നിന്നും വിട്ടുപോയവനെ വധിച്ചുകളയണമെന്ന് പറഞ്ഞ മൗദൂദിയെ അത്തരം ഭീകര സിദ്ധാന്തങ്ങൾ നീതിക്കും ഇസ്‌ലാമിനും വിരുദ്ധമാണെന്ന് പറഞ്ഞ മൗലാനാ മുഹമ്മദലിയുമായി എങ്ങിനെ താരതമ്യപ്പെടുത്താൻ സാധിക്കും.**

പാകിസ്താൻ പ്രധാനമന്ത്രി മെയ് 13–നു ഡാക്കയിൽ വെച്ച് പത്രപ്രവർത്തകരോട് ഇങ്ങനെ പറയുകയുണ്ടായി: "എന്റെ അഭിപ്രായത്തിൽ സയ്യിദ് അബുൽഅഅ്‌ലാ സാഹിബ് മൗദൂദിക്ക് അപ്പീൽ ബോധിപ്പിക്കാനവകാശമുണ്ട്. അദ്ദേഹം അങ്ങനെ ചെയ്യുന്നപക്ഷം അതിനെക്കുറിച്ച് അങ്ങേയറ്റം അനുഭാവപൂർവ്വം ആലോചിക്കുന്നതുമാണ്." അപ്പോലെതന്നെ മൗദൂദി സാഹിബിനെയും അഖ്ത്തർ അലിഖാനേയും വിട്ടയക്കാൻ ആവശ്യപ്പെട്ടതിനെക്കുറിച്ച് ഒരു ഗവൺമെന്റ് വക്താവ് മെയ് 22–നു ഇപ്രകാരം പറയുകയുണ്ടായി: "അവർ ഇരുവരും ന്യായമായ നിലയിൽ അപ്പീൽ ബോധിപ്പിക്കുന്നപക്ഷം അവരുടെ മോചനത്തെക്കുറിച്ച് കേന്ദ്രഗവൺമെന്റ് ആലോചിക്കുന്നതാണ്.". ഇതിൽ നിന്ന് മനസ്സിലാകുന്നത് തന്നെ ശിക്ഷിച്ചതു അന്യായമാണെന്നും താൻ കുറ്റക്കാരനല്ലെന്നും കാണിച്ചുകൊണ്ടു മൗദൂദി സാഹിബ് അപ്പീൽ ബോധിപ്പിക്കുന്നപക്ഷം ഗവൺമെന്റ് അതിനെകുറിച്ച് ന്യായമായ നിലയിൽ അനുകമ്പാപൂർവ്വം ആലോചിക്കും എന്നാണ്. മാഹിറുൽ ഖാദിരി സാഹിബ് ചിത്രീകരിച്ചതു പോലുള്ള "അധികാരവർഗ്ഗ"മാണ് പാക്കിസ്താനിലേതെങ്കിൽ അവർ മൗദൂദി സാഹിബിനെകുറിച്ച് ഒരിക്കലും ഇങ്ങിനെ പറയുമായിരുന്നില്ലെന്നു നിഷ്പക്ഷ ചിന്തകന്മാർ നിശ്ചയമായും സമ്മതിച്ചുപറയും.

പാക്കിസ്താൻ ഗവൺമെന്റധികൃതന്മാർ സ്വേച്ഛാപ്രമത്തരായ ഇംഗ്ലീഷുകാരേക്കാൾ അന്യായം പ്രവർത്തിക്കുന്നവരാണെന്നു തെളിയിപ്പാൻ മാഹിറുൽ ഖാദിരി സാഹിബ് പറയുകയാണ്."

"ഇംഗ്ലീഷുകാരുടെ കാലത്ത് ഇതേ കറാച്ചിയിൽ വച്ചുതന്നെ, റയീസുൽ അഹ്റാർ മൗലാനാ മുഹമ്മദലിയുടേയും സഹപ്രവർത്തകന്മാരുടേയും പേരിൽ പട്ടാളത്തിൽ കുഴപ്പം സൃഷ്ടിച്ചു എന്ന കുറ്റത്തിന്ന് കേസ്സെടുത്തിട്ടുണ്ടായിരുന്നു. ഇംഗ്ലീഷുകാരോടു യുദ്ധം ചെയ്യാനായി സുഭാഷ് ചന്ദ്രബോസ് രൂപീകരിച്ച ഐ.എൻ.എ.യുടെ ഓഫീസർമാർക്കെതിരിൽ ഡെൽഹിയിലെ ചെങ്കോട്ടയിൽ വെച്ചും കേസ് വിചാരണ ചെയ്തിട്ടുണ്ടായിരുന്നു. അവയുടെ വിധികൾ ബോധമുള്ളവർക്കെല്ലാം അറിയാം. ഹാ! ഇംഗ്ലീഷുകാരുടെ നീതിയും പാക്കിസ്താൻ ഗവൺ മെന്റിന്റെ നീതിയും താരതമ്യപ്പെടുത്തുകയെന്ന അസഹ്യമായ ഉത്തരവാദിത്വം നമ്മുടെ ചിന്തകൾക്ക് എപ്പോഴെങ്കിലും നിർവ്വഹിക്കേണ്ടിവരുമെന്ന് നാം മുമ്പൊരിക്കലും തന്നെ മറന്നുകൊണ്ടെങ്കിലും ചിന്തിച്ചിരുന്നില്ല" (ഭാ. 10). "പാക്കിസ്താനിലെ അധികാരവർഗ്ഗത്തോട് നാം ചോദിച്ചുകൊള്ളട്ടെ. നിങ്ങൾ ഉരുവിട്ടുകൊണ്ടിരിക്കുന്ന ആ പ്രജായത്തം എവിടെ? പ്രശെയത്തഭരണത്തിൽ പൗരാവകാശം ഇങ്ങനെ മാനിക്കപ്പെടാതിരിക്കാറുണ്ടോ? എന്നാൽ, അവർ പോയതിന്നുശേഷവും പാക്കിസ്താനിൽ അതേ ചരിത്രം തന്നെ ആവർത്തിക്കപ്പെടുന്നതെങ്ങനെ? ഇംഗ്ലീഷുകാരായിരുന്നെങ്കിൽ അന്യ രും വിദേശികളും ആയിരുന്നു" (ഭാ. 15). "അധികാരവർഗ്ഗത്തിനു തങ്ങളുടെ അധികാരങ്ങളെ നിലനിർത്തുന്നതിനേക്കാൾ പാക്കിസ്താന്റെ നിർ മ്മാണവും ഇസ്‌ലാമിന്റെ അഭിവൃദ്ധി യും വീര്യപ്പെട്ടതായിരുന്നുവെങ്കിൽ അവർ ജമാഅത്തെ ഇസ്‌ലാമിയുടെ സഹകരണം നേടുന്നതിൽ ഒട്ടുംതന്നെ വീഴ്ചവരുത്തുമായിരുന്നില്ല." (ഭാ.18).

ബ്രിട്ടീഷുകാർ വിദേശികളായിരുന്നിട്ടും റയീസുൽ അഹ്റാർ മൗലാന മുഹമ്മദലിയുടെയും മറ്റും പേരിൽ കേസെടുത്തുവെങ്കിലും അവരെ ശിക്ഷിച്ചില്ലെന്നും എന്നാൽ പാക്കധികാരികൾ സ്വന്തക്കാരായിരുന്നിട്ടുകൂടി

മൗദൂദി സാഹിബിനെ ശിക്ഷിച്ചു എന്നും ഇതു പാകിസ്താൻ അധികൃതന്മാർ ബ്രിട്ടീഷുകാരേക്കാൾ മർദ്ദകരും അധികാരപ്രമത്തുരം ആണെന്നതിലേക്ക് തെളിവാണെന്നും ആണ് ഖാദിരി സാഹിബ് പറയുന്നത്. എന്തുകൊണ്ട്? മൗദൂദി സാഹിബിനെ അവർ ശിക്ഷിച്ചുകളഞ്ഞതുകൊണ്ട്: എന്നാൽ, പാകിസ്താൻ അധികൃതന്മാർ “സാലിഹ്” ആയ മുസ്ലിംകൾ അല്ലെങ്കിലും പേരിന്നു മുസ്‌ലിംകളാണെന്നു മാഹിറുൽ ഖാദിരി സാഹിബും കൂട്ടുകാരും സമ്മതിക്കുന്നുണ്ട്. ആ സ്ഥിതിയ്ക്ക്, നീതിയെ മുൻനിറുത്തി ചിന്തിക്കുന്ന ഒരാൾക്ക് പാകിസ്താൻ ഗവർമ്മെണ്ടിന്റെ ഈ നടപടിയിൽ നിന്ന് എന്താണ് മനസ്സിലാക്കാൻ കഴിയുകയെന്നു വായനക്കാർ തന്നെ ചിന്തിക്കേണ്ടതാണ്. ബ്രിട്ടീഷുകാരേക്കാൾ പാകിസ്താൻ അധികൃതർ മർദ്ദകരാണെന്നും അതോ മൗദൂദി സാഹിബിന്റെ കുറ്റം മൗലാനാ മുഹമ്മദലി ചെയ്ത കുറ്റത്തേക്കാൾ ഗുരുതരവും ദ്രോഹപരവും അക്ഷന്തവ്യവും ആണെന്നോ? മൗലാനാ മുഹമ്മദലി മർഹും ചെയ്ത കുറ്റം ക്ഷന്തവ്യമാണെന്നും അതുമൂലം നാട്ടിൽ കൊലയും കൊള്ളയും കൊള്ളിവെപ്പും സ്ത്രീമോഷണവും മറ്റും നടന്നിട്ടില്ലെന്നും അതുകൊണ്ടാണ് അദ്ദേഹത്തെ വിട്ടയച്ചിരുന്നതെന്നും, മൗദൂദി സാഹിബിന്റെ കുറ്റം അക്ഷന്ത്യവും നാട്ടിൽ അരാജകത്വം നടമാടുന്നതിനും ആഭ്യന്തര കലാപം പൊട്ടിപ്പുറപ്പെടുന്നതിനും ഇടയാക്കിയതും ആയിരുന്നുവെന്നും അതുകൊണ്ടാണദ്ദേഹത്തെ ശിക്ഷിച്ചതെന്നും അല്ലേ അനുമാനിക്കേണ്ടിയിരിക്കുന്നത്? അതുകൊണ്ട്, പാകിസ്താൻ അധികാരികളെ ബ്രിട്ടീഷു ഭരണാധികാരികളോട് ഇവ്വിധം താരതമ്യപ്പെടുത്താൻ ഒരുങ്ങിയതു ഒരു നെറികെട്ട ശ്രമമായിപ്പോയെന്നു പറയാതെ തരമില്ല.

മെയ് 14–ാംനു ലാഹോറിൽ നിന്നു പാകിസ്താൻ റേഡിയോ വഴി ചെയ്ത ഒരു പ്രക്ഷേപണ പ്രസംഗത്തിൽ മേജർ ജനറൽ മുഹമ്മദ് ആസംഖാൻ ഇങ്ങനെ പറയുകയുണ്ടായി:

“ഇന്നു രാത്രി 3 മണിക്ക് സൈറൻ ശബ്ദിക്കുന്നതോടുകൂടി 70 ദിവസം നീണ്ടുനിന്ന മാഷൽ ലോ അവസാനിക്കുന്നതാണ്”തുടർന്നു മാഷൽലോ നടപ്പാക്കാനുണ്ടായ കാരണങ്ങളെപററി അദ്ദേഹം ഇങ്ങനെ അറിയിച്ചു. മാർച്ച് 6–ാംനു– രാവിലെ ലാഹോറിൽ പ്രളയതുല്യമായ ഒരു കുഴപ്പം ആരംഭിച്ചു. റയിൽ വലിക്കാനും ഗൂഢാലോചന ചെയ്യപ്പെട്ടിട്ടുണ്ടായിരുന്നു. തീവണ്ടി ഗതാഗതം തടസ്സപ്പെടുത്തുകയും വാർത്താബന്ധത്തെ അപകടപ്പെടുത്താൻവേണ്ടി ടെലിഗ്രാഫിന്റെയും ടെലിഫോണിന്റെയും കമ്പികൾ മുറിക്കപ്പെടുകയും ചെയ്തിരുന്നു. കൊള്ളയും കൊലയും ആരംഭിച്ചിട്ടുമുണ്ടായിരുന്നു. തീവെപ്പും നടക്കുകയുണ്ടായി. ആരുടേയും ജീവൻ സുരക്ഷിതമാണെന്നു കരുതാൻ നിവൃത്തിയില്ലായിരുന്നു. ഭരണത്തെ സ്തംഭിപ്പിക്കുന്ന സർവ്വ ശ്രമങ്ങളും ചെയ്യപ്പെട്ടിരുന്നു. ഇക്കൂട്ടർ പാകിസ്താന്റെ അടിത്തറയ്ക്ക് തന്നെ കോടാലി വെക്കാനാണ് ആഗ്രഹിച്ചിരുന്നത്. ഈ സന്ദിഗ്ദ്ധഘട്ടത്തിലാണ് നഗരത്തെ രക്ഷിക്കാൻവേണ്ടി സൈന്യത്തിന്റെ സഹായം ആവശ്യപ്പെട്ടത്. സൈന്യത്തിന്റെ ഒന്നാമത്തെ പ്രവൃത്തി സമാധാനം പുന.സ്ഥാപിക്കുകയും അച്ചടക്കം പാലിക്കുകയും ചെയ്കയെന്നതായിരുന്നു..... ഞാൻ ആഗ്രഹിക്കുന്നു, പൊതുജനങ്ങൾ എപ്പോഴും നിയമവിധേയരായി സമാധാനപരമായ പ്രവർത്തനങ്ങളെ അവലംബിച്ചുതുടങ്ങുമെന്ന്. അരാജകത്വവും നിയമലംഘനവും അക്രമങ്ങളും മനുഷ്യത്വത്തിന്നെതിരാണെന്നു മാത്രമല്ല. ഇസ്ലാം ഉയർത്തിക്കാണിക്കുന്ന സിദ്ധാന്തങ്ങൾക്ക് തന്നെയും വിരുദ്ധവുമാണ്”. ഈ പ്രസ്താവനയിൽനിന്ന് ഗവർമ്മേണ്ട് അവിടെ എടുത്ത നടപടികൾക്കും ചിലരെ ശിക്ഷിച്ചതിന്നും ഉള്ള കാരണങ്ങൾ എന്തായിരുന്നുവെന്ന് ആർക്കും എളുപ്പം മനസ്സിലാക്കാം. അപ്പോൾ റയീസുൽ അഹ്റാർ മുഹമ്മദലിയോട് ബ്രിട്ടീഷു ഭരണാധികാരികൾ കാണിച്ചതു പോലുള്ള ഒരു നയം മൗദൂദി സാഹിബിനോടും മറ്റും അധികൃതന്മാർ കാണിക്കാതിരുന്നത്, അവർ ബ്രിട്ടീഷുകാരേക്കാൾ മർദ്ദകരും സ്വേച്ഛാപ്രമത്തരും ആയതുകൊണ്ടല്ല മൗദൂദി സാഹിബിന്റെയും മറ്റും കുറ്റം മൗലാനാ മുഹമ്മദലിയുടെ കുററത്തേക്കാൾ പതിന്മടങ്ങ് കടുത്തതും ഭയങ്കരവും ആയതുകൊണ്ടാണെന്നു കരുതുകയേ നിവൃത്തിയുള്ളൂ.

ഞാൻ കൂട്ടത്തിൽ പറഞ്ഞുകൊള്ളട്ടെ. റയീസുൽ അഹ്റാർ മൗലാനാ മുഹമ്മദലി മർഹൂമിനെക്കുറിച്ച് മാഹിറുൽ ഖാദിരി സാഹിബ് സ്മരിക്കുകയുണ്ടല്ലോ. എന്നാൽ, മൗലാനാ മുഹമ്മദലി, അഹ്മദിയ്യാ ജമാഅത്തിൽ പെട്ടവർ മുർതദ്ദാണെന്നും മുർതദ്ദിനെ കൊല്ലേണ്ടതാണെന്നും ഉള്ള അഭിപ്രായത്തെ ശക്തിയുക്തം എതിർത്തയാളായിരുന്നു. അമീർ അമാനുല്ലാഖാന്റെ ഭരണകാലത്ത് മതപരമായ അഭിപ്രായവ്യത്യാസത്തെ മാത്രം നിദാനമാക്കി അഫ്ഘാൻ ഗവർമ്മേണ്ട് ചില അഹ്മദികളെ കല്ലെറിഞ്ഞു കൊന്നപ്പോൾ ‘സമീന്ദാറി’ നെപോലുള്ള ചില പത്രങ്ങളും ആ മനസ്ഥിതിക്കാരായ മൗലവിമാരും അഫ്ഘാൻ ഗവർമ്മേണ്ടിന്റെ ഈ പ്രവൃത്തിയെ ന്യായീകരിച്ചും അവരെ അഭിനന്ദിച്ചും അതിൽ അനുമോദിച്ചുംകൊണ്ട് ലേഖനങ്ങൾ എഴുതി. അതിനെ എതിർത്തുകൊണ്ട്, മുർതദ്ദിനെ വധിക്കുകയെന്നത് ഇസ്ലാമിന്റെ അദ്ധ്യാപനങ്ങൾക്ക് കടകവിരുദ്ധമാണെന്നു മുക്തകണ്ഠം ഘോഷിച്ചവരിൽ അഗ്രഗണ്യൻ ഈ റയീസുൽ അഹ്റാർ തന്നെയായിരുന്നു. ഇതു സംബന്ധമായി അദ്ദേഹം ‘ഹംദർദ് ’ എന്ന തന്റെ പത്രത്തിൽ തുടർച്ചയായി ശക്തിമത്തായ ലേഖനങ്ങൾ എഴുതിക്കൊണ്ടിരുന്നിട്ടുണ്ടായിരുന്നു. മാത്രല്ല, ഇസ്ലാം ചിന്താസ്വാതന്ത്ര്യത്തേയും മതസ്വാതന്ത്ര്യത്തേയും അനുവദിക്കാത്ത ഒരു മതമാണെന്നു വരുന്നപക്ഷം തനിയ്ക്ക് അങ്ങിനെയുള്ള ഒരു മതം ആവശ്യമില്ലെന്നു കൂടി അദ്ദേ ഹം പറഞ്ഞിട്ടുമുണ്ടായിരുന്നു. അദ്ദേഹം ഒരിക്കലും

ഒരു അഹ്മദി ആയിരുന്നില്ല. അഹ്മദിയ്യാ വിശ്വാസങ്ങളോട് ഒരു പ്രകാരത്തിലുള്ള അനുഭാവവും അദ്ദേഹം പുലർത്തിയിരുന്നുമില്ല. എങ്കിലും, മുസ്‌ലിംകളിൽ പെട്ട ഒരു കക്ഷിയാണ് അഹ്മദികൾ എന്നായിരുന്നു അദ്ദേഹത്തിന്റെ വിശ്വാസം. ഇസ്‌ലാമിന്ന് വേണ്ടി അഹ്മദികൾ ചെയ്യുന്ന സേവനങ്ങളെ അദ്ദേഹം അങ്ങേയററം പ്രശംസിച്ചു പറഞ്ഞിട്ടുണ്ടായിരുന്നു. ഒരവസരത്തിൽ അദ്ദേഹം ഇങ്ങനെ പറയുകയുണ്ടായി : "അഹ്മദികൾ തങ്ങൾ മുസ്‌ലിംകളാണെന്നു പറയുന്ന നിലയ്ക്ക് അവരെ മുർതദ്ദും കാഫിറും ആണെന്നു പറയുന്നത് കടുത്ത അനീതിയും അന്യായവും ആണ് എന്നാണ് ഞങ്ങളുടെ അഭിപ്രായം . അവരുടെ വിശ്വാസങ്ങൾ സാധാരണ മുസ്‌ലിംകളുടെ വിശ്വാസങ്ങളിൽനിന്ന് വ്യത്യസ്തമാണെന്നുളളതു വാസ്തവംതന്നെ. അവ ശരിയാണെന്നു ഞങ്ങൾ കരുതുന്നുമില്ല. ആ അബദ്ധവിശ്വാസങ്ങൾ ഉളളിരിക്കെത്തന്നെയും അവരെ കാഫിറെന്നും മുർതദ്ദെന്നും പറയുന്നതു കടുത്ത അനീതിയാണ്. അവർ 'ഖിബ്‌ല'യുടെ 'അഹ്ല്' കാരും 'തൗഹീദി'ലും 'രിസാല'ത്തിലും ഖുർആനിലും ഹദീസിലും വിശ്വസിക്കുന്നവരുമാണ്. ആരാധനകളിലും മറ്റു വ്യവഹാരങ്ങളിലും അവർ ഹനഫിയ്യാ ഫിക്കഹ് അനുസരിച്ച് പ്രവർത്തിക്കുന്നു. ഖുർആൻ അല്ലാഹുവിന്റെ വചനമാണെന്നും നബിതിരുമേനി എല്ലാ പ്രവാചകന്മാരേക്കാൾ ശ്രേഷ്ഠനാണെന്നും അവർ വിശ്വസിക്കുന്നു"(ഹംദർദ് – 1925 ഫിബ്രവരി). മറ്റൊരവസരത്തിൽ അദ്ദേഹം ഇങ്ങനെ പറയുകയുണ്ടായി: "ജനാബ് ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് സാഹിബിനേയും അദ്ദേഹത്തിന്റെ സംഘടിതമായ ജമാഅത്തിനെയും കുറിച്ച് ഈ വരികളിൽ ഒന്നും പറയാതിരിക്കുന്നത് നന്ദിയില്ലായ്മയായിരിക്കും. ഇവർ മതപരമായ അഭിപ്രായവ്യത്യാസമുളളതിനോടുകൂടി തങ്ങളുടെ മുഴുവൻ ശ്രദ്ധയേയും പൊതുവെ മുസ്‌ലിംകളുടെ ക്ഷേമാഭിവൃദ്ധിക്കായി വ്യാപരിപ്പിക്കുന്നു.......... ഇസ്‌ലാമിലെ ഈ സുസംഘടിതസംഘത്തിന്റെ പ്രവർത്തനരീതി ഭൂരിപക്ഷമുസ്‌ലിംകൾക്ക് പൊതുവായും, പളളികളിലിരുന്നുകൊണ്ട് ഇസ്‌ലാംമതസേവനത്തെക്കുറിച്ചു മിഥ്യാവാദം പുറപ്പെടുവിക്കുക ശീലമാക്കിയിട്ടുളളവർക്ക് പ്രത്യേകിച്ചും വഴിതെളിയിക്കുന്ന ദീപമായിത്തീരുന്ന കാലം അത്ര വിദൂരമല്ല" (ഹംദർദ്, 26–9–27) മൗലാനാ മുഹമ്മദലി മർഹൂം മുർതദ്ദിന്നു വധശിക്ഷ പാടില്ല എന്ന അഭിപ്രായക്കാരനായിരുന്നു എന്നു മൗദൂദി സാഹിബ്തന്നെ സമ്മതിക്കുന്നുണ്ട്. അദ്ദേഹം പറയുകയാണ്: "മുർതദ്ദ് വധാർഹനാണോ എന്ന പ്രശ്നത്തെക്കുറിച്ച് ഒരവസരത്തിൽ ഇന്ത്യയിൽ വലിയ വാദകോലാഹലം നടക്കുകയും നാലുഭാഗത്തുനിന്നും അതിനെ കുറിച്ച് ആക്ഷേപങ്ങൾ ഉണ്ടാവുകയും ചെയ്തപ്പോൾ യഥാർത്ഥമുസൽമാനായ മൗലാനാ മുഹമ്മദലീ മർഹൂംപോലും, മുർതദ്ദ് വധാർഹനല്ലെന്നതിലേക്കുളള രേഖകൾക്ക് മുമ്പിൽ പരാജയപ്പെട്ടുപോയിരുന്നു" (മുർതദ്ദ് കീ സസാ ഇസ്‌ലാമീ ഖാനൂൻമെ, ഭാ.45, 46). മൗദൂദി സാഹിബ് ഇപ്പറയുന്നതിനെക്കുറിച്ച് ഇവിടെ ഞാനൊന്നും പറയുന്നില്ല. എന്നാൽ, അഹ്മദികൾ ഒരു അമുസ്‌ലിംകക്ഷിയാണെന്നു കരുതുന്നതു കടുത്ത അന്യായമാണെന്നും, മുർതദ്ദ് വധാർഹനാണെന്ന വാദം ഇസ്‌ലാമികാദ്ധ്യാപനങ്ങൾക്കും നീതിക്കും ന്യായത്തിനും കടകവിരുദ്ധമാണെന്നും, 'ഹുക്കൂമത്തെ ഇലാഹി' അല്ലാത്ത ഭരണത്തിങ്കീഴിൽ – പൈശാചികഭരണമെന്നു മൗദൂദി സാഹിബ് സംജ്ഞചെയ്യുന്ന അനിസ്‌ലാമികഭരണത്തിൻകീഴിൽ – ഒരു മുസ്‌ലിമിന്നു യഥാർത്ഥമുസ്‌ലിമായി ജീവിക്കാനാവുമെന്നും ദൃഢമായി വിശ്വസിച്ചിരുന്ന മൗലാനാ മുഹമ്മദലി, മൗദൂദി സാഹിബിന്റെ പക്കൽ ഒരു യഥാർത്ഥമുസ്‌ലിം ആയതെങ്ങിനെയെന്നത് അതീവ ദുർഗ്രഹം തന്നെയെന്നു പറയാതെ തരമില്ല.

മാഹിറൂൽ ഖാദിരി സാഹിബ് പാകിസ്താൻ ഗവർമ്മെണ്ടിനെകുറിച്ചു ആക്ഷേപിച്ചിരിക്കുന്ന മറ്റൊരു സംഗതി പാകിസ്താൻ ഗവർമ്മേണ്ട് ബ്രിട്ടീഷ് ഭരണകർത്താക്കളെപ്പോലെ തന്നെ 'സേഫ്ററി ആക്ട് ', 'പ്രസ്സ് ആക്ട് ','ഓർഡിനൻസ്' മുതലായവ നടപ്പാക്കുകയും പ്രജായത്തഭരണത്തിലുളള പൗരാവകാശങ്ങളെ ധ്വംസിക്കുകയും ചെയ്യുന്നുവെന്നതാണ്. മൗദൂദി സാഹിബും പാർട്ടിയും അപ്പോലെതന്നെ അഹ്റാർ സംഘടനയും അവർക്കരുനിൽക്കുന്നവരും പാകിസ്താനിൽ എന്തൊക്കെക്കാട്ടിക്കൂട്ടിയാലും ദുർബ്ബലരായ ന്യൂനപക്ഷക്കാരെ ദ്രോഹിക്കുകയും, മർദ്ദിക്കുകയും, വധിക്കുകയും കൊളളയും തീവെപ്പും നടത്തുകയും ചെയ്താലും അതെല്ലാം ജനകീയഭരണത്തിലെ പൗരാവകാശങ്ങളാണെന്നു വെച്ച് ഗവർമ്മെണ്ട് മിണ്ടാതെ കൈയ്യും കെട്ടി കണ്ടുനിന്നുകൊളളണമെന്നും അക്രമികളും ദ്രോഹികളും സർവ്വതന്ത്രസ്വതന്ത്രരായിരിക്കണമെന്നും, അഹ്മദികൾ പൗരാവകാശങ്ങൾക്കും ജനാധിപത്യത്തിലെ പൗരസ്വാതന്ത്ര്യങ്ങൾക്കും അർഹരല്ലെന്നും ആയിരിക്കാം മാഹിറുൽ ഖാദിരി സാഹിബ് വിവക്ഷിക്കുന്നത് ! ഇതായിരിക്കാം പാകിസ്താൻ ഗവർമ്മെണ്ടിന്മേൽ അദ്ദേഹം അരോപിക്കുന്ന പൗരാവകാശനിഷേധക്കുററം. എന്നാൽ അവിടെ അഹ്മദികൾക്കെതിരിൽ നടന്ന സംഭവങ്ങൾ മൗദൂദി സാഹിബിന്റെ അനുയായികളുടെ എതിരിലാണ് നടന്നിരുന്നതെങ്കിൽ, മാഹിറുൽ ഖാദിരി സാഹിബ് പറയുന്നതെന്താകുമായിരുന്നു? ഹാ, അതദ്ദേഹം ചിന്തിച്ചിരുന്നുവെങ്കിൽ!

'സവാത്ത്' എന്ന പ്രദേശത്ത് മൗദൂദി സാഹിന്റെ അനുയായികളോട് അവിടുത്തുകാർ പരുഷമായി പെരുമാറുകയും കടുത്ത നയം സ്വീകരിക്കുകയും ചെയ്തതിനെകുറിച്ച് മൗദൂദി സാഹിബ് ഒരിക്കൽ ഇങ്ങിനെ ആവലാതിപ്പെടുകയുണ്ടായി: "ഒരു നാട്ടിലെ സമാധാനപരമായ സാമൂഹ്യ പ്രസ്ഥാനത്തെയും ബുദ്ധിപൂർവ്വക

*(ശേഷം 29-ാം പേജിൽ)*

ലേഖനം

# ദൈവത്തിന്റെ ഏകത്വം

ഡോ. അബ്ദുൾ അസീസ്

ദൈവം അവന്റെ സത്തയിലും ഗുണത്തിലും പ്രവൃത്തിയിലും ഏകനും അതുല്യനും അനുപമനുമാണ്

ദൈവത്തിന്റെ അസ്തിത്വത്തിലും അവന്റെ ഏകത്വത്തിലുമുള്ള വിശ്വാസമാണ് ഇസ്ലാമിന്റെ അടിസ്ഥാന പ്രമാണം. ദൈവത്തിന്റെ ഏകത്വം എന്നതിന്റെ അർത്ഥം അപരിമേയമായ ശക്തിയും ഗുണങ്ങളും ഉള്ള ഏകനും അതുല്യനുമായവൻ എന്നാണ്. അവനാകട്ടെ യാതൊരു പങ്കുകാരനും കൂട്ടുകാരുമില്ലാത്തവനുമാണ്. ദൈവം ഏകനാണ് എന്നാണ് ഇസ്ലാമിന്റെ അദ്ധ്യാപനം. അവൻ ഉണ്മയിൽ ഏകനാണ്, അവന്റെ ഗുണങ്ങളിൽ ഏകനാണ്. എല്ലാ അർത്ഥത്തിലും അവൻ ഏകനാണ്. അവന്റെ മഹത്വത്തിലും പ്രതാപത്തിലും പങ്കുകാരനില്ല. വാസ്തവത്തിൽ മഹത്തായ മതങ്ങൾക്ക് രണ്ടു വിധത്തിലുള്ള ലക്ഷ്യങ്ങളുണ്ട്. ദൈവത്തിന്റെ ഏകത്വത്തിൽ വിശ്വസിപ്പിക്കുകയും, സഹജീവികളോട് നീതിപൂർവ്വമായും ദയാവായ്പോടും കാരുണ്യത്തോടും പെരുമാറാൻ, മനുഷ്യനെ സജ്ജമാക്കുകയുമാണ് അത്. ഈ ലേഖനത്തിൽ പ്രഥമ ലക്ഷ്യമായ ദൈവത്തിന്റെ ഏകത്വത്തിലുള്ള വിശ്വാസത്തെക്കുറിച്ച് മാത്രമാണ് പ്രതിപാദിക്കുന്നത്.

പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ എല്ലാ സ്തുതിയും സർവ്വലോക പരിപാലകനായ അല്ലാഹുവിന്നാകുന്നു. പരമകാരുണികൻ, കരുണാമയൻ. പ്രതിഫലം നൽകപ്പെടുന്ന നാളിന്റെ ഉടമസ്ഥൻ. (1:1-4)

പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ പറയുക, അവൻ അല്ലാഹുവാകുന്നു. ഏകൻ, അല്ലാഹു സർവ്വാധിനാഥനാണ് (സ്വാശ്രയനും എല്ലാവരാലും ആശ്രയിക്കപ്പെടുന്നവനുമാണ്) അവൻ സന്താനോൽപാദനം ചെയ്തിട്ടില്ല. അവൻ (ആരുടേയും സന്താനമായി) ഉൽപ്പാദിപ്പിക്കപ്പെട്ടിട്ടുമില്ല. (112:1.5)

മഹത്തായ മതങ്ങളുടെ പ്രമാണികമായ ലക്ഷ്യം ദൈവത്തിന്റെ അസ്തിത്വത്തെ സംബന്ധിച്ചും അവന്റെ ഗുണങ്ങളെ (Atributes) സംബന്ധിച്ചും മനുഷ്യന് ജ്ഞാനം നൽകുക എന്നതാണ്. പരമകാരുണികനും കരുണാനിധിയുമായ ദൈവം പ്രവാചകന്മാർക്ക് സ്വയം വെളിപ്പെട്ടുകൊണ്ട് അവരെ മനുഷ്യസമുദായത്തിന് വേണ്ടി എഴുന്നേൽപ്പിക്കുന്നു. വെളിപാടുകൾ മുഖേന പ്രവാചകന്മാരിലൂടെയായിരുന്നു ദൈവത്തെ സംബന്ധിച്ചും അവന്റെ ഗുണങ്ങളെ സംബന്ധിച്ചുമുള്ള ജ്ഞാനം ജനങ്ങൾക്ക് നൽകപ്പെട്ടത്. ദൈവത്തിന്റെ ഏകത്വമായിരുന്നു പ്രവാചകന്മാർ നൽകിയ പ്രമാണികവും അടിസ്ഥാനപരവുമായ അദ്ധ്യാപനം. അതായത് പരമകാരുണികനും, കരുണാനിധിയും, സ്രഷ്ടാവും എല്ലാം അറിയുന്നവനും, സർവ്വജ്ഞനും സകലതിന്റേയും യജമാനനും പ്രഭുവുമായ ദൈവം. അവൻ യാതൊരു പങ്കുകാരനുമില്ലാത്ത ഏകനാകുന്നു. ഏകനായ അവൻ തന്റെ ഗുണത്തിലും സത്തയിലും പങ്കുകാരനില്ലാത്തവനും അതുല്യനുമാണ്. ദൈവത്തിന്റെ ഗുണങ്ങൾ മനസ്സിലാക്കിയാണ് നാം ദൈവത്തെ അറിയുന്നത്. ദൈവത്തെ മാത്രം ആരാധിക്കാനും മറ്റെന്തിനേക്കാളും ദൈവത്തെ സ്നേഹിക്കാനും മനുഷ്യൻ പഠിപ്പിക്കപ്പെട്ടിരിക്കുന്നു. ഒരു വിശ്വാസി ദൈവത്തിന്റെ ഗുണങ്ങളെ സംബന്ധിച്ച് ചിന്തിക്കുമ്പോൾ ദൈവത്തിന്റെ അപരിമേയവും നിരുപാധികവുമായ കാരുണ്യത്തെ പറ്റിയും മഹത്വത്തെക്കുറിച്ചും ബോദ്ധ്യപ്പെടുന്നു. ദൈവത്തിന്റെ സൃഷ്ടിപ്പിനെക്കുറിച്ച് ചിന്തിക്കുമ്പോൾ അവന്റെ സൗന്ദര്യത്തെക്കുറിച്ച് മനുഷ്യന് അവബോധമുണ്ടാകുന്നു. അപ്പോൾ അവൻ ദൈവത്തെ സ്നേഹിക്കുകയും ആരാധിച്ചു തുടങ്ങുകയും ചെയ്യുന്നു. വിശ്വാസി ആത്മീയമായി പുരോഗതി പ്രാപിക്കുന്നതിനനുസരിച്ച് ഈ സ്നേഹം ശക്തിപ്പെട്ടുവരുന്നു. ദൈവത്തെ ആരാധിക്കുന്നവനേയും സ്നേഹിക്കുന്നവനേയും ദൈവവും സ്നേഹിക്കു

ന്നു. ദൈവത്തിന് വേണ്ടി പ്രയാസവും കഷ്ടവും സഹിക്കുന്നവരെയെല്ലാം ദൈവം സന്മാർഗ്ഗത്തിലേക്ക് നയിക്കുകയും സഹായിക്കുകയും ചെയ്യുന്നു. കാലമേറെ കഴിഞ്ഞപ്പോൾ ബഹുദൈവാരാധനാ സംബന്ധമായ നിരവധി വിശ്വാസങ്ങൾ മതവിശ്വാസികൾ കൈകൊണ്ടു. മനുഷ്യൻ പ്രകൃതി ശക്തികളേയും മനുഷ്യനേയും അവരുടെ ദൈവങ്ങളായി ആരാധിക്കാൻ തുടങ്ങി.

നിരവധി മതങ്ങൾ ദൈവത്തിന്റെ സ്ഥാനത്ത് മനുഷ്യനെ ആരാധിക്കുന്നു. ജീസസ് (അ) ശ്രീകൃഷ്ണൻ (അ) ബുദ്ധൻ (അ) എന്നീ മനുഷ്യരും പ്രവാചകന്മാരുമായ വ്യക്തികളെ അവർ ദൈവമായി ആരാധിക്കുന്നു. ഈ മഹത്തുക്കളെല്ലാം തന്നെ തങ്ങൾ സ്വയം ദൈവത്തിന്റെ അവതാരങ്ങളാണ് എന്ന് അവകാശപ്പെട്ടിട്ടില്ല. തങ്ങളെ ആരാധിക്കാൻ അവർ തങ്ങളുടെ അനുയായികളെ ആഹ്വാനം ചെയ്തിട്ടുമില്ല. കാലക്രമേണ അവരുടെ പരിശുദ്ധമായ മതാദ്ധ്യാപനങ്ങൾ പലവിധ സ്വാധീനങ്ങൾക്കും വിധേയപ്പെട്ട് അലങ്കോലപ്പെടുകയാണുണ്ടായത്. അവസാനം മതങ്ങൾ പരിണമിച്ച് വിശ്വമതമായ ഇസ്ലാമിൽ പരിപൂർണത പ്രാപിക്കുകയുണ്ടായി. പ്രവാചകനായ മുഹമ്മദ് നബി (സ)ക്ക് പരിപൂർണ ഗ്രന്ഥമായ വിശുദ്ധഖുർആൻ വെളിപ്പെടുകയും ചെയ്തു. ദൈവത്തിന്റെ ഏകത്വത്തെപ്പറ്റിയും ആകാശത്തിനു കീഴിലെ ഏതൊരു ഗ്രന്ഥത്തേക്കാളും ഏറ്റവും പരിപൂർണമായ നിലയിൽ ഖുർആൻ നമ്മെ പഠിപ്പിക്കുകയും നമുക്ക് ദൈവത്തെ സംബന്ധിച്ച് കൂടുതൽ ജ്ഞാനം പകരുകയും ചെയ്യുന്നു. ഖുർആനിൽ അല്ലാഹുവിന്റെ നൂറ് ഗുണങ്ങൾ വർണ്ണിക്കപ്പെട്ടിട്ടുണ്ട്. അല്ലാഹുവിന് നൂറ് ഗുണങ്ങൾ മാത്രമേ ഉള്ളൂവെന്നും അതിനപ്പുറം ഗുണങ്ങളില്ല എന്നും ഇതിനർത്ഥമില്ല. അല്ലാഹുവിന്റെ ഗുണങ്ങൾക്ക് പരിധിയില്ല. അല്ലാഹു ഖുർആനിൽ പറയുന്നു. 'എല്ലാ പരിപൂർണ്ണ നാമങ്ങളും (ഗുണങ്ങൾ) അല്ലാഹുവിനുള്ളതാണ്'.

അല്ലാഹു സർവ്വജ്ഞനാണ്. അവൻ എല്ലാറ്റിനേയും വലയം ചെയ്യുന്നു. മനുഷ്യന് ദൈവത്തെ വലയം ചെയ്യാനോ അവനെ പൂർണ്ണമായി ഗ്രഹിക്കാനോ സാധ്യമല്ല. ദൈവത്തെ സംബന്ധിച്ചും അവന്റെ ഗുണങ്ങളെ സംബന്ധിച്ചുമുള്ള അറിവ് ഒരാൾ സ്വീകരിച്ച മതഗ്രന്ഥത്തേയും അയാളുടെ ആത്മീയ ഗുരുവിനേയും ആശ്രയിച്ചാണിരിക്കുക. മാത്രമല്ല, ഒരു വ്യക്തി തദാവശ്യാർത്ഥം ദൈവാന്വേഷണ മാർഗ്ഗത്തിൽ നടത്തുന്ന പരിശ്രമങ്ങൾക്ക് അനുസൃതമായിട്ടായിരിക്കും അവന് ദൈവത്തെ സംബന്ധിച്ച അറിവ് ലഭിക്കുക. അതായത് ആത്മശുദ്ധീകരണം, ആത്മാർത്ഥമായ പ്രാർത്ഥനകൾ സത്യമാർഗ്ഗത്തിലുള്ള അശ്രാന്ത പരിശ്രമം മുതലായവയുമായി അത് ബന്ധപ്പെട്ട് നിൽക്കുന്നു. ദൈവത്തിന് വേണ്ടി പരിശ്രമിക്കുന്നവനെ ദൈവം സഹായിക്കുകയും മാർഗ്ഗം കാണിക്കുകയും ചെയ്യുന്നു. ദിവ്യജ്ഞാനം ആർജ്ജിക്കുന്നതിന് പല തലങ്ങളുമുണ്ട്. മനുഷ്യന് ദൈവവുമായുള്ള ബന്ധം, ദൈവവുമായും അവന്റെ ഗുണങ്ങളുമായും മനുഷ്യനുള്ള അനുഭവങ്ങൾ എന്നിവയാണവ. ആത്മീയ പുരോഗതിയുടെ ഏറ്റവും സമുന്നത തലം പ്രവാചകന്മാർക്കോ ദൈവദൂതന്മാർക്കോ അല്ലെങ്കിൽ ദൈവാനുഗ്രഹം സിദ്ധിച്ച ജ്ഞാനികളായ സദ്പുരുഷന്മാർക്കോ ആണ് പ്രാപ്യമാകുക. ഒരാൾക്ക് അയാളുടെ കർമ്മങ്ങൾ കൊണ്ട് മാത്രം ദൈവജ്ഞാനത്തിലും ആത്മീയ പുരോഗതിയിലും ഉന്നതി കൈവരിക്കാൻ സാധ്യമല്ല. കർമ്മവും പരിശ്രമവും ആവശ്യം തന്നെയാണ്. ദൈവത്തിന്റെ കാരുണ്യമാണ് അത് സാധ്യമാക്കിത്തീർക്കുന്നത്. ദൈവജ്ഞാനത്തിനു വിശ്വാസമുള്ളവരും ജ്ഞാനം നൽകപ്പെട്ടവരുമായ വ്യക്തികൾ സൽക്കർമ്മങ്ങൾ ചെയ്തുകൊണ്ട് ദൈവത്തോട് പ്രാർത്ഥിക്കുമ്പോൾ അവർ ആത്മീയമായി പുരോഗമിക്കുകയും മുമ്പില്ലാതിരുന്ന വിധത്തിൽ ആത്മീയമായ ജ്ഞാനങ്ങളിൽ അനുഗ്രഹീതരാവുകയും ചെയ്യും. അത് വിശ്വാസിയുടെ മരണം വരെയും, മരണത്തിന് ശേഷവും തുടരുന്ന അവസാനിക്കാത്ത ഒരു യാത്രയാണ്.

ദൈവത്തിന്റെ ഏകത്വവുമായി ബന്ധപ്പെട്ട ഹദ്റത്ത് അഹ്മദ് (അ)ന്റെ രണ്ട് ഉദ്ധരണികളാണ് താഴെ കൊടുത്തിരിക്കുന്നത്.

'എന്റെ അദ്ധ്യാപനങ്ങൾക്കനുസരിച്ച് ജീവിക്കാൻ സർവ്വശക്തനും സർവ്വപരിപാലകനുമായ ഒരു പരമോന്നത അസ്തിത്വത്തിൽ ഗാഢമായി വിശ്വസിക്കൽ ഒഴിച്ചുകൂടാനാവാത്തതാണ്. അവൻ എല്ലാറ്റിന്റേയും സ്രഷ്ടാവും മാറ്റമില്ലാത്തവനും, ശാശ്വതനും അനന്തനുമാണ്. അവൻ ആരുടേയും ജാതനല്ല. ആരുടേയും ജനകനുമല്ല. അവൻ പരിശുദ്ധനാണ്. ആയതിനാൽ അവൻ ക്രൂശിതനോ, യാതൊർത്ഥത്തിലും പീഢിതനോ, മരണത്തിന് വിധേയനോ ആവേണ്ടതില്ല. അത്തരം കാര്യങ്ങളിൽ നിന്നെല്ലാം വിദൂരപ്പെട്ടവനാണ് ദൈവം. അവൻ ഏറ്റവും അടുത്തവനാണ് അവൻ ഏറ്റവും അടുത്ത് സ്ഥിതി ചെയ്യുന്നവനായിരിക്കെ ഏറ്റവും വിദൂരസ്ഥനുമാണ്. അവൻ ഏകനാണ്. എല്ലാ അർത്ഥത്തിലും അതുല്യനാണ്. അവൻ പല വിധത്തിലും രീതിയിലും പ്രകടിതനാവുന്നു. (നമ്മുടെ അദ്ധ്യാപനങ്ങൾ പേജ് 1)

'അല്ലയോ ശ്രോതാക്കളെ ശ്രവിച്ചു കൊൾവീൻ! ദൈവം നിങ്ങളിൽ നിന്നു എന്താണാഗ്രഹിക്കുന്നത്? നിങ്ങൾ അവന്റേതായി മാറണം എന്നുതന്നെ. അവനോടൊപ്പം നിങ്ങൾ ആരേയും കൂട്ടുചേർക്കരുത്. ആകാശത്തിലെന്നല്ല. ഭൂമിയിലും നമ്മുടെ ദൈവം മുമ്പെന്നത്തെയും പോലെ ഇപ്പോഴും ജീവിച്ചിരിക്കുന്ന ദൈവമാകുന്നു. അവൻ പണ്ടെല്ലാം സംസാരിച്ചിരുന്നത് പോലെ ഇന്നും സംസാരിക്കുന്നവനാകുന്നു. പണ്ടെല്ലാം കേട്ടുകൊണ്ടിരുന്നതുപോലെ ഇപ്പോഴും കേൾക്കുന്നവനാകുന്നു. അവൻ കേൾക്കുന്നവനാണെങ്കിലും ഇപ്പോൾ സംസാരിക്കുന്നില്ല എന്നത്

ഒരു വ്യർത്ഥവിചാരം മാത്രമാകുന്നു. അവൻ കേൾക്കുകയും സംസാരിക്കുകയും ചെയ്യുന്നു. അവന്റെ എല്ലാ ഗുണവിശേഷണങ്ങളും നിത്യങ്ങളും ശാശ്വതങ്ങളുമത്രെ ഒരു ഗുണവും നിഷ്ക്രിയമായിരിക്കുന്നില്ല. ഒരിക്കലും നിഷ്ക്രിയമാകുന്നതുമല്ല. അവൻ ഏകനും കൂട്ടുകാരനില്ലാത്തവനുമായിത്തന്നെയിരിക്കുന്നു. അവനു പുത്രനില്ല മിത്രവുമില്ല. അവൻ നിർമലനും നിർമ്മമനുമാകുന്നു. അവനെപോലെ മറ്റൊരുത്തനുമില്ല തന്നെ. അവനോടു സാമ്യനായി ആരും തന്നെയില്ല. അവന് അനുഗുണനായി ആരും തന്നെയില്ല.

അവന്റെ ശക്തിക്ക് കുറവ് പറ്റുകയില്ല. അവൻ അകലെയുള്ളവനാണെങ്കിലും അടുത്തവനാകുന്നു. അടുത്തുള്ളവനാണെങ്കിലും അകലത്തുള്ളവനാകുന്നു. അവൻ കശ്ഫിന്റെ അഹ്ലുകാർക്ക് സ്വയം സദൃശാത്മക രൂപത്തിൽ വെളിപ്പെടുന്നുവെങ്കിലും അവന് ഒരു ശരീരവുമില്ല. ഒരു രൂപവുമില്ല. അവൻ എല്ലാറ്റിന്റെയും മീതെയാകുന്നു. എന്നാൽ അവന് കീഴെ മറ്റാരെങ്കിലും ഉണ്ടെന്നും പറഞ്ഞു കൂട. അവൻ അർശിലാണെന്നു പറയുമ്പോൾ ഭൂമിയിലില്ലെന്നു പറയാവതല്ല. അവൻ എല്ലാപരിപൂർണ ഗുണങ്ങളുടേയും സമവായമാകുന്നു. എന്നാൽ എല്ലാ യഥാർത്ഥ സ്തുത്യതയുടേയും പ്രതിബിംബമാണവൻ. എല്ലാ നന്മകളുടെയും ഉറവിടമാണവൻ. എല്ലാ അനുഗ്രഹങ്ങളുടെയും നിർഗമസ്ഥാനം അവനാകുന്നു. എല്ലാ ഓരോ വസ്തുവിന്റേയും ഒടുക്കവും മടക്കവും അവനിലേക്കാകുന്നു. എല്ലാ ഓരോ ലോകങ്ങളുടേയും യജമാനൻ അവനാകുന്നു. അവൻ എല്ലാ ബലഹീനതകളിൽ നിന്നും കുറവുകളിൽ നിന്നും അതീതനാകുന്നു. അവന്റെ മുന്നിൽ യാതൊന്നും അസാദ്ധ്യമായിരിക്കുന്നില്ല. സകല ആത്മാക്കളും അവയുടെ ശക്തികളും അവന്റെ സൃഷ്ടങ്ങളാകുന്നു. അവനെകൂടാതെ യാതൊരു വസ്തുവും വെളിപ്പെടുന്നില്ല അവന്റെ ശക്തികളും ഖുദ്റത്തുകളും ദൃഷ്ടാന്തങ്ങളും മുഖേനയാണവൻ അവനെ ത്തന്നെ സ്വയം വെളിപ്പെടുത്തുന്നത് അവൻ മുഖേന മാത്രമേ നമുക്ക് അവനെ പ്രാപിക്കാൻ ആവുകയുള്ളൂ. സദ് വൃത്തന്മാർക്ക് അവൻ കാലാകാലങ്ങളിൽ അവന്റെ ഉണ്മയെ വെളിപ്പെടുത്തിക്കൊടുക്കുകയും ചെയ്യുന്നു. ഇത്തരത്തിലാണ് അവൻ തിരിച്ചറിയപ്പെടുന്നത്. ഈ മാർഗ്ഗത്തിലാണ് അവന് ഇഷ്ടപ്പെട്ട സദ്വൃത്തന്മാർ ചരിക്കുക.

ഭൗതികമായ കണ്ണുകൾ കൂടാതെ അവൻ കാണുന്നു. ഭൗതികമായ കാതുകൾ കൂടാതെ അവൻ കേൾക്കുന്നു. ഭൗതികമായ നാവ് കൂടാതെ അവൻ സംസാരിക്കുകയും ചെയ്യുന്നു. അതുപോലെ ഇല്ലായ്മയിൽ നിന്നു ഉണ്ടാക്കുക അവന്റെ പ്രവൃത്തിയാകുന്നു. സ്വപ്നദൃശ്യത്തിൽ യാതൊരു ഭൗതിക വസ്തുക്കളും കൂടാതെ ഒരു പ്രപഞ്ചം സൃഷ്ടിക്കുന്നത് നിങ്ങൾ കാണുന്നില്ലേ? നശിച്ചുപോയതിനേയും നിലവിലില്ലാത്തതിനേയും അവൻ നിലനിൽക്കുന്നതായി നിങ്ങൾക്ക് കാണിച്ചുതരുന്നില്ലേ. ചുരുക്കത്തിൽ അപ്രകാരം തന്നെയാണ് അവന്റെ അത്ഭുതകളും ഗുണങ്ങളും ഗ്രഹിക്കുക. അവന്റെ അത്ഭുതശക്തികളെ നിഷേധിക്കുന്നവൻ തീർച്ചയായും അല്പജ്ഞരാണ്. അയാൾ അന്ധനാകുന്നു. സകലതും ചെയ്യുന്നവനും ചെയ്യാൻ കഴിവുള്ളവനുമാകുന്നു അവൻ. തന്റെ മഹത്വത്തിനും, പ്രതാപത്തിനും, പരിശുദ്ധിക്കുമെതിരായ കാര്യങ്ങളൊഴിച്ച് അഥവാ താൻ ചെയ്യില്ലെന്ന് നിശ്ചയിച്ച കാര്യങ്ങളിലൊഴിച്ച് അവൻ തന്റെ സത്തയിലും ഗുണത്തിലും പ്രവർത്തിയിലും ശക്തിയിലും ഏകനും അതുല്യനുമത്രെ. (അൽവസിയത്ത് പേജ് 11-12)

ദൈവത്തിന്റെ ഏകത്വവും അവന്റെ നിരവധി ഗുണങ്ങളും പ്രതിപാദിക്കുന്ന ഖുർആൻ വചനങ്ങൾ ഉദ്ധരിച്ചുകൊണ്ട് നാം ഈ ലേഖനം അവസാനിപ്പിക്കാം.

അല്ലാഹു (തനിക്കായി) ഒരു പുത്രനെ സ്വീകരിച്ചിരിക്കുവെന്ന് അവർ പറയുന്നു. അവൻ പരിശുദ്ധനാണ്. അവൻ സ്വാശ്രയനുമാണ്. ആകാശങ്ങളിലും ഭൂമിയിലുമുള്ള തെല്ലാം അവന്ന് അധീനമാണ്. തൽ സംബന്ധമായി നിങ്ങളുടെ പക്കൽ തെളിവുകളൊന്നുമില്ല. നിങ്ങൾക്ക് അറിഞ്ഞുകൂടാത്ത കാര്യങ്ങൾ അല്ലാഹുവിന്റെ മേൽ നിങ്ങൾ സങ്കല്പിച്ചു പറയുകയാണോ? (10:69)

ദൃഷ്ടികൾ അവനിലേക്ക് എത്തുകയില്ല. എന്നാൽ അവൻ ദൃഷ്ടികളിലേക്ക് എത്തുന്നു. അവൻ അതിസൂക്ഷ്മനും സൂക്ഷ്മജ്ഞനുമാകുന്നു. (6:104)

ഗ്രന്ഥാനുസാരികളേ, നിങ്ങൾ നിങ്ങളുടെ മതകാര്യത്തിൽ അമിതത്വം പ്രവർത്തിക്കരുത്. അല്ലാഹുവിനെ സംബന്ധിച്ച് സത്യമല്ലാതെ നിങ്ങൾ പറയുകയുമരുത്. നിശ്ചയമായും മർയമിന്റെ പുത്രൻ ഈസാ മസിഹ് അല്ലാഹുവിന്റെ ദൂതനും മർയമിന് അവൻ ഇറക്കികൊടുത്ത വചനത്തിന്റെ സാക്ഷാത്കാരവും അവന്റെ പക്കൽ നിന്നുള്ള ഒരു കാരുണ്യവും മാത്രമാണ്. അതിനാൽ നിങ്ങൾ അല്ലാഹുവിലും അവന്റെ എല്ലാ പ്രവാചകന്മാരിലും വിശ്വസിക്കുക. നിങ്ങൾ (ദൈവം) മൂന്നാണ് എന്ന് പറയരുത്. നിങ്ങൾ (അങ്ങനെ പറയുന്നതിൽ നിന്ന്) വിരമിക്കുക. (ഇത്) നിങ്ങൾക്ക് ഗുണകരമായിരിക്കും അല്ലാഹു ഒരേയൊരു ദൈവം മാത്രമാണ് തനിക്ക് സന്താനങ്ങളുണ്ടാവുന്നതിൽ നിന്നും അവൻ പരിശുദ്ധനത്രെ. ആകാശങ്ങളിലും ഭൂമിയിലുമുള്ളതെല്ലാം അവന്റെതാകുന്നു. രക്ഷാകർത്താവായി അല്ലാഹു മതിയായവനാണ്. (4:172).

ഒരു സന്താനത്തെ സ്വീകരിക്കുക എന്നത് അല്ലാഹുവിന് യോജിച്ചതല്ല. അവൻ പരിശുദ്ധനാണ് ഏതെങ്കിലും ഒരു കാര്യം അവൻ തീരുമാനിച്ചു കഴിഞ്ഞാൽ ഉണ്ടാവുക എന്നവൻ പറയുക മാത്രം ചെയ്യുന്നു. അപ്പോൾ അതുണ്ടാകുന്നു. (19:30)

*(ശേഷം 36-ാം പേജിൽ)*

ലേഖനം

# വളരുന്ന ഖാദിയാൻ

**എൻ. അബ്ദുറഹീം**

എരുതിൻ കൂട്ടങ്ങൾ മേഞ്ഞു നടന്ന കേൾവിയും കേൾപ്പോരുമില്ലാത്ത ഖാദിയാൻ ഇന്ന് പടുകൂറ്റൻ അന്തർദേശീയ സമ്മേളനങ്ങൾക്ക് വേദിയാവുകയാണ്.

**കേ**ൾപ്പോരും കേൾവിയുമില്ലാത്ത ഒരു ഗ്രാമത്തിൽ അടിമഭാരതത്തിലെ ഏറ്റവും അവികസിതമായ ഒരു ജില്ലയിലെ ഒരു മൂലയിലാണ് ആ ദിവ്യശബ്ദം ഉയർന്നത്. ഖാദിയാൻ എന്ന കൊച്ചുഗ്രാമത്തിൽ ജനിച്ച ആ യുഗാചാര്യന്റെ നാദഭേരി ദിഗന്തങ്ങളിൽ മാറ്റൊലിക്കൊണ്ടു. "ഒരു പുതിയ ആകാശവും പുതിയ ഭൂമിയും" സൃഷ്ടിക്കാനുള്ള യുഗ ദീർഘമായ ആഗോളയജ്ഞത്തിന്റെ തുടക്കം കുറിച്ച ആ പ്രദേശത്തിന്റെ പ്രഖ്യാതി ലോകം മുഴുവനും പറന്നുയരുകയായിരുന്നു.

കഷ്ടിച്ചു ഒരായിരം ആളുകൾ മാത്രം പാർത്തുവന്നിരുന്ന ആ ഗ്രാമം കുറുക്കന്മാരുടെയും കുറുനരികളുടെയും വിഹാരരംഗമായിരുന്നു. അറിയപ്പെടാത്ത വയലേലകളും കുററിക്കാടുകളും വിജനമൂകമായ ആ പ്രദേശത്തെ തികച്ചും അനാകർഷകമാക്കി. രാത്രി നേരം ആളുകൾ പുറത്തിറങ്ങാൻ ഭയപ്പെട്ടു. മഴ പെയ്താൽ ആ ഗ്രാമം മുഴുവനും വെള്ളത്താൽ ചുറ്റപ്പെടും. ഒരന്തരീക്ഷം കണക്കെ ആ പ്രദേശം ഒറ്റപ്പെടും. ചുററും തോണിതുഴഞ്ഞു നീങ്ങാമായിരുന്നു. വടക്കുഭാഗത്തെ ചെന്നായ്ക്കുളത്തിന്നടുത്തു ആളുകൾ അടുക്കുകയില്ലായിരുന്നു.

പരിഷ്കാരം എത്തിനോക്കിയിട്ടില്ലാത്ത ആ ഗ്രാമത്തിൽ, നാഗരികത തൊട്ടുതെറിപ്പിച്ചിട്ടില്ലാത്ത സിക്കുകർഷകരും അവരുടെ എരുതിൻകൂട്ടവും സൈ്വരവിഹാരം ചെയ്തു. ഇഷ്ടികകൾ കൊണ്ടുള്ള ഏതാനും വീടുകൾ ഒഴിച്ചാൽ ബാക്കിയെല്ലാം കട്ടവീടുകളും കുടിലുകളും. അഞ്ചോ ആറോ അണക്ക് വീടുകൾ മാസവാടകയ്ക്ക് കിട്ടും. പത്തോ പന്ത്രണ്ടോ ഉറുപ്പികയ്ക്ക് വീടു വയ്ക്കാനുള്ള നിലവും കിട്ടുമായിരുന്നു. ഖാദിയാനിലാകെ ഒരു പ്രൈമറി സ്കൂൾ മാത്രം അതുതന്നെ ഗ്രാമതപാലാപ്പീസും. കച്ചവടം ഹിന്ദുക്കൾ കൈയ്യടക്കിയിരുന്നു. ഹസ്രത്ത് അഹ്മദ് (അ) ന്റെ കുടുംബക്കാരാണ് ആ ഗ്രാമത്തിന്റെയും ചുറ്റുവട്ടത്തിന്റെയും നാടുവാഴികൾ..... എന്നാൽ, എല്ലാ പ്രതാപവും നമ്മുടെ ചരിത്രപുരുഷന്റെ പിതൃവ്യകുടുംബത്തിലെ നായകന്മാർക്കായിരുന്നു. മീർസാ ഇമാമുദ്ദീനും മീർസാ നിസാമുദ്ദീനും അവിടത്തെ മുടിചൂടാമന്നന്മാർ! അവരുടെ ആജ്ഞാനുവർത്തികളായി എന്തും ചെയ്യാൻ മടിക്കാത്ത ഒരു സേവകപരിഷയും അവർക്കുണ്ടായിരുന്നു.

ആധുനിക പരിഷ്കാരത്തിന്റെ അനുഗ്രഹസിദ്ധികളൊന്നും ഇനിയും ഖാദിയാൻ ഗ്രാമത്തിലേക്ക് കടന്നെത്തിയില്ല. അവിടെ കമ്പിയാപ്പീസില്ല, കമ്പിയില്ലാക്കമ്പിയില്ല, വിദ്യുച്ഛക്തിയില്ല. പോലീസ്സ്റ്റേഷനില്ല. റെയിൽപാളം അവിടത്തുകാർ കണ്ടിട്ടില്ല. മൂരിവണ്ടികളും കുതിരയെ പൂട്ടിയ യക്കകളും മാത്രമേ കാണാനാകൂ. പിന്നീട് സ്പ്രിംഗ് ഘടിപ്പിച്ച യക്കകൾ പ്രചാരത്തിലായെങ്കിലും ആദ്യകാലത്ത് നാടൻശകടങ്ങളാണ് നീങ്ങികൊണ്ടിരുന്നത്. 12 നാഴികയകലെ ബട്ടാലയാണ് താലൂക്ക് കേന്ദ്രം. ബട്ടാലയിൽനിന്നു തപ്പാലുരുപ്പടികൾ ആഴ്ചയിൽ രണ്ടുതവണ ഉച്ചതിരിഞ്ഞു യക്കയിൽ ഖാദിയാനിലെത്തും. വൈകുന്നേരം മെയിലുമായി യക്ക തിരിക്കുകയും ചെയ്യും. യക്കയിൽ ഖാദിയാനിൽനിന്നു ബട്ടാലയിലെത്താൻ ഒരാൾക്ക് 3 അണയാണ് യാത്രക്കൂലി. 1890ൽ താൻ ഒററയ്ക്ക് ബട്ടാലയിൽനിന്നു ഖാദിയാനിലേയ്ക്ക് യാത്ര ചെയ്തപ്പോൾ 12 അണയാണ്. യാത്രക്കൂലി കൊടുത്തതെന്നു ഡോ. മുഫ്തി മുഹമ്മദ് സാദിഖ് (റ) പറയുന്നു. (ദിക്ക്റെ ഹബീബ്). കുതിരയ്ക്ക് വിശ്രമിക്കാൻ യക്ക വഴിക്കൽ തങ്ങിയെന്നുവരും. ചിലപ്പോൾ യക്കാവാലയുടെ അഭ്യർത്ഥന മാനിച്ചു യാത്രക്കാർ പകുതിക്കുവെച്ച് ഇറങ്ങി നടക്കേണ്ടിയും വന്നേക്കാം. ബട്ടാലയിൽ നിന്നുള്ള പൊതുനിരത്തന്നെ അതീവദുർഗ്ഗമം. മഴ ചാറിയാൽ ചളി പിളി. ഖാദിയാനിലേക്കുള്ള മാർഗ്ഗമാകട്ടെ കുണ്ടും കുഴിയും നിറഞ്ഞതും. യക്ക ചാഞ്ഞും ചരിഞ്ഞും ചളിയിൽ പൂണ്ടും കുഴിയിൽ പതിഞ്ഞും നീങ്ങ

ണം. ശുചീകരണസംവിധാനങ്ങളൊന്നുമില്ല. ഡിസ്ട്രിക്ററ് ബോർഡ് അധികൃതർ ഇങ്ങോട്ടു തിരിഞ്ഞുനോക്കുകയേ ഇല്ലായിരുന്നു. ദൂരസ്ഥലങ്ങളിലേക്ക് ഹദ്റത്ത് അഹ്മദ് (അ) കുതിരപ്പുറത്താണ് യാത്ര ചെയ്തിരുന്നത്. ചിലപ്പോൾ പരിചാരകൻ കൂടെയുണ്ടാകും. ഖാദിയാൻ പരിസരത്തിന്റെ അതിർത്തി വിട്ടാലെ അദ്ദേഹം കുതിരപ്പുറത്തേറൂ. അതുവരെ ഇരുവരും ഒന്നിച്ചു നടന്നു നീങ്ങും. ചിലപ്പോൾ കുതിരപ്പുറത്ത് പരിചാരകനാകും സഞ്ചരിക്കുക. വിമ്മിഷ്ടം കാണിക്കുന്ന പരിചാരകനോടു പറയും, " എനിയ്ക്കു നടക്കാൻ മടിയില്ലല്ലോ, കുതിരപ്പുറത്ത് സവാരിചെയ്യാനാണോ നാണം?'' നിർബന്ധി താവസ്ഥയിൽ പരിചാരകൻ നതശീർഷനായി സവാരി തുടരും.

വാഗ്ദത്തമസീഹ് ഈ കുഗ്രാമത്തിലൂടെയാണ് നടന്നു നീങ്ങിയത്. ലോകത്തെ കീഴുമേൽ മറിക്കുന്ന ആ കൊടുങ്കാററ് ഒരു മന്ദ സമീരണനെപ്പോലെ ആ ഗ്രാമത്തെ തഴുകി നീങ്ങി. ആ യതിപുംഗവൻ നടന്നു പോകുന്നതു ലോകം അറിഞ്ഞില്ല. നതാക്ഷനായി, ധ്യാനലീനനായി ഗമിച്ച ആ യുവയമിയാകട്ടെ, ചുററുവട്ടം ശ്രദ്ധിച്ചതുമില്ല. ആ പാദപാംസുക്കളെ പുണ്യതീർത്ഥമായി കണ്ണോടുവെച്ചുമ്മവെയ്ക്കുവാൻ, ആ കാലിനടിയിലെ മൺതരികളെ ജീവിതസർവ്വസ്വമായി സൂക്ഷിച്ചുവെക്കാൻ തയ്യാറാകുന്ന ചക്രവർത്തിമാരും മഹാരാജാക്കന്മാരും രാഷ്ട്രനായകന്മാരും വരാനിരിക്കുന്നു എന്നു, ആ ദിവ്യപുരുഷന്റെ പാദസ്പർശമേററു പുളകമണിഞ്ഞു പിടഞ്ഞെഴുന്നു നിന്ന ആ പുൽക്കൊടികൾ അറിഞ്ഞു കാണുമോ?

അജ്ഞാതമായ ഒരു കോ ണിൽ ആരോരുമറിയാതെ, ആരെയും അറിയിക്കാതെ പള്ളിമൂലയിലും വീട്ടുമുറിയിലും ഒററപ്പെട്ടു ഗുപ്ത ജീവിതം നയിച്ചുപോന്ന ഇമാം മഹ്ദി (അ) ഇസ്ലാമിന്റെ നേരെയുള്ള ആക്രമണങ്ങളെ നേരിടാൻ കച്ചകെട്ടിയിറങ്ങിയതോടെയാണ് പത്രലോകത്തിലൂടെ പുറമേ അറിയപ്പെട്ടു തുടങ്ങിയത്. അതും ചിന്തകവൃത്തത്തിൽ മാത്രം പിന്നീട്, ബറാഹീൻ അഹ്മദിയ്യ പ്രസിദ്ധീകരിക്കപ്പെട്ടതോടെ അദ്ദേഹത്തിന്റെ പേർ പരക്കെ അറിയപ്പെടുമാറായി. ദൃഷ്ടാന്തങ്ങൾ കാണിക്കാമെന്ന വീരവാദവുമായി മതനേതാക്കളെ ആഹ്വാനം ചെയ്തപ്പോൾ സർവ്വത്ര ശ്രദ്ധേയനായി. വാഗ്ദത്ത മസീഹാണെന്ന വാദം പുറപ്പെടുവിച്ചപ്പോൾ ലോകത്തിന്റെ ശ്രദ്ധാകേന്ദ്രമായി. ഇമാം മഹ്ദിയുടെ ഖ്യാതിയോടൊപ്പം ആ മഹാത്മാവ് പിറവിയെടുത്ത പുണ്യദേശത്തിന്റെ പ്രഖ്യാതിയും വളർന്നുയർന്നു.

ഹദ്റത്ത് അഹ്മദ് (അ) ഗുപ്ത ജീവിതം നയിച്ചുപോന്ന ആദ്യ കാലങ്ങളിൽ അദ്ദേഹത്തിനുണ്ടായ വെളിപാടുകളിൽ രാജാക്കന്മാർ നിന്റെ വസ്ത്രങ്ങളിൽനിന്നും അനുഗ്രഹം തേടുമാറാകും, എന്നു പറയപ്പെട്ടിരുന്നു. പിൽക്കാലത്ത് തനിയ്ക്കുണ്ടാകാനിരിക്കുന്ന വിജയങ്ങളെയും പ്രസിദ്ധി യെയും കുറിച്ചു പ്രവചനം ചെയ്തുകൊണ്ടു ഈ ദിവ്യ വെളിപാടുകൾ അദ്ദേഹം 'ബറാഹീനെ അഹ്മദിയ്യ'യിൽ പ്രസിദ്ധം ചെയ്കയുമുണ്ടായി.

"ഞാൻ നിനയ്ക്ക് അനുഗ്രഹങ്ങളുടെമേൽ അനുഗ്രഹങ്ങൾ നൽകും. ഏതുവരെയെന്നാൽ രാജാക്കന്മാർ നിന്റെ വസ്ത്രങ്ങളിൽനിന്ന് അനുഗ്രഹം തേടുമാറാകും''(തദ്ക്കിറ, ഇംഗ്ലീഷ്, ഭാ.7).

വീണ്ടും ആ മഹാത്മാവിനു ഇപ്രകാരവും വെളിപാടുകളുണ്ടായി:

"നിന്റെ അടുക്കൽ ദൂരെ ദൂരെ സ്ഥലങ്ങളിൽ നിന്നു ആളുകൾ വന്നെത്തും. നിന്റെ സഹായാർത്ഥം ദൂരദിക്കുകളിൽനിന്നും സാധന സാമഗ്രികൾ വന്നെത്തും"

''വഴികൾ കുണ്ടും കുഴിയും ആയിപ്പോകുമാറാകും".

"ഞാൻ നിന്റെ സന്ദേശത്തെ ദിഗന്തങ്ങളിൽ എത്തിക്കും".

''സന്ദർശകരുടെ പെരുപ്പം കണ്ടു നീ വിഷണ്ണനാവരുത്".

തന്റെ ആദ്യകാലത്തെ നിസ്സഹായാവസ്ഥയെ അനുസ്മരിച്ചു കൊണ്ടു വാഗ്ദത്തമസീഹ് (അ) ഒരു കവിതയിൽ ഇപ്രകാരം പറയുന്നു:

"ഞാനൊരു നിസ്സാരനും അറിയപ്പെടാത്തവനും അസമർത്ഥനും ആയിരുന്നു. ഖാദിയാൻ എവിടെയാണെന്നുപോലും ആർക്കും അറിഞ്ഞുകൂടായിരുന്നു. എന്നാൽ, ഇപ്പോൾ ചർച്ച എവിടത്തോളം എത്തി എന്നു നിങ്ങൾ കാണുവിൻ" (ദുർറെ സമീൻ).

'ബറാഹീൻ' പ്രസിദ്ധപ്പെടുത്തിക്കഴിഞ്ഞശേഷം ആ മഹാത്മാവിനെ കാണാനും ശിഷ്യത്വം സ്വീകരിക്കാനുമായി ഇന്ത്യയുടെ നാനാ ഭാഗങ്ങളിൽനിന്നും പുറദേശങ്ങളിൽനിന്നും ആത് മീയകുതുകികളും ഇസ്ലാം മതപണ്ഡിതന്മാരും ഖാദിയാനിലേയ്ക്ക് പ്രവഹിച്ചു തുടങ്ങി. ദിവസേന അമ്പതും നൂറും സന്ദർശകർ വന്നുകൊണ്ടിരുന്നു. ആ പ്രവാഹം കൂടി കൂടി വന്നു. മസീഹ് വാദത്തിനുശേഷം അദ്ദേഹത്തിന്റെ മുഖ്യശത്രുവായി മാറിയ മൗലവി മുഹമ്മദ് ഹുസൈൻ ബട്ടാലവി, ബട്ടാല റയിൽവേസ്റ്റേഷനിൽ ചെന്നെത്തി അവിടെ വണ്ടിയിറങ്ങി ഖാദിയാനിലേക്കു പുറപ്പെടാൻ തിരിക്കുന്ന യാത്രക്കാരെ കണ്ടു അവരെ തിരിച്ചയക്കാൻ പാടുപെടുമായിരുന്നു. ഖാദിയാനിൽ വാഗ്ദത്തമസീഹിന്റെ വീട്ടുമുററത്ത് യക്കയിലും മററുമായി വന്നിറങ്ങുന്ന സന്ദർശകരെ കൂക്കിവിളിക്കുന്നതിന് തെരുവു പിള്ളേരെ അവർ സംഘടിപ്പിക്കാതിരുന്നില്ല.

1891ൽ, ഒന്നാമത്തെ അഹ്മദിയ്യാ വാർഷികസമ്മേളനം ഖാദിയാനിൽ ചേർന്നപ്പോഴാണ് ആദ്യത്തെ കൂട്ടായ്മ അവിടെ നടന്നത്. പലഭാഗങ്ങളിൽനിന്നുമായി 75 പേർ ആദ്യത്തെ സമ്മേളനത്തിൽ പങ്കെടുത്തിരുന്നു. എല്ലാ കൊല്ലവും സമ്മേളനം നടത്തുന്നതിനു വാഗ്ദത്ത മസീഹ് നിർദ്ദേശിച്ചതനുസരിച്ചു പിററത്തെ കൊല്ലം അഞ്ഞൂറോളം പേർ സമ്മേളനത്തിൽ പങ്കെടുക്കുകയുണ്ടായി. അതിഥി

കൾക്ക് താമസിക്കാനുള്ള സൗകര്യക്കുറവ് ഒരു പ്രശ്നമായപ്പോൾ ഇതിനായി ഒരു പ്രത്യേക കെട്ടിടം നിർമ്മിക്കാൻ ആലോചിക്കുകയും സംഭാവനകൾക്ക് അഭ്യർത്ഥിക്കുകയും ചെയ്തു. ഹസ്രത്ത് ഹക്കീം നൂറുദ്ദീൻ സാഹിബ് (റ) 700ക.യും ഹദ്റത്ത് ഹക്കീം ഫസ്ലുദ്ദീൻ സാഹിബ് (റ) 400ക.യും സംഭാവന നല്കി. അതുവരെ വാഗ്ദത്ത മസീഹിന്റെ ഭവനത്തിൽതന്നെയാണ് എല്ലാവരും ഒരുമിച്ചു കൂടിയിരുന്നത്.

ഇത്തരം സമ്മേളനം കൊല്ലംതോറും നടത്തുന്നതിനെ മൗലവി പരിഷകൾ ആക്ഷേപിക്കാതിരുന്നില്ല. അതൊരനാചാരമായി വിവരിച്ചുകൊണ്ടു പങ്കെടുത്തവരിൽ 327 പേർ പുറത്തുനിന്നുള്ളവരായിരുന്നു. ഇട്ടാവ, പിശാവർ, കപൂർത്തല, രജപുത്താന, ബറേലി, അലീഗർ, ശഹാബാദ്, സഹാറൻപൂർ, മുകഫർകഡ്, റാവൽപിണ്ടി, കർണാൽ, അമ്പാല, ഗുജ്റാൻവാല, ജലന്തർ, ഫിറോസ്പൂർ, ത്ധംഗ് എന്നിവടങ്ങളിൽ നിന്നുള്ളവർക്ക് പുറമേ മക്കയിൽനിന്നുള്ള പ്രതിനിധികളും പങ്കെടുത്തവരിൽ ഉൾപ്പെടും. ഇമാം മഹ്ദിയുടെ വിളിക്കുത്തരം നൽകി കൊണ്ട് വന്നെത്തിയ ഇവരിൽ പലരും തന്നെ നാഴികകളോളം നടന്നാണ് ഖാദിയാനിൽ എത്തിപ്പെട്ടത്. അവരിൽ പലർക്കും വെറും നിലത്ത് തന്നെ കിടന്നുറങ്ങേണ്ടിയും വന്നിരുന്നു.

"സന്ദർശകരുടെ പെരുപ്പംകണ്ടു പരിഭ്രമിക്കരുത്" എന്ന വെളിപാടും വാഗ്ദത്തമസീഹിന്നുണ്ടായി. മസ്ജിദ് മുബാറക്ക് വിപുലീകരിക്കേണ്ടതായി വന്നു. ആദ്യകാലത്ത് നാലോ അഞ്ചോ ആളുകൾ മാത്രമേ നമസ്കരിക്കാനുണ്ടാകൂ. ആളുകൾ കൂടി കൂടി വന്നു. മസ്ജിദ് മുബാറക്കിൽ ഒരു വരിയിൽ കഷ്ടിച്ചു ആറു പേർക്കുമാത്രമേ നിൽക്കാമായിരുന്നുള്ളു. ആകെ കൂടി മുപ്പതോ മുപ്പത്തഞ്ചോപേർ മാത്രം ഉള്ളിൽ ഒതുങ്ങും. പള്ളി വിപുലീകരണം അനിവാര്യമായി തീർന്നപ്പോൾ 1897ൽ അതു സംബന്ധിച്ചു ഒരു വിജ്ഞാപനം പുറപ്പെടുവിച്ചു. ശിഷ്യന്മാർ ഇതിനായി തുകകൾ നൽകിയെങ്കിലും കേസ്സുകളും മററു തടസ്സങ്ങളും കാരണമായി പണി മാററിവെക്കേണ്ടിവന്നു. 1907ലാണ് പിന്നീടു വിപുലീകരണം നടന്നത്. ഖലീഫ രണ്ടാമന്റെ കാലത്ത് വീണ്ടും കൂട്ടിയെടുത്തു ഇന്നുള്ള നിലയിലാക്കി. ■

---

*(23 -ാം പേജിൽ നിന്ന് തുടർച്ച)*

മായ ചിന്താഗതിയെയും അതിന്റെ പ്രചരണത്തെയും ഇങ്ങനെ ബലാല്ക്കാരേണയും അന്യായമായും തടയാൻ ശ്രമിക്കുന്നതു ഒരു നാട്ടിന്നും ശുഭലക്ഷണമല്ല. ഇതിന്റെ ഫലമായി വല്ലതും സംഭവിക്കുമെങ്കിൽ അതു സമാധാനപരമായ പ്രസ്ഥാനങ്ങൾക്കുള്ള കവാടങ്ങൾ ബന്ധിക്കപ്പെടുകയും അക്രമപരവും വിദ്രോഹപരവുമായ പ്രസ്ഥാനങ്ങൾക്കുള്ള കവാടങ്ങൾ തുറക്കപ്പെടുകയും ബുദ്ധിപൂർവ്വകമായ ചിന്തകൾക്ക് പകരം ബുദ്ധിശൂന്യവും വികാരജനകവും ആയ ചിന്താഗതി പ്രചരിക്കുകയും ചെയ്യുകയെന്നതായിരിക്കും. മനുഷ്യർ മനുഷ്യരായിരിക്കുന്നകാലംവരെ അവർക്കു ചിന്തിക്കാതിരിക്കാൻ നിവൃത്തിയില്ല. അവർ എപ്പോഴും ഒരേ നിശ്ചിത ചിന്താഗതിയ്ക്ക് വിധേയരായിരിക്കേണമെന്നു നിർബന്ധിക്കാൻ ഒരു ശക്തിയ്ക്കും സാധ്യമല്ല. ആകയാൽ, പാകിസ്താൻ അധികൃതന്മാർ തങ്ങളുടെ നാട്ടുകാർ ബുദ്ധിപൂർവ്വവും സമാധാനപരവുമായ വഴിയിൽ കൂടി ചിന്തിക്കുകയും പ്രവർത്തിക്കുകയും വേണമോ അതല്ല അവർ നിർബ്ബന്ധപൂർവ്വം ഭ്രാന്തിലേയ്ക്ക് തള്ളിവിടപ്പെടണമോ എന്നു തീരുമാനിക്കേണ്ടിയിരിക്കുന്നു" (തസ്നീം 17-4-52).

കണ്ടില്ലേ! തന്റെ അനുയായികൾക്കെതിരിൽ ഒരിടത്തെ മുസ്ലിം ബഹുജനങ്ങൾ എന്തോ ചിലതു പ്രവർത്തിച്ചപ്പോൾ മൗദൂദി സാഹിബ് അതന്യായവും അക്രമവും ആണെന്നുവെച്ച് നിലവിളിക്കുകയും അതു തടയേണ്ടത് ഗവർമ്മെണ്ടിന്റെ കടമയാണെന്ന് ശക്തിപൂർവ്വം സിദ്ധാന്തിക്കുകയുംചെയ്യുന്നു. എന്നാൽ, അഹ്മദികൾക്കെതിരിൽ മൗദൂദി സാഹിബും കൂട്ടുകാരും അഹ്റാരി സംഘവും സഹകാരികളും സംഹാരതാണ്ഡവം നടത്തിയിട്ടും ആ വേതാളനൃത്തത്തിന്റെ താളത്തിന്നൊത്തു തുള്ളാത്തതിന്നു മാഹിറുൽ ഖാദിരി സാഹിബ് പാകിസ്താൻ ഗവർമ്മെണ്ടിനെ ആക്ഷേപിക്കുകയാണ് ചെയ്യുന്നത്. അക്രമികൾ നിരപരാധരും നിരാധാരരുമായ അഹ്മദികൾക്ക് അവരുടെ ജീവിതം ദുർഭരവും ദുസ്സഹവും ആക്കിത്തീർക്കുന്നു. അവരെ അവരുടെ വീടുകളിൽ പ്രവേശിച്ചു നിഷ്ഠുരമായി ദ്രോഹിക്കുന്നു. രക്ഷാസങ്കേതവും തേടി തീവണ്ടികളിലും ബസ്സുകളിലും യാത്രചെയ്യുന്ന നിരാലംബരായ അഹ്മദികളെ അവർ പുറത്തു വലിച്ചിട്ടശേഷം തങ്ങൾക്ക് ചെയ്യാവുന്ന ദ്രോഹങ്ങളെല്ലാം അവരോടു ചെയ്തുകൂട്ടുന്നു. അങ്ങനെ മേജർ ജനറൽ ആസംഖാൻ പറഞ്ഞതുപോലെ പാകിസ്താന്റെ അടിത്തറയെത്തന്നെ ഇളക്കിമറിക്കാൻ സമർത്ഥമായ സകല ശ്രമങ്ങളും അവർ ചെയ്തുതുടങ്ങുന്നു. ഈ സന്ദിഗ്ദ്ധഘട്ടത്തിൽ, ഈ അസ്വസ്ഥതയെയും കലാപത്തെയും അടിച്ചമർത്തി നാട്ടിൽ സമാധാനവും നിയമവും പാലിക്കുന്നതിന്നും ന്യൂനപക്ഷക്കാരുടെ പൗരാവകാശങ്ങൾ സംരക്ഷിക്കുന്നതിന്നും വേണ്ടി ആവശ്യമാണെന്നു തോന്നിയപ്പോൾ സേഫ്ററി ആക്ടും ഓർഡിനൻസും ബലത്തിൽ വരുത്തുന്നു. അപ്പോഴേയ്ക്കും ഇതാ മാഹിറുൽ ഖാദിരി സാഹിബ് പറയുകയാണ്; പാക് ഗവർമ്മെണ്ടധികൃതന്മാർ ബ്രിട്ടീഷ് ഭരണകർത്താക്കളെക്കാൾ സ്വേച്ഛാപ്രമത്തരും ദ്രോഹികളും ആണെന്ന്. ഹാ, എന്തൊരാശ്ചര്യം ! ഇതെന്തൊരു നീതി !! സ്വന്തം ആൾക്കാർ നിസ്സാരമായി ദ്രോഹിക്കപ്പെടുമ്പോൾ, ഗവർമ്മെണ്ട് ആ അക്രമികളുടെ കൈ കടന്നുപിടിക്കണം. അല്ലെങ്കിൽ ആ ഗവർമ്മെണ്ട് മർദ്ദകഗവർ

*(ശേഷം 36-ാം പേജിൽ)*

(തുടർച്ച)

# മിഅ്റാജും ഇസ്രാഉം

എ. പി. കുഞ്ഞാമു

മിഅ്റാജിനെപ്പറ്റിയുള്ള സുന്നികളുടെ വിവരണം തുടരുന്നു

'സംസത്തിൽ റസൂൽ തിരുമേനിയുടെ ഹൃദയത്തെ മൂന്ന് തവണ കഴുകി വൃത്തിയാക്കി മുറികൂട്ടി മുദ്ര വെച്ചശേഷം മസ്ജിദുൽഹറാമിലേക്ക് കൂട്ടികൊണ്ടുപോയി. അവിടെ സ്വർഗ്ഗത്തിൽ നിന്നും അയക്കപ്പെട്ട "ബുറാക്ക്" എന്ന മൃഗത്തെ തയ്യാറാക്കി വെച്ചിരുന്നു. അവിടെ വെച്ചു തിരുമേനി (സ.അ) ബുറാഖിന്റെ പുറത്തു കയറി.

"തിരുമേനി പറയുന്നു : ഞാൻ ബൈത്തുൽ മുഖദ്ദിസിന്നടുത്തെത്തി. ബുറാഖിനെ പള്ളിക്ക് പുറത്തുള്ള വട്ടക്കണ്ണിയിൽ കെട്ടി. അവിടെയുള്ള സഖ്റത്ത് എന്ന കല്ലിൽ ജിബ്രിൽ ഒരു തുളയുണ്ടാക്കുകയും ആ തുളയിൽ ബുറാഖിനെ കെട്ടുകയും ചെയ്തുവെന്ന് പറയപ്പെട്ടിട്ടുണ്ട്. ഈ കല്ല് മസ്ജിദ് എന്ന കല്ലല്ല. സഖ്റത്തുൽ മസ്ജിദ് എന്ന കല്ല് പള്ളിയുടെ മദ്ധ്യഭാഗത്താണ് സ്ഥിതിചെയ്യുന്നത്. അതിന്റെ പല ഭാഗത്ത് ഖുബ്ബത്തുൽ മിഅ്റാജ് എന്ന ഖുബ്ബസ്ഥിതി ചെയ്യുന്നു. സഖ്റതുൽ മസ്ജിദ് എന്ന കല്ല് അലൗകികമായ ഒരു അത്ഭുത കല്ലാകുന്നു. ആ കല്ലിന്മേൽ തിരുമേനി (സ.അ) യുടെ തൃപ്പാദം പതിഞ്ഞിട്ടുണ്ട്. മസ്ജിദുൽ അഖ്സായിൽ വെച്ചു തിരുമേനി (സ) രണ്ടു റക്അത്തു നിസ്കരിച്ചു. ആ നിസ്കാരത്തിൽ മുൻ കടന്ന എല്ലാ നബിമാരുടേയും ആത്മാക്കൾ പങ്കെടുത്തുവെന്ന് പറയപ്പെട്ടിട്ടുണ്ട്. നിരവധി മലക്കുകളും ആ നിസ്കാരത്തിൽ പങ്കെടുത്തു. അനന്തരം തിരുമേനി (സ) ആകാശത്തിലേക്ക് യാത്ര ചെയ്തു"

(താരിഖുൽ ഇസ്ലാം, സമ്പൂർണ്ണ ഇസ്ലാം ചരിത്രം പേജ് 198)

ഇത്രയും ഉല്ലേഖനം ചെയ്ത ശേഷം മിഅ്റാജും, ഇസ്റായും ഒരേ രാത്രിയിലാണ് സംഭവിച്ചതെന്നും അല്ല വേറൊരു രാത്രി തിരുമേനി (സ) മക്കയിൽ നിന്ന് ബെയ്ത്തുൽ മുഖദ്ദിസിൽ പോവുകയും അവിടെ നിന്ന് മിഅ്റാജു സംഭവിക്കുകയും ചെയ്തുവെന്നും ഈ വിഷയത്തിൽ രണ്ട് അഭിപ്രായം ഉള്ളതായി 'താരിഖുൽ ഇസ്ലാം' തുടരുന്നു തിരുമേനി (സ) പടിപടിയായി ഏഴ് ആകാശങ്ങളെ തരണം ചെയ്തശേഷം സിദറത്തുൽ 'മുൻ തഹാ'യി ലേക്കും അവിടെനിന്ന് 'മുസ്തവാ'യി ലേക്കും അവിടെ നിന്ന് പത്താമത്തെ പതനമായ അർശിലേക്കും യാത്ര ചെയ്തു. ഇസ്റാഅ് എന്ന യാത്രയിലും മിഅ്റാജ് എന്ന വാനയാത്രയിലും തിരുമേനി (സ) ക്ക് പല അറിവുകൾ ജിബ്രിൽ (അ) വെളിപ്പെടുത്തിക്കൊടുക്കുകയുണ്ടായി. ഒന്നാമത്തെ ആകാശത്തിൽ വെച്ച് ആദം നബി (അ) തിരുമേനി (സ) കണ്ടു. ആദം സന്തതികളുടെ ആത്മാക്കളേയും തിരുമേനിക്ക് വെളിപ്പെടുത്തിക്കൊടുത്തു. ആദം നബി (അ) തിരുമേനിയെ സഹർഷം സ്വാഗതം ചെയ്തു. അവിടെ വെച്ചു തിരുമേനി (സ) നരകത്തെയും നരകവാസികളേയും കണ്ടു. അനാഥ കുട്ടികളുടെ അവകാശങ്ങളും അപഹരിച്ചു അനുഭവിച്ച ആളുകളും പലിശ മുതൽ അനുഭവിച്ച ആളുകളും വ്യഭിചാരികളായിത്തീരുകയും ഭർത്താക്കന്മാരെ വഞ്ചിച്ച സ്ത്രീകളും അധാർമ്മികമായി ജീവിച്ച ഓരോരുത്തരും അനുഭവിക്കുന്ന യാതനകൾ തിരുമേനി (സ) കാണുകയുണ്ടായി.

രണ്ടാമത്തെ ആകാശമെത്തിയപ്പോൾ തിരുമേനി (സ) ഈസാനബി (അ)നേയും യഹ്യാനബി (അ) യേയും കണ്ടു. അവർ തിരുമേനിക്ക് സ്വാഗതം അരുളി.

മൂന്നാമത്തെ ആകാശത്തിൽ വെച്ച് അതി സുന്ദരനായ യൂസഫ് നബി (അ) തിരുമേനി (സ) യെ സ്വാഗതം ചെയ്തു. നാലാമത്തെ ആകാശത്തിൽ ഇദ്രീസ് നബി (അ) തിരുമേനിക്ക് സ്വാഗതമരുളി.

അഞ്ചാമത്തെ ആകാശത്തിൽ വെച്ചു ഹാറൂൽ നബി (അ) തിരുമേനിയെ സ്വീകരിച്ചു.

ആറാമത്തെ ആകാശത്തിൽ വെച്ചു മൂസാ നബി (അ) തിരുമേനിയെ സ്വീകരിക്കുകയും തിരുമേനിക്കും തിരുമേനിയുടെ ജനതക്കും വേണ്ടി പ്രാർത്ഥിക്കുകയും ചെയ്തു. ഏഴാമത്തെ ആകാശത്തിൽ വെച്ചു ഇബ്രാഹിം നബി (അ) യെ തിരുമേനി കാണുകയുണ്ടായി. ബൈത്തുൽ മഅ്മൂർ എന്ന ഭവനം ഏഴാമത്തെ ആകാശത്തിലാണ് സ്ഥിതിചെയ്യുന്നത്. ഇരുപതിനായിരം മലക്കുകൾ സദാ ഭവനത്തെ തവാഫ് ചെയ്യുന്നു. ഒരിക്കൽ തവാഫ് ചെയ്ത മലക്കുകൾ വീണ്ടും തവാഫ് ആവർത്തിക്കാതെ കടന്നുപോവുകയും തൽസ്ഥാനത്തു പുതിയ മലക്കുകൾ അഭംഗുരമായി തവാഫ് നടത്തിക്കൊണ്ടിരിക്കുകയുമാണ് ചെയ്യുന്നത് എന്ന് മുമ്പു പറഞ്ഞിട്ടുണ്ട്. ആദ്യത്തെ ആറു ആകാശങ്ങളിലും ബൈത്തുൽ

മത്ത് മുറുകൾ ഉണ്ടെങ്കിലും മലക്കുകൾ അവയെ നിരന്തരം തവാഫ് ചെയ്യുന്നില്ല. ഇബ്റാഹിം നബി (അ) യുമായി തിരുമേനി സംസാരിച്ചു. തിരുമേനിയോട് ഇബ്രാഹിം (അ) പറഞ്ഞു. 'സ്വർഗ്ഗത്തിലെ അത്യുത്തമമായ മണ്ണും വെള്ളവുമാണ് ഇത്. അവിടെ നടുവാൻ പറ്റിയ ഞാറ്, അല്ലാഹുവിനെ സ്തുതിക്കുക എന്നതാണെന്ന് (സുബ്ഹാനല്ലാഹി വൽഹംദുലില്ലാഹി വലായിലാഹ ഇല്ലല്ലാഹു അല്ലാഹു അക്ബർ) എന്ന സ്തുതിയാണെന്ന് താങ്കളുടെ ഉമ്മത്തികളോട് താങ്കൾ പറയണം. തിരുമേനി (സ) പറയുന്നു അവിടെ നിന്ന് 'സിദ്റത്തുൽ മുൻതഹാ' എന്ന മരത്തിന്റെ അടുക്കലേക്ക് ജിബ്രീൽ എന്നെ കൂട്ടിക്കൊണ്ടുപോയി. ആ വൃക്ഷത്തിന് തുല്യമായി മറ്റൊരു വൃക്ഷമില്ല. ആനച്ചെവിയോളം അതിന്റെ ഇലകൾ ഈ ലോകത്തിലാകെ തണൽ വിവരിക്കുവാൻ പര്യാപ്തമത്രെ. അതിന്റെ പഴങ്ങൾ ഹ്ജർ എന്ന നാട്ടിലെ ജാടികളെപ്പോലിരിക്കുന്നു. ആ വൃക്ഷത്തെ വർണ്ണിക്കുവാൻ കഴിയുകയില്ല.

'പിന്നീട് എന്നെ സ്വർഗ്ഗത്തിൽ പ്രവേശിപ്പിച്ചു. മനോജ്ഞങ്ങളായ രമ്യഹർമ്യങ്ങൾ തല ഉയർത്തി നിൽ ക്കുന്നു. ഫല സമൃദ്ധമായ തോട്ടങ്ങൾ വ്യാപിച്ചു കിടക്കുന്നു. ലോകത്തിലുള്ള എല്ലാ പഴങ്ങളും കൂടുതൽ പൂർണ്ണിമയോടും സ്വാദോടും കൂടി അവിടെ വിളയുന്നു. സിദുറത്തുൽ മുൻ തഹാ എന്ന മരത്തിന്റെ മുരട്ടിൽ നിന്ന് ഉത്ഭവിച്ച നാലു അരുവികൾ ക ണ്ണിനും കരളിനും ആനന്ദം നൽകുന്നു.

ജിബ്രീലിന്റെ നിർദ്ദേശമനുസരിച്ചു ഞാൻ മുമ്പോട്ടു നടന്നു. മുസ്തവാ എന്ന സ്ഥലം കടന്നു ഹിജാബുൽ ഇജ് മാഎന്ന മറയുടെ അടുക്കലെത്തി. ആ മറയുടെ മലക്ക് മറ നീക്കുകയും പല പതനങ്ങൾ കടന്ന ശേഷം ഞാൻ ബഹറുൽ നൂർ എന്ന കടൽക്കരയിൽ എത്തുകയും ചെയ്തു. ആ കടലിന്റെ തിളക്കത്തിൽ ജിബ്രീൽ നിഷ്പ്രഭനായിപ്പോയി. ഇവ്ടുന്ന് അങ്ങോട്ടു വരുവാൻ തനിക്ക് നിവൃത്തിയില്ലെന്നും ഞാൻ ഒറ്റക്ക് യാത്ര തുടർന്നുകൊള്ളണമെന്നും ജിബ്രീൽ (അ) എന്നെ അറിയിച്ചു. എവിടേക്കാണ് പോകേണ്ടത് എന്നു ഞാൻ ചോദിച്ചപ്പോൾ 'റഫീഖുൽ അഅ്ലാ" എന്ന ഉന്നത പതനത്തിലേക്ക്' എന്ന് ജിബ്രീൽ മറുപടി നൽകി അപ്പോഴേക്കും ബുറാഖ് എത്തി. എന്നെ വഹിച്ചു യാത്രയായി. ആ യാത്രയിൽ അത്യുജ്ജ്വലമായ എഴുപതുമറകളെ ഞാൻ തരണം ചെയ്തു.

എഴുപതു മറകളെ തരണം ചെയ്തു കഴിഞ്ഞപ്പോൾ 'റഫ് റഫ്' എന്ന ഒരു പച്ചപ്പടം പ്രത്യക്ഷമായി ഞാൻ ആ പടത്തിൽ കയറി യാത്ര തുടരുകയായി. 'ഉദുനമിന്നീ' എന്നോട് അടുക്കുക എന്ന് അല്ലാഹു ആഹ്വാനം ചെയ്യുന്നത് ഞാൻ കേട്ടു. അർശിന്റെ തിളക്കം ഞാൻ കണ്ടു. പ്രോജ്വലമായ അർശിനെ ഞാൻ സമീപിച്ചു. അർശിൻമേൽ ഞാൻ കയറി. അർശിന്റെ അടുത്തായി സ്ഥിതിചെയ്യുന്ന മറ്റൊരു ഭവനമാണ് "കുർസ്" അതു അർശിനേക്കാൾ അത്യന്തം ചെറുതാകുന്നു. ആ കുർസാകട്ടെ ആകാശ ഭൂമികളേക്കാൾ അത്യന്തം വലുതുമത്രെ. (താരീഖുൽ ഇസ്ലാം പേജ് 200)

ഇത്രയും എഴുതിയശേഷം താരിഖുൽ ഇസ്ലാം മേൽ പറഞ്ഞ ദൃശ്യങ്ങളെല്ലാം ജഡികമാണെന്ന് വിലയിരുത്തിയശേഷം തുടരുന്നു.

'ദനാ എന്ന പതനത്തിൽ നിന്ന് ഫതദല്ലാ എന്ന പതനത്തിലേക്ക് നീങ്ങി പിന്നെ ഖാബകൗസേനി എന്ന പതനത്തെ സമീപിക്കുകയും ഔ അദ്നാ എന്ന സന്നിധാനത്തിൽ വിഹരിക്കുകയും ചെയ്തു. ഈ നാലു പതനങ്ങൾ വിശുദ്ധ ഖുർആനിൽ വിവിക്കപ്പെട്ടിട്ടുണ്ട്. തിരുമേനി (സ) ശാരീരികമായും ഹൃദയപരമായും ആന്തരീമായും അല്ലാഹുവോട് അടുത്തു എന്ന അർത്ഥത്തിലാണു സത്യസാരജ്ഞരായ പണ്ഡിത പ്രമുഖന്മാർ ഈ വാക്യങ്ങളെ വിവരിച്ചിട്ടുള്ളത്.

താരീഖുൽ ഇസ്ലാം തുടരുന്നു:

"അല്ലാഹുവിങ്കലേക്ക് അടുപ്പിച്ചതു മൂലം അവന്റെ സന്നിധിയിൽ എത്തിച്ചേർന്ന തിരുമേനിയുമായി അഭിമുഖസംഭാഷണം നടത്തി. അല്ലാഹു പറഞ്ഞു. ''നബിയെ ഞാൻ തന്നെ. എന്നെ കഴിച്ചാൽ താങ്കൾ എന്റേത്. മറ്റുള്ളതെല്ലാം താങ്കളുടേത്. തിരുമേനി പറഞ്ഞു. "എന്റെ നാഥാ! നീ തന്നെ ഞാൻ നിനക്കുള്ളതും തന്നെ. നീ ഒഴിച്ചു മറ്റുള്ള സകലതും തന്നെ ഞാൻ നിനക്കായി അർപ്പിച്ചു'.

തിരുമേനിയുടെ മുമ്പിൽ പ്രത്യക്ഷനായിക്കൊണ്ടു മറ്റാർക്കും നൽകാത്ത സൗഭാഗ്യം അല്ലാഹു തിരുമേനിക്ക് നൽകിയപ്പോൾ അല്ലാഹു തിരുമേനിയെ കണ്ണുനിറയെ നോക്കിക്കണ്ടു. തിരുമേനി അരുളുന്നു: 'അല്ലാഹു എന്നോട് ഒരു കാര്യം ചോദിച്ചു. മറുപടി നല്കാൻ എനിക്ക് സാധിച്ചില്ല. അപ്പോൾ എന്റെ നാവിൽ ഒരു ദ്രവകണം പ്രത്യക്ഷപ്പെട്ടു. അത്രയും മധുരതരമായ ഒരു അനുഭവം മറ്റൊരിക്കലും എനിക്കുണ്ടായിട്ടില്ല. മനുഷ്യഭാവനകൾക്കതീതമായ അല്ലാഹുവിന്റെ തൃക്കരം അവൻ എന്റെ ചുമലിൽ വെച്ചു അപ്പോൾ ഞാൻ ആകെ ഒന്നു കുളിർത്തു. ആദി തൊട്ടു അവസാനം വരെയുള്ള എല്ലാ അറിവുകളും അല്ലാഹു എനിക്ക് അറിയിച്ചു തന്നു. എനിക്കല്ലാതെ മറ്റാർക്കും വഹിക്കാൻ കഴിയാത്ത അറിവുകൾ മറ്റാർക്കും അറിയിച്ചുകൊടുക്കാതെ മറച്ചുവെക്കാനും ജനങ്ങൾക്ക് എത്തിച്ചുകൊടുക്കുന്ന അറിവുകളെ അവർക്ക് എത്തിച്ചുകൊടുക്കാനും എന്നോട് കല്പിച്ചു.

അല്ലാഹുവിന് കാഴ്ചവെക്കുവാൻ തിരുമേനി കല്പിക്കപ്പെട്ടു. അപ്പോൾ അല്ലാഹു തോന്നിച്ചതു നിമിത്തം ''അത്തഹിയ്യാത്തു അൽമുബാറക്കാത്തു, അസ്സലവാത്തു അത്തയ്യിബാതുലില്ലാഹി" എന്ന വചനം തിരുമേനി കാഴ്ചവെച്ചു. ''അസ്സലാമു അലൈക്ക അയ്യുന്നബിയുവറഹ്മത്തുല്ലാഹി വ ബറക്കാത്തുഹു" എന്ന് അല്ലാഹു പ്രതിവചിച്ചു. തിരുമേനി അഭ്യർത്ഥിച്ചതനനുസരിച്ച് തിരുമേനിയുടെ ഉമ്മത്തികൾ സ്വർഗ്ഗത്തിൽ കടക്കാതെ മറ്റൊരു നബിയുടെ ഉമ്മത്തികളും സ്വർഗ്ഗത്തിൽ കടക്കുന്നതല്ലെന്നും തിരുമേനിയുടെ ഉമ്മത്തിമാർ

*(ശേഷം 33-ാം പേജിൽ)*

## ലേഖനം

# ഖിലാഫത്ത് : അനിഷേധ്യ യാഥാർത്ഥ്യങ്ങൾ അവഗണിക്കപ്പെടുന്നു

കെ.പി. അഹ്മദ്

**ആയിരത്തി മൂന്നൂറ് വർഷത്തെ നൈരന്തര്യമുള്ള മുസ്‌ലിം ഖിലാഫത്ത് എന്തുകൊണ്ട് പൊടുന്നനെ നിലച്ചുപോയി? ഇസ്‌ലാമിക പ്രമാണങ്ങൾ ഇത് സംബന്ധിച്ച് എന്തു പറയുന്നു?**

വസ്തുതാപരമായ ദൃഷ്ടാന്തങ്ങളെ അവഗണിക്കുമ്പോൾ അത് സത്യനിഷേധമായി പരിണമിക്കുന്നു! ഇത്തരം അവഗണനകൾ വെച്ചു പുലർത്തുന്നവർ വസ്തുതകളിലൂടെ സത്യം കണ്ടെത്താനല്ല ശ്രമിക്കുന്നത്! മറിച്ച്; കഴമ്പില്ലാത്ത ആശയ സംവാദങ്ങൾ കൊണ്ട് സമയം പാഴാക്കാനാണ് അവരുടെ ഉദ്യമം!

ഭൂതകാലം വിലയിരുത്തി വർത്തമാനകാല ചലനങ്ങളെ പഠന വിധേയമാക്കാൻ വിമുഖതകാണിക്കുന്നവർ എങ്ങിനെ സത്യം കണ്ടെത്താനാണ്? ഇവിടെ ആഗോള നേതൃത്വം വാഗ്ദാനം ചെയ്യുന്ന ഇസ്‌ലാമിക ഖിലാഫത്ത് വ്യവസ്ഥിതിയുടെ കാര്യത്തിൽ മുസ്‌ലിംകൾ സ്വീകരിച്ചു വരുന്നതും വസ്തുതകൾക്കു നേരെ കണ്ണടക്കുന്ന നിലപാടാണെന്നു കാണാം! അതുകൊണ്ടു തന്നെ യഥാർത്ഥ ഇസ്‌ലാമിക ഖിലാഫത്തിനെ ആശ്ലേഷിച്ച അഹ്മദിയാ ജമാഅത്തിനെ നിരാകരിക്കുന്നതിലൂടെ മുസ്‌ലിം ലോകം സഞ്ചരിക്കുന്നതും സത്യനിഷേധത്തിന്റെ പാതയിലൂടെയാണ്!

ആദിമ മുസ്‌ലിംകൾ നബിതിരുമേനി (സ) ചരമം പ്രാപിച്ചപ്പോൾ തിരുശരീരം മറവുചെയ്യുന്നതിന് മുമ്പായി ഒരു നേതാവിനെ തിരഞ്ഞെടുത്ത ചരിത്ര സന്ദർഭം വിളിച്ചോതുന്നത് സാമൂഹ്യ നേതൃത്വത്തിന്റെ അനിവാര്യതയും അതിൽ അന്തർഭവിച്ചു കിടക്കുന്ന അനുഗ്രഹീതമായ ഗുണപാഠങ്ങളുടെ സൂചനയുമാകുന്നു! നേതൃത്വമില്ലാതെ ഒരു സമുദായത്തെ കുറിച്ച് ചിന്തിക്കാൻ പോലും സാദ്ധ്യമല്ലെന്ന ആത്മീയ ചൈതന്യത്തിന്റെ വികാരവും വ്യഗ്രതയും ആ തിരഞ്ഞെടുപ്പിലൂടെ ദർശിക്കാവുന്നതാണ്! ഇത്രയും പ്രധാന്യമർഹിക്കുന്ന ഖിലാഫത്തിനെ കുറിച്ച് വിശുദ്ധ ഖുർആൻ പറയുന്നു.

“നിങ്ങളിൽ നിന്ന് വിശ്വസിക്കുകയും സൽക്കർമ്മങ്ങൾ അനുഷ്ഠിക്കുകയും ചെയ്യുന്നവരെ അവർക്കു മുമ്പുള്ളവരെ ഖലീഫമാരാക്കിയതു പോലെ നിശ്ചയമായും ഭൂമിയിൽ ഖലീഫമാരാക്കുന്നതും, അവർക്കു വേണ്ടി അവർക്കായി അല്ലാഹു തൃപ്തിപ്പെട്ട മതത്തെ പ്രബലമാക്കി കൊടുക്കുകയും അവരുടെ ഭയത്തിന് ശേഷം അവർക്ക് ശാന്തി പകരം നൽകുകയും ചെയ്യുന്നതാണെന്ന് അല്ലാഹു വാഗ്ദത്തം ചെയ്തിരിക്കുന്നു” (24:56)

ഇസ്‌ലാമിലെ ആദ്യത്തെ നാലു ഖിലാഫത്തിനെ സന്മാർഗ്ഗം പ്രാപിച്ച ഖലീഫമാരുടെ സുവർണ്ണ കാലഘട്ടമെന്നാണ് മുസ്‌ലീംകൾ വിശേഷിപ്പിച്ചു വന്നത്. പക്ഷെ, പിൽക്കാലത്തുണ്ടായ ഖിലാഫത്തുകൾ വൈകല്യങ്ങൾക്ക് വിധേയമാവുകയും, രാജാധിപത്യവും ഏകാധിപത്യവും സുഖലോലുപതയുമെല്ലാം കടന്നാക്രമണം നടത്തുകയും, ധാർമ്മിക വ്യതിയാനങ്ങളുടെ വിരൂപ ദൃശ്യങ്ങൾ അത് പ്രദർശിപ്പിക്കുകയും ചെയ്തു! എന്നാൽ ഈ ദുരന്തത്തെകുറിച്ചും അതിൽ നിന്നുണ്ടാകുന്ന മോചന മുഹൂർത്തത്തെകുറിച്ചും നബിതിരുമേനി (സ) മുന്നറിയിപ്പ് നൽകിയിരുന്നു.

“അല്ലാഹു ഇച്ഛിക്കുന്നേടത്തോളം കാലം മുസ്‌ലിംകളിൽ നുബുവ്വത്തിന്റെ മാർഗ്ഗത്തിലുള്ള ഖിലാഫത്ത് നിലനിലൽക്കും. പിന്നെ അതിനെ അല്ലാഹു എടുത്തുകളയും. അതിനു ശേഷം ഭരണാധികാരികൾ മാത്രമായ ഖലീഫമാർ ഉണ്ടാകും .പിന്നീട് ഉഗ്ര ശാസകർ ഉണ്ടായി വരും ഒടുവിലായി നുബുവ്വത്തിന്റെ മാതൃകയിലുള്ള ഖിലാഫത്ത് വീണ്ടും ഉണ്ടാകും” (മിശ്കാത്ത്)

മേലുദ്ധരിച്ച പ്രവചന പ്രകാരം ആദ്യത്തെ നാലു ഖലീഫമാരുടെ

ഖിലാഫത്തിന് ശേഷം ആത്മീയ ചൈതന്യം നഷ്ടപ്പെട്ട ഖിലാഫത്ത് സ്ഥാപനങ്ങളാണ് പിൽക്കാലത്ത് പ്രത്യക്ഷപ്പെട്ടത്! രാജാധിപത്വത്തിലേക്കും ഏകാധിപത്യത്തിലേക്കും, അമവിയ്യാ, അബ്ബാസിയ്യാ, ഫാത്ത്വിമിയ്യാ, ഉസ്മാനിയ്യാ തുടങ്ങിയ വംശ പരമ്പരകളിലൂടെ മുസ്‌ലിം ലോകത്തിന് ഖലീഫമാരുണ്ടായി! ഒടുവിൽ തുർക്കി കേന്ദ്രമായി തുടർന്നുപോന്ന നാമ മാത്രമായ ഉസ്മാനിയ്യാ ഖിലാഫത്തിന്റെ പതനത്തോടെ മുസ്‌ലിംകൾക്കുള്ള ആഗോള നേതൃത്വവും നഷ്ടപ്പെട്ടു! 1924 ൽ മുസ്‌ലിംകൾ അതേവരെ ആശാകേന്ദ്രമായി ഉറ്റു നോക്കിയിരുന്ന ഉസ്മാനിയ്യാ ഖിലാഫത്തിനെ മുസ്തഫാ കമാൽ പാഷ എന്നെന്നേക്കുമായി പിഴുതെറിഞ്ഞതോടെ ഇടയനില്ലാതെ ആട്ടിൻ പറ്റത്തെ പ്പോലെ മുസ്‌ലിം ലോകം ചിതറിപ്പോയി! പക്ഷെ ; ദൈവിക വാഗ്ദാനത്തിന് മാറ്റമൊന്നും സംഭവിച്ചിരുന്നില്ല. ! നുബുവത്തിന്റെ മാതൃകയിലുള്ള ഖിലാഫത്ത് വീണ്ടും പുനഃസ്ഥാപിക്കപ്പെടുമെന്ന നബി തിരുമേനി (സ) യുടെ പ്രവചനം അപ്പോഴേക്കും പുലർന്നു കഴിഞ്ഞിരുന്നു!

മഹ്ദി മസീഹ് ഹസ്റത്ത് മീർസാഗുലാം അഹ്മദ് (അ) ന്റെ ദിവ്യപ്രസ്ഥാനം മുഖേനയാണ് അത് വീണ്ടും സ്ഥാപിക്കപ്പെട്ടത്! എന്നാൽ, ഖലീഫ ഭരണാധികാരി ആയിരിക്കണമെന്ന് ഒരു മിഥ്യാ വിശ്വാസം ഇതിനകം മുസ്‌ലികളെ പിടികൂടിക്കഴിഞ്ഞിരുന്നു! പോയകാല ഖലീഫമാരുടെ ആത്മീയ ഭരണവും ഭൗതിക ഭരണവും മിശ്രണം ചെയ്യപ്പെട്ട ഖിലാഫത്ത് കേന്ദ്രങ്ങളാവാം ഇങ്ങനെയൊരു വിശ്വാസ വൈകൃതത്തിലേക്ക് മുസ്‌ലിം ജനസാമാന്യത്തെ നയിച്ചത്!

എന്നാൽ പൂർവ്വ സമുദായത്തെക്കുറിച്ച് വിശുദ്ധഖുർആൻ വ്യക്തമായി സൂചിപ്പിച്ച വചനം മുസ് ലികൾ പാടെ വിസ്മരിക്കുകയായിരുന്നു! ഖുർആൻ പറയുന്നു.

''അവർക്കുള്ള മുമ്പുള്ളവരെ ഖലീഫമാരാക്കിയതു പോലെ"(24 : 56)

റസൂൽ തിരുമേനിക്ക് (സ) മുമ്പുണ്ടായിരുന്ന പ്രവാചകന്മാരിൽ ഖിലാഫത്ത് എന്ന അനുഗ്രഹീതമായ ആത്മീയ കേന്ദ്രനേതൃത്വം ഉണ്ടായിരുന്നതായും അത് മുസ്‌ലിം സമുദായത്തിലും തുടർന്ന് നൽകപ്പെടുമെന്ന് ഈ വചനം ഉദ്ഘോഷിക്കുന്നു. എന്നാൽ വിശുദ്ധഖുർആൻ പാഠമനുസരിച്ച് മുസ്‌ലിം സമുദായത്തിൽ ഖിലാഫത്ത് വ്യവസ്ഥിതി വിഘ്നം കൂടാതെ തുടരേണ്ടതുണ്ട്! പിന്നെ എന്തു കൊണ്ടാണ് ഇത്തരം ഒരു ആത്മീയ കേന്ദ്രസ്ഥാപനം മുസ്‌ലിം ലോകത്തിന് ഇല്ലാതെ പോയത്? എന്തെല്ലാം ന്യൂനതകളും പോരായ്മകളുമുണ്ടെങ്കിലും പതിമൂന്നു നൂറ്റാണ്ടു കാലത്തോളം തുടർന്നു പോന്ന ഇസ്‌ലാമിക ഖിലാഫത്ത് എന്തുകൊണ്ടാണ് തിരോധാനം ചെയ്തത്? തുർക്കി കേന്ദ്രമായി പ്രവർത്തിച്ചു വന്ന ഒടുവിലത്തെ ഉസ്മാനിയ്യാ ഖിലാഫത്തിന്റെ പതനത്തിന് ശേഷം മറ്റൊരു ഖിലാഫത്ത് എന്തു കൊണ്ട് നിലവിൽ വന്നില്ല? ലോകമുസ്‌ലിം നേതാക്കളും അവരുടെ അനുയായികളും അഹോരാത്രം അത്യദ്ധ്വാനം ചെയ്ത് ശ്രമിച്ചു നോക്കിയിട്ടും ഒരു ഖലീഫയെ അവരോധിക്കാൻ എന്തു കൊണ്ട് സാധിച്ചില്ല?

ഖിലാഫത്ത് പുനഃസ്ഥാപിക്കാൻ ഐതിഹാസികമായ പ്രക്ഷോഭങ്ങളും സമരമുറകളും ജാഥകളും നയിച്ച് പ്രകമ്പനം സൃഷ്ടിച്ച ഖിലാഫത്ത് കമ്മറ്റികളൊക്കെ എവിടെപ്പോയി? ഖലീഫാ മോഹം നെഞ്ചിലേറ്റി നടന്ന രാജാക്കന്മാരും അവർക്ക് പച്ചക്കൊടിക്കാണിച്ച രാഷ്ട്രത്തലവന്മാരും പരാജയത്തിന്റെ പാതാളത്തിലേക്ക് മൂക്കുക്കുത്തി വീണതിന്റെ രഹസ്യമെന്താണ്?

ഇങ്ങനെ ഖിലാഫത്തുമായി ബന്ധപ്പെട്ട പ്രസക്തമായ ഒട്ടേറെ ചോദ്യങ്ങൾ ഇപ്പോഴും അവശേഷിക്കുന്നു! ഇവിടെയാണ് അഹ്മദിയ്യാ ഖിലാഫത്ത് ശ്രദ്ധേയമായിത്തീരുന്നത്! നബി തിരുമേനി(സ) ഊന്നിപ്പറഞ്ഞ നുബുവ്വത്തിന്റെ മാതൃകയിലുള്ളതും, മഹ്ദിമസീഹിലൂടെ പുനർജ്ജനിച്ചതുമായ ഒരു ദൈവിക ഖിലാഫത്ത് നിലവിലുണ്ടായിരിക്കെ മറ്റൊരു സമാന്തര ഖിലാഫത്ത് സ്ഥാപിച്ച് ഊറ്റം കൊള്ളാനുള്ള ശ്രമങ്ങൾ വിജയിക്കുമോ? മുസ്‌ലിം ലോകത്തിന്റെ ഇന്നേ വരെയുള്ള പരാജയത്തിന്റെ കണക്കെടുപ്പ് നടത്തിയാൽ ഖിലാഫത്ത് പ്രശ്നത്തിൽ ഊർജ്ജം നഷ്ടമല്ലാതെ മറ്റൊന്നും കാണാനില്ല!

ചുരുക്കത്തിൽ ഖുർആന്റെ അദ്ധ്യാപനങ്ങളിൽ നിന്നോ, നബിതിരുമേനി (സ) യുടെ പ്രവചനങ്ങളിൽ നിന്നോ, വസ്തുതാപരമായ ദൃഷ്ടാന്തങ്ങളിൽ നിന്നോ പാഠമുൾക്കൊള്ളാൻ മുസ്‌ലിംലോകം ശ്രമിച്ചില്ല!

അതുകൊണ്ടുതന്നെ ആഗോള നേതൃത്വത്തിന്റെ അഭാവം സൃഷ്ടിച്ച അനിശ്ചിതത്വത്തിന്റെ അഭാവം സൃഷ്ടിച്ച അനിശ്ചിതത്വത്തിന്റെ ഇരകളായി പുറമ്പോക്ക് ഭൂമിയിൽ അവർ ചിതറി നടക്കുന്നു!

■

---

*(31 -ാം പേജിൽ നിന്ന് തുടർച്ച)*

ഒരു ഗുണം ചെയ്താൽ പത്തിരട്ടി പ്രതിഫലം നൽകപ്പെടുമെന്നും അല്ലാഹു ഏറ്റുപറഞ്ഞു. ഒരു ദിവസത്തിൽ അഞ്ചുനേരത്തെ നിസ്കാരം സ്ഥിരപ്പെടുത്തി. അല്ലാഹുവിന്റെ സമ്മതത്തോടെ തിരുമേനി മക്കയിൽ മടങ്ങിയെത്തി. ഈ യാത്രയ്ക്ക് എടുത്ത സമയം മൂന്നു നിമിഷമാണെന്നും നാലു നിമിഷമാണെന്നും അല്പ സമയമാണെന്നും പറയപ്പെട്ടിട്ടുണ്ട്. (താരീഖുൽ ഇസ്‌ലാം പേജ് 201)

താരീഖുൽ ഇസ്‌ലാം എന്ന ഗ്രന്ഥത്തിൽ ഇസ്റായെക്കുറിച്ചും മിഅ്റാജിനെ പറ്റിയും പല ഹദീസു ഗ്രന്ഥങ്ങളിൽ നിന്നും സംഗ്രഹിച്ചു ചേർത്ത വിവരണമാണ് മേൽഭാഗങ്ങളിൽ വിവരിച്ചത്. ആത്മീയമായ അന്തർദൃഷ്ടിയോടെ അത് മനസ്സിരുത്തി വായിച്ചാൽ തന്നെ ഇതൊരു ഉൽകൃഷ്ട

*(ശേഷം 40-ാം പേജിൽ)*

## ലേഖനം

# യേശു ദാവീദിന്റെ പുത്രനോ?

**ഇഖ്ബാൽ അഹ്മദ്**

**ദാവീദിന്റെ കുടുംബവുമായി കണ്ണിചേർക്കാൻ ബൈബിൾ ഉന്നയിക്കുന്ന യേശുവിന്റെ വംശാവലിപട്ടിക പരസ്പര വൈരുദ്ധ്യങ്ങൾ നിറഞ്ഞതും അയുക്തികവുമാണ്. 'മറിയമിന്റെ മകൻ' എന്ന് വിശേഷിപ്പിക്കപ്പെട്ട പിതൃരഹിതനായ യേശുവിന്റെ മാതാവ് വഴി ഇംറാൻ കുടുംബവുമായാണ് വിശുദ്ധ ഖുർആൻ ബന്ധിപ്പിക്കുന്നത്.**

യേശു ദാവീദിന്റെ വംശപരമ്പരയിൽപ്പെട്ടയാളാണെന്നാണ് ക്രിസ്ത്യാനികൾ വിശ്വസിക്കുന്നത്. അത് സംബന്ധിച്ച ബൈബിൾ സുവിശേഷത്തിലെ പരാമർശം ഇങ്ങനെയാണ്.

'ഈ സുവിശേഷം പ്രവാചകരിലൂടെ വിശുദ്ധ ലിഖിതങ്ങളിൽ മുമ്പേ തന്നെ ദൈവം വാഗ്ദാനം ചെയ്തിരിക്കുന്നു. ഇതുപ്രകാരം ദാവീദിന്റെ പിന്മുറക്കാരനായ ദൈവപുത്രനെക്കുറിച്ചുള്ളതാണ് ഈ സുവിശേഷം (റോമ 1:2–3)

യേശുവിന്റെ വംശപരമ്പര മത്തായി ഒന്നാം അദ്ധ്യായത്തിലും ലൂക്കോസ് മൂന്നാം അദ്ധ്യായത്തിലും കാണാം. മത്തായിയിൽ ബൈബിൾ (രേഖപ്പെടുത്തിയ) വംശാവലിയുടെ തുടക്കവും ഒടുക്കവും ഇങ്ങിനെയാണ്.

'അബ്രഹാമിന്റെ പുത്രനായ ദാവീദിന്റെ പുത്രൻ യേശുക്രിസ്തുവിന്റെ വംശാവലി' (മത്തായി 1:1)

വംശാവലി പട്ടിക ഈ ബൈബിൾ വചനങ്ങളോടെ അവസാനിക്കുന്നു:

"യാക്കോബിന്റെ പിതാവ്, യാക്കോബ്, മറിയമിന്റെ ഭർത്താവായ ജോസേഫിന്റെ പിതാവ്, മറിയമിൽ നിന്നും ക്രിസ്തു എന്നു വിളിക്കപ്പെടുന്ന യേശു ജനിച്ചു. (മത്താ: 1:15)

തീർച്ചയായും ഇത് തച്ചനായ ജോസഫിന്റെ വംശാവലിയാണ്. ജോസഫ് നിയമപരമായി യേശുവിന്റെ പിതാവായിരിക്കും. എന്നാൽ ജൈവപരമായി യേശുവിന്റെ പിതാവല്ല. മാത്രമല്ല പിതാവ് മുഖേനയല്ല ജനിച്ചത് എന്ന് ബൈബിൾ വ്യക്തമായി പറയുന്നു. ദാവീദിന്റെ സന്താനമാണ് യേശു എന്ന് തെളിയിക്കാൻ ബൈബിൾ ഒരു വംശാവലി സമർപ്പിക്കുന്നു. വിവിധ പ്രവചനങ്ങളുടെ അടിസ്ഥാനത്തിൽ വരാനിരിക്കുന്ന ക്രിസ്തു (മിശിഹാ) ഇസ്രായേലിലെ ഏറ്റവും പ്രഗത്ഭനായ രാജാവായിരുന്ന ദാവീദിന്റെ കുടുംബത്തിൽ നിന്നായിരിക്കുമെന്ന് യഹൂദന്മാർ വിശ്വസിച്ചിരുന്നു. സുവിശേഷകാരൻ ആ പ്രവചനം യേശുവിൽ ആരോപിക്കുകയും അദ്ദേഹത്തിന്റെ വംശാവലിയെ ദാവീദ് രാജാവുമായി ബന്ധിപ്പിക്കുകയുമാണ് ചെയ്തത്. യോഹന്നാൻ സ്നാപകനും ദാവീദിന്റെ വംശപരമ്പരയിൽപ്പെട്ടയാളാണ് എന്ന് തെളിയിക്കാൻ ബൈബിൾ സുവിശേഷകാരനായ ലൂക്കോസും ശ്രമിക്കുന്നുണ്ട്.

"സെഖര്യ പരിശുദ്ധാത്മാവ് നിറഞ്ഞവനായി ഇങ്ങനെ പ്രവചിച്ചു: 'ഇസ്രായേലിന്റെ കർത്താവായ ദൈവം വാഴ്ത്തപ്പെട്ടവൻ. അവൻ തന്റെ ജനത്തെ സന്ദർശിച്ചു വീണ്ടെടുത്തിരിക്കുന്നു. തന്റെ ദാസനായ ദാവീദിന്റെ ഭവനത്തിൽ അവൻ നമുക്ക് രക്ഷയുടെ ഒരു കൊമ്പ് ഉയർത്തിയിരിക്കുന്നു. പണ്ടുപണ്ടേ തന്റെ വിശുദ്ധ പ്രവാചകരുടെ നാവിലൂടെ അവൻ അരുൾ ചെയ്തത് പോലെതന്നെയാണിത്.' (ലൂക്കോസ് 1:67–70)

എന്തായിരുന്നാലും ലൂക്കോസിന്റെ വിവരണപ്രകാരം യോഹന്നാൻ (ഖുർആനിൽ യഹ്യാ നബി (അ)) ദാവീന്റെ വംശാവലിയിലുള്ള ആളല്ല. ഒരു ലേവ്യ (പുരോഹിതന്മാരുടെ) ഗോത്രത്തിൽ പെട്ടയാളാണ്. അംമ്രാൻ അഥവാ ഇമ്രാന്റെ ഗോത്രത്തിൽപ്പെട്ട വ്യക്തിയാണ്.

പുതിയ നിയമത്തിൽ 'യൂദരാജാവായ ഹെറോദോവിന്റെ കാലത്ത് അബിയായുടെ ഗണത്തിൽപ്പെട്ട സഖര്യാ എന്നു പേരായ ഒരു പുരോഹിതൻ ഉണ്ടായിരുന്നു.' (ലൂക്കോസ് 1:50) എന്നാൽ പഴയനിയമം പറയുന്നത് അബിയാ (അബിജാ) അഹരോന്റ സന്താനപരമ്പരയിൽപ്പെ

ട്ടയാളാണ് എന്നാണ്.

'അമ്രാമിന്റെ പുത്രൻ അഹറോൻ മോശെ അതിവിശുദ്ധ വസ്തുക്കൾ പവിത്രീകരിക്കാൻ അഹറോനെ പ്രത്യേകമായി നിയോഗിച്ചു. അയാളും പുത്രന്മാരും എക്കാലവും കർത്താവിന്റെ മുമ്പാകെ ധൂപാർച്ചന നടത്തുകയും അവന് ശുശ്രൂഷ ചെയ്കയും വേണം (1ദിനവൃത്താന്തം: 23:13)

"അഹറോന്റെ പുത്രന്മാരുടെ ഗണങ്ങൾ ഇവയായിരുന്നു .... എട്ടാമത്തേത് അബിയായ്ക്ക് .... കർത്താവായ ദൈവം കൽപിച്ചതനുസരിച്ച് അയാൾ ഉണ്ടാക്കിയ നടപടിക്രമത്തിന് അനുസൃതമായി ശുശ്രൂഷാ സംബന്ധമായ കാര്യങ്ങൾക്ക് കർത്താവിന്റെ ആലയത്തിൽ നിർദ്ദിഷ്ട ചുമതലകൾ അവർക്കുണ്ടായിരുന്നു. (1 ദിനവൃത്താന്തങ്ങൾ 24:1-19).

പഴയനിയമത്തിലെ വിവരണങ്ങളിൽ നിന്നും ലൂക്കോസിന്റെ പ്രസ്താവനയിൽ നിന്നും അബിയായുടെ ഗണത്തിൽപ്പെട്ടയാളാണ് സഖരിയാ എന്ന് നമുക്ക് മനസ്സിലാക്കാം. അബിയയാകട്ടെ അഹറോന്റെ പുത്രന്മാരുടെ ഗണത്തിലും പെടുന്നു. അഹറോൻ അമ്രാന്റെ പുത്രന്റെ പരമ്പരയിൽപ്പെടുന്നു. ആയതിനാൽ സഖരിയായും അതുപോലെ അദ്ദേഹത്തിന്റെ സന്താനങ്ങളായ യോഹന്നാൻ അഥവാ യഹ്‌യ (അ) **അമ്രാന്റെ സന്തതിപരമ്പരയിൽപ്പെട്ടയാളാണ്. ദാവീദിന്റെ വംശത്തിൽപ്പെട്ടയാളല്ല.**

യോഹന്നാന്റെ മാതാവായ എലിസബത്തിനെ സംബന്ധിക്കുന്ന മറ്റൊരു പ്രസ്താവന ഇപ്രകാരമാണ്.

'യൂദാ രാജാവായ ഹെറോദോവിന്റെ കാലത്ത് അബിയായുടെ ഗണത്തിൽ സെഖര്യാ എന്നു പേരായ ഒരു പുരോഹിതൻ ഉണ്ടായിരുന്നു. അഹറോന്റെ പുത്രിമാരിൽ ഒരുവളായിരുന്നു അയാളുടെ ഭാര്യ. അവളുടെ പേര് എലിസബത്ത്' (ലൂക്കോസ് 1:5)

യേശുവിന്റെ മാതാവായ മറിയയുമായി കുടുംബബന്ധമുള്ളവളായിരുന്നു എലിസബത്ത് എന്ന് ബൈബിളിൽ കാണാം.

'ഇതാ നിന്റെ **ചാർച്ചക്കാരിയായ** എലിസബത്തും വാർദ്ധക്യത്തിൽ ഒരു പുത്രനെ ഗർഭം ധരിച്ചിരിക്കുന്നു. (ലൂക്കോസ് 1:36).

പുതിയ നിയമം പ്രകാരം യേശു പിതാവില്ലാതെയാണ് ജനിച്ചത്. ആയതിനാൽ മാതാവിനെ ഉൾപ്പെടുത്താതെ വംശാവലി പൂർണ്ണമാവില്ല. യേശുവിന്റെ മാതാവ് കണ്ണി ചേർക്കപ്പെട്ടിട്ടില്ലാത്ത ഒരു വംശപരമ്പരയിൽ യേശുവിന്റെ പേര് ഉൾപ്പെടുത്തുന്നത് ബുദ്ധിശൂന്യമാണ്. മത്തായിയുടെ സുവിശേഷത്തിൽ വ്യക്തമായി പറയുന്നത് മറിയയുടെ ഭർത്താവായ ജോസഫിന്റെ വംശാവലിയാണ്. അദ്ദേഹം വാസ്തവത്തിൽ യേശുവിന്റെ പിതാവായിരുന്നില്ല.

അതുപോലെ യേശുവിന്റെ വംശാവലിയുടെ തുടക്കം ലൂക്കോസ് രേഖപ്പെടുത്തുന്നത് ഇപ്രകാരമാണ്.

'തന്റെ പ്രവർത്തനം ആരംഭിക്കുമ്പോൾ യേശുവിന് ഏതാണ്ട് മുപ്പത് വയസ്സ് ആയിരുന്നു. അവൻ യോസേഫിന്റെ പുത്രൻ' (3:23)

മറിയക്ക് ഒരു മാലാഖ വന്ന് മകനെ കുറിച്ചുള്ള സുവിശേഷമറിയിക്കുമ്പോൾ മറിയ കന്യകയായിരുന്നുവെന്ന് ലൂക്കോസ് വളരെ വ്യക്തമായി പറയുകയും ചെയ്യുന്നു. അതായത്

"മറിയം മാലാഖയോട് ചോദിച്ചു. എനിക്ക് പുരുഷസംസർഗ്ഗം ഇല്ലല്ലോ പിന്നെയെങ്ങനെ ഇത് സംഭവിക്കും? (ലൂക്ക് 1:34).

ഇത് സംബന്ധമായി നാം മത്തായിയിൽ വായിക്കുന്നത് ഇപ്രകാരമാണ്.

'യേശുക്രിസ്തുവിന്റെ ജനനം ഇപ്രകാരമായിരുന്നു. അവന്റെ അമ്മയായ മറിയം യോസേഫിന്റെ പ്രതിശ്രുതവധുവായിരിക്കെ അവർ സഹവസിക്കും മുമ്പ് പരിശുദ്ധാത്മാവിനാൽ ഗർഭിണിയായികാണപ്പെട്ടു. അവളുടെ ഭർത്താവായ യോസേഫ് നീതിമാനായിരുന്നു. അവളെ അപഹാസ്യയാക്കാൻ അയാൾക്കു മനസ്സുവന്നതുമില്ല. തന്മൂലം അവളെ രഹസ്യമായി ഉപേക്ഷിക്കാൻ അയാൾ തീരുമാനിച്ചു. അയാൾ ഇക്കാര്യം ആലോലിച്ചുകൊണ്ടിരിക്കെ, ഇതാ കർത്താവിന്റെ മാലാഖ സ്വപ്നത്തിൽ പ്രത്യക്ഷപ്പെട്ട് ഇങ്ങനെ പറയുന്നു: ദാവീദിന്റെ പുത്രനായ യോസേഫേ, മറിയമിനെ ഭാര്യയായി സ്വീകരിക്കാൻ ശങ്കിക്കേണ്ട. അവൾ ഗർഭിണിയായിരിക്കുന്നത് പരിശുദ്ധാത്മാവിൽ നിന്നാണ്. അവർ ഒരു പുത്രനെ പ്രസവിക്കും' (മത്താ: 1:1820).

മറിയം തന്റെ ഭർത്താവ് തച്ചനായ യോസേഫുമായി വിവാഹബന്ധം ആരംഭിക്കുന്നതിന് മുമ്പ് തന്നെ ഗർഭിണിയായിരുന്നുവെന്ന് ബൈബിൾ പ്രസ്താവി ക്കുന്നു. ഈ യാഥാർത്ഥ്യത്തിന്നെതിരായി വംശാവലിപ്പട്ടിക അവതരിപ്പിക്കുന്നത് ശരിയല്ല.

ബൈബിൾ സുവിശേഷങ്ങൾ അവതരിപ്പിക്കുന്ന യേശുവിന്റെ വംശാവലിയെക്കുറിച്ച് ചർച്ച ചെയ്യുന്നതിന് മുമ്പ് ഖുർആൻ അത് സംബന്ധമായി പറഞ്ഞ വസ്തുതകൾ പരിശോധിക്കുന്നത് നന്നായിരിക്കും.

## ഖുർആനിൽ വിവരിക്കപ്പെട്ട ഈസാനബി(അ)

അല്ലാഹു ഖുർആനിൽ പറയുന്നു.

ഇതാണ് മറിയമിന്റെ മകൻ ഈസായുടെ സത്യമായ വിവരണം. ഇതിൽ അവർ സംശയിക്കുന്നു (19:35).

അല്ലാഹു പറയുന്ന അവസരം: 'മറിയമിന്റെ മകൻ ഈസാ, നിനക്കും നിന്റെ മാതാവിനും ഞാൻ ചെയ്ത എന്റെ അനുഗ്രഹം സ്മരിക്കുക (5:111)

'അവന്റെ പേര് മസീഹ് ഈസബ്നു മറിയം എന്നായിരിക്കും ഇഹത്തിലും പരത്തിലും ആദരണീയനും ദൈവസാമീപ്യം സിദ്ധിച്ചവരിൽപ്പെട്ടവനുമായിരിക്കും എന്ന് മല

ക്കുകൾ പറഞ്ഞ സന്ദർഭം (3:46)

'ആ ഹവാരികൾ (ശിഷ്യന്മാർ) പറഞ്ഞ സന്ദർഭം: ഓ മറിയമിന്റെ മകനേ, ആകാശത്തു നിന്നും ഒരു ഭക്ഷണത്തളിക ഇറക്കിത്തരാൻ താങ്കളുടെ നാഥനു സാധിക്കുമോ?' (5:113)

'മറിയമിന്റെ മകൻ ഈസാക്ക് നാം വ്യക്തമായ തെളിവുകൾ നൽകുകയും പരിശുദ്ധാത്മാവിനെക്കൊണ്ട് അദ്ദേഹത്തെ ബലപ്പെടുത്തുകയും ചെയ്തു' (2:254)

'മറിയമിന്റെ പുത്രൻ ഈസാ മസീഹ് അല്ലാഹു'വിന്റെ ദൂതൻ മാത്രമാണ്' (4:172)

'അവരെ തുടർന്ന് (മേൽ പറയപ്പെട്ട പ്രവാചകന്മാരെ) നാം ഈസബ്നു മർയമിനെ അദ്ദേഹത്തിന്റെ മുന്നിലുള്ള തൗറാത്തിനെ പൂർത്തിയാക്കുന്ന ആളായി നിയോഗിച്ചു.' (5:47).

'മസീഹ്ബ്നു മറിയം ഒരു ദൈവദൂതൻ മാത്രമാണ് (അദ്ദേഹത്തെപ്പോലെയുള്ള) ദൈവദൂതന്മാർ അദ്ദേഹത്തിന് മുമ്പ് കാലഗതി പ്രാപിച്ചു കഴിഞ്ഞിരിക്കുന്നു' (5:70).

"അല്ലാഹു പറയുന്ന സന്ദർഭം: 'ഓ മറിയമിന്റെ മകൻ ഈസാ, എന്നെയും എന്റെ മാതാവിനേയും അല്ലാഹുവിനെ കൂടാതെ രണ്ടുദൈവങ്ങളായി സ്വീകരിക്കുക എന്ന് നീയാണോ ജനങ്ങളോട് പറഞ്ഞത്? (5:117)

യേശുവിനെപറ്റി 'മറിയമിന്റെ മകൻ' ഈസാ എന്ന പേരിലാണ് മുകളിൽ പ്രസ്താവിച്ച ഖുർആനിക വചനങ്ങളിൽ പ്രതിപാദിക്കപ്പെട്ടിരിക്കുന്നത്. ഇത് യേശുവിന്റെ പിതൃരഹിത ജനനത്തിന്നുള്ള അനിഷേധ്യമായ തെളിവാകുന്നു. അദ്ദേഹത്തിന്റെ രക്തബന്ധത്തെ സംബന്ധിച്ചാണെങ്കിൽ അത് മറിയമുമായി മാത്രം ബന്ധപ്പെട്ടതാണ്. ഈ അടിസ്ഥാനത്തിലാണ് അദ്ദേഹത്തെ **"മർയമിന്റെ മകൻ"** എന്ന അഭിധാനത്തിൽ വിളിക്കപ്പെടുന്നത്. മേൽ വിവരിച്ച സൂക്തങ്ങളിൽ നിന്നു അദ്ദേഹത്തിന്റെ ജനങ്ങൾക്കിടയിലും മറിയമിന്റെ മകൻ' എന്ന പേരിൽ തന്നെയാണ് ഈസാ നബി അറിയപ്പെട്ടിരുന്നത് എന്നു മനസ്സിലാക്കാം. അദ്ദേഹത്തിന്റെ ശിഷ്യന്മാർ "മറിയമിന്റെ മകൻ" എന്ന പേരിൽ തന്നെയാണ് യേശുവിനെ അഭിസംബോധനം ചെയ്തതായി ഖുർആൻ വിവരിക്കുന്നത്. (തുടരും) ■

*(26 -ാം പേജിൽ നിന്ന് തുടർച്ച)*

അവനാണ് അല്ലാഹു അവനല്ലാതെ ഒരാരാധ്യനുമില്ല. പരോക്ഷമായതും പ്രത്യക്ഷമായതും അറിയുന്നവൻ. പരമകാരുണികനും കരുണാമയനും അവൻ തന്നെയാണ്. അവനാണ് അല്ലാഹു. അവനല്ലാതെ ഒരാരാധ്യനുമില്ല. മഹാരാജാവും പരമപരിശുദ്ധനും സമാധാന സാമ്രാട്ടും അഭയദാതാവും രക്ഷാപരിപാലകനും പ്രതാപവാനും സർവ്വരേയും അടക്കിഭരിക്കുന്നവനും മഹാപ്രഭാവവാനുമാണവൻ. അവർ പങ്കുചേർക്കുന്നതിൽ നിന്ന് അല്ലാഹു എത്രയും പരിശുദ്ധൻ. അവൻ സ്രഷ്ടാവും ഇല്ലായ്മയിൽ നിന്ന് ഉണ്ടാക്കുന്നവനും രൂപസന്ദായകനുമായ അല്ലാഹുവാകുന്നു. ഏറ്റവും ഉൽകൃഷ്ടമായ നാമങ്ങൾ അവനുള്ളതാണ്. ആകാശങ്ങളിലും ഭൂമിയിലുമുള്ളതെല്ലാം അവന്റെ പരിശുദ്ധിയെ വാഴ്ത്തുന്നു. അവൻ പ്രതാപവാനും അഗാധജ്ഞനുമാകുന്നു. (59:22-25).

പറയുക സർവാധിപത്യത്തിന്റെ ഉടമസ്ഥനായ അല്ലാഹുവേ! നീ ഉദ്ദേശിക്കുന്നവർക്കു നീ ആധിപത്യം നൽകുന്നു. നീ ഉദ്ദേശിക്കുന്നവരിൽ നിന്നും നീ ആധിപത്യം നീക്കിക്കളയുന്നു. നീ ഉദ്ദേശിക്കുന്നവർക്ക് നീ അന്തസ്സ് നൽകുന്നു. നീ ഉദ്ദേശിക്കുന്നവരെ നീ അപമാനിതരാക്കുന്നു. എല്ലാ നന്മയും നിന്റെ കയ്യിലാണ്. നിസ്സംശയം നീ എല്ലാ കാര്യങ്ങൾക്കും പൂർണമായും കഴിവുള്ളവനാകുന്നു.' (3:27)

'എന്നെ സംബന്ധിച്ച് എന്റെ ദാസന്മാർ നിന്നോട് ചോദിക്കുന്ന പക്ഷം (പറയുക) നിശ്ചയമായും ഞാൻ സമീപസ്ഥനാകുന്നു. പ്രാർത്ഥിക്കുന്നവന്റെ പ്രാർത്ഥനക്ക് ഞാൻ ഉത്തരം നൽകും. അവൻ എന്നെ വിളിച്ചു പ്രാർത്ഥിക്കുമ്പോൾ. അതുകൊണ്ട് അവർ വിളിക്ക് ഉത്തരം നൽകുകയും എന്നിൽ വിശ്വസിക്കുകയും ചെയ്യട്ടെ; അവർ സൻമാർഗ്ഗം പ്രാപിക്കുന്നതിനുവേണ്ടി' (2:187)

'അല്ലാഹു തനിക്കായി ഒരു പുത്രനെ സ്വീകരിച്ചിരിക്കുന്നുവെന്ന് പറയുന്നവർക്ക് മുന്നറിയിപ്പ് നൽകുന്നതിന് വേണ്ടിയുമാണ് (ഈ ഗ്രന്ഥം ഇറക്കിയിട്ടുള്ളത്)അവർക്കോ അവരുടെ പിതാക്കൾക്കോ അതു സംബന്ധിച്ചു യാതൊരറിവുമില്ല' (18.5-6)

പറയുക തീർച്ചയായും ഞാൻ നിങ്ങളെപ്പോലുള്ള ഒരു മനുഷ്യൻ മാത്രമാകുന്നു. നിങ്ങളുടെ ആരാധ്യൻ ഒരേ ഒരു ആരാധ്യൻ മാത്രമാണെന്ന് എനിക്ക് ദിവ്യവെളിപ്പാടുണ്ടായിരിക്കുന്നു. അതിനാൽ ഏതൊരാൾ തന്റെ നാഥനെ കണ്ടുമുട്ടുന്നതിന് ആഗ്രഹിക്കുന്നുവോ അയാൾ സൽക്കർമ്മങ്ങൾ ചെയ്തുകൊള്ളട്ടെ അയാൾ തന്റെ നാഥനെ ആരാധിക്കുന്ന കാര്യത്തിൽ ആരേയും പങ്കുചേർക്കാതിരിക്കുകയും ചെയ്യട്ടെ. (18:11) ■

*(29 -ാം പേജിൽ നിന്ന് തുടർച്ച)*

മെണ്ടും ആ അധികാരസ്ഥന്മാർ സ്വേച്ഛാപ്രമത്തരും പ്രജായത്തവിരോധികളും പൗരാവകാശധ്വംസകരും ! എന്നാൽ ബലഹീനരായ ഒരു ന്യൂനപക്ഷക്കാരെ ഇക്കൂട്ടർ നിർദ്ദയം കൊന്നുതീർക്കുമ്പോൾ അതിനെ തടയാൻ ഗവർമ്മെണ്ട് ഓർഡിനൻസും ആക്ടുകളും ബലത്തിൽ വരുത്തിയതു പൗരാവകാശലംഘനവും ജനായത്തനിഷേധവും ആണെന്നു ഇവർ തന്നെ മുറവിളിക്കൂട്ടുന്നു. ഈ ദൃഷ്ടിവൈചിത്ര്യത്തെക്കുറിച്ചു ഞങ്ങളെന്തുപറയാനാണ്! സാധുക്കളും ദുർബ്බലരും നിസ്സഹായരുമായ അഹ്മദികളുടെ വിധിവൈപരീത്യം! അത്രതന്നെ. ■

റിപ്പോർട്ട്

# അഹ്മദിയ്യാ മുസ്‌ലിം വാർഷിക സമ്മേളനം വിജയകരമായി സമാപിച്ചു

അബൂസ്വബാഹ്

**ഖാദിയാൻ :** അല്ലാഹുവിന്റെ അനുഗ്രഹത്താൽ അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ 114-ാമത് അന്താരാഷ്ട്ര ജൽസാ സാലാനാ (വാർഷിക സമ്മേളനം) ഇവിടെ ഡിസംബർ 26, 27, 28 തീയതികളിൽ വിജയകരമായി സമാപിച്ചു.

ഖലീഫത്തുൽ മസീഹ് അൽഖാമിസ്, അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹിന്റെ മഹനീയ സാന്നിദ്ധ്യം ജൽസയുടെ ആത്മീയ പ്രഭാവത്തിന് മാറ്റ് കൂട്ടി.

ഇന്ത്യയടക്കം 46 രാഷ്ട്രങ്ങളിൽ നിന്ന് എഴുപതിനായിരം പ്രതിനിധികൾ ജൽസയിൽ ഭാഗഭാക്കായി. വർഗ്ഗവർണ്ണ ഭാഷാ ഭൂഷാദികൾക്കുപരിയായി അഹ്മദികൾ ഒത്തുചേർന്നപ്പോൾ അത് ഉമ്മത്തെ വാഹിദയുടെ പ്രത്യക്ഷ പുലർച്ചയായിരുന്നു.

ഡിസംബർ 11ന് മൊറീഷ്യസിൽ നിന്ന് ഹുസൂർ ഡൽഹിയിൽ എത്തിച്ചേർന്നു. അവിടെ സ്വീകരണത്തിന് നാസിർ അഅ്‌ലാ മിർസാ വസീം അഹ്മദ് സാഹിബിന്റെ നേതൃത്വത്തിൽ സംസ്ഥാന മേഖലാ അമീർമാരും, കേന്ദ്ര കാര്യദർശിമാരും എത്തിച്ചേർന്നിരുന്നു. പിറ്റേന്ന് കാലത്ത് ലോക്സഭാ സ്പീക്കർ സോമനാഥ് ചാറ്റർജി നൽകിയ വിരുന്നിൽ ഹുസൂർ സംബന്ധിച്ചു. ഡൽഹിയിലെ വിവിധ സ്ഥലങ്ങൾ ഹുസൂർ സന്ദർശിച്ചു.

15ന് ഹുസൂർ തിരുമനസ് ഖാദിയാനിൽ എത്തിച്ചേർന്നു. 16ന് ഖാദിയാനിൽ ഖുത്‌ബ പ്രഭാഷണം ഹുസൂർ നിർവ്വഹിച്ചു. എം. ടി. എ. ആദ്യമായി ഖാദിയാനിൽ നിന്ന് ഖുത്‌ബ സംപ്രേഷണം ചെയ്തു. 24ന് ഹുസൂർ തിരുമനസ്സ് അഹ്മദിയ്യാ വളണ്ടിയർമാരെ സംബോധന ചെയ്യുകയും വിവിധ സെക്ഷനുകൾ സന്ദർശിക്കുകയും ചെയ്തു. 23ന് ഖുത്‌ബ ജൽസാഗാഹിൽ (മൈതാനം) ആയിരുന്നു. ഡൽഹിയിലും ഖാദിയാനിലും ഹുസൂർ തിരുമനസ്സ് അഹ്മദികൾക്ക് വ്യക്തിഗത, കുടുംബ കൂടിക്കാഴ്ചകളും അനുവദിച്ചിരുന്നു.

### ഉദ്ഘാടന സമ്മേളനം

26-12-2005 (തിങ്കൾ)

26ന് കാലത്ത് 10 മണിക്ക് ഹുസൂർ തിരുമനസ്സ് ഇസ്‌ലാമിന്റെ ശ്യാമള പതാക വാനത്തിലേക്കുയർത്തിയതോടെ ത്രിദിന ജൽസാ സാലാനക്ക് സമാരംഭം കുറിച്ചു. തുടർന്ന് നടന്ന സമ്മേളനത്തിൽ വിശുദ്ധ ഖുർആൻ പാരായണത്തിനും, പദ്യത്തിനും ശേഷം ഹുസൂർ തിരുമനസ് ഉദ്ഘാടന പ്രഭാഷണം നിർവഹിച്ചു.

ഹുസൂർ തന്റെ പ്രഭാഷണത്തിൽ ജൽസാസാലയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിവരിച്ചുകൊണ്ട് പറഞ്ഞു. മനുഷ്യത്വത്തെ തിരിച്ചറിയുകയും അങ്ങിനെ പരസ്പരം സ്നേഹിക്കുന്നവരായിത്തീരുകയും ചെയ്യേണ്ടതാണ്. അതിലൂടെ മാത്രമേ ദൈവസാമീപ്യം കരഗതമാകൂ.

പ്രഭാഷണത്തിനുശേഷം ഹുസൂർ ഇജ്തിമാഈ ദു:ആ (കൂട്ടപ്രാർത്ഥന)ക്ക് നേതൃത്വം നൽകി.

ശേഷം നടന്ന രണ്ടാം സെഷനിൽ നാസിർ അഅ്‌ലാ ഖാദിയാൻ മിർസാ വസീം അഹ്മദ് സാഹിബ് അധ്യക്ഷത വഹിച്ചു. ദൈവാസ്തിക്യം എന്ന വിഷയത്തെ അധികരിച്ച് നാസിർ, നശ്റോ ഇശാഅത്ത് (പ്രസിദ്ധീകരണ വിഭാഗം), ഖാദിയാൻ മൗലാനാ ബുർഹാൻ അഹ്മദ് സഫർ പ്രസംഗിച്ചു.

ഉഗാണ്ട അമീർ ഇനായത്തുല്ലാഹ് സാഹിബ് ഉഗാണ്ടയിലെ ജമാഅത്തി പ്രവർത്തനങ്ങളെക്കുറിച്ച് വിവരിച്ചു.

ഉച്ചക്ക് ശേഷം ചേർന്ന സെഷൻ മിർസാ ഖുർശിദ് അഹ്മദ് സാഹിബ്, നാസിർ അഅ്‌ലാ റബ്‌വയുടെ അദ്ധ്യക്ഷതയിൽ വിശുദ്ധ ഖുർആൻ പാരായണത്തോടെ ആരംഭിച്ചു. യോഗത്തിൽ 'നബിചരിത്രം, വ്യക്തിസ്വാതന്ത്ര്യം മത സ്വാതന്ത്ര്യം എന്നിവയുടെ വെളിച്ചത്തിൽ' എന്ന വിഷയത്തെ പുരസ്കരിച്ച് റബ്‌വയിലെ നാസിർ ദഅ്‌വത്തെ ഇലല്ലാഹ് ഹാഫിസ് മുസഫർ അഹ്മദ് സാഹിബും 'മസീഹ് മൗഊദി (അ)ന്റെ ചരിത്രം - മുഹമ്മദ് നബിയുടെ അനുരാഗി എന്ന നിലയിൽ' എന്ന വിഷയത്തെ അധികരിച്ച് ഖാദിയാനിലെ നാസിർ ഇസ്‌ലാഹോ ഇർശാദ് മൗലാനാ മുഹമ്മദ് ഗോരി സാഹിബും പ്രസംഗിച്ചു. പ്രതിനിധികളുടെ അവസരത്തിൽ അമേരിക്കയിൽ നിന്നുള്ള പ്രതിനിധി സാഹിബ് സാദാ സയ്യിദ് റശീദ് അഹ്മദ് സാഹിബ് പ്രസംഗിച്ചു. (ഇദ്ദേഹം സയ്യിദുശ്ശുഹദാഹ് ഹദ്റത് സയ്യിദ് അബ്ദുൽ ലത്തീഫ് സാഹിബ് (റ)ന്റെ പൗത്രനാണ്)

## രണ്ടാം ദിവസം (27-12-05)

രണ്ടാം ദിവസത്തെ ഒന്നാം സമ്മേളനം വക്കീൽ അഅ്ലാ റബ്വ ചൗധരി ഹമീദുല്ലാഹ് സാഹിബിന്റെ അധ്യക്ഷതയിലാണ് ആരംഭിച്ചത്. യോഗത്തിൽ റബ്വയിലെ മുഫ്തി സിൽസില മൗലാനാ മുബശ്ശിർ അഹ്മദ് സാഹിബ് കാഹ്‌ലൂൺ, ഘാനാ അമീർ / മിഷനറി ഇൻചാർജ് മൗലാനാ അബ്ദുൽ വഹാബ് സാഹിബ് ആദം എന്നിവർ യഥാക്രമം ഇമാം മഹ്ദിയുടെ ആവിർഭാവം, ഖിലാഫത്തിന്റെ ആവശ്യകതയും പ്രാധാന്യവും അനുഗ്രഹങ്ങളും എന്നീ വിഷയങ്ങളെ അധികരിച്ച് പ്രഭാഷണങ്ങൾ നടത്തി.

അധ്യക്ഷൻ (ഇദ്ദേഹം ഖിലാഫത്ത് ശതവാർഷികാഘോഷ കമ്മിറ്റി ചെയർമാൻ കൂടിയാണ്) ഖിലാഫത്ത് ജൂബിലി പദ്ധതിയെക്കുറിച്ച് വിശദീകരിച്ചു. 2008 ൽ ഖലീഫത്തുൽ മസീഹിന്റെ തിരുസവിധത്തിൽ 10 ലക്ഷം പൗണ്ട് സമർപ്പിക്കാൻ ജമാഅത്ത് തിരുമാനിച്ചതായും അതിൽ അഹമഹമികയാ മുന്നേറാനും അദ്ദേഹം ആഹ്വാനം ചെയ്തു.

## ലജ്ന സമ്മേളനം

അഹ്മദിയ്യാ മഹിളാ വിഭാഗമായ ലജ്ന ഇമാഇല്ലാഹ് യുടെ ആഭിമുഖ്യത്തിൽ ചേർന്ന യോഗത്തിൽ ഹുസൂർ തിരുമനസ്സ് പ്രഭാഷണം നടത്തി. സംസ്കാര സമ്പന്നരായി ഉന്നതമായ സ്വഭാവം സ്വായത്തമാക്കാനും അത് അടുത്ത തലമുറയിലേക്ക് കൈമാറാനും ഹുസൂർ ഉപദേശിച്ചു.

വനിതാ സമ്മേളനം രണ്ടാം സെഷനിൽ ഹുസൂറിന്റെ ധർമപത്നി ഹദ്റത്ത് സയ്യിദ അമത്തുസ്സുബൂഹ് സാഹിബ അധ്യക്ഷത വഹിച്ചു. സമ്മേളനത്തിൽ സഫിയ ഖാലിദ് (നമസ്കാരം മുഅ്മിനീകളുടെ മിഅ്റാജ്) ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാലിസ് ന്റെ ധർമ്മപത്നി ഡോ. സയ്യിദ ത്വാഹിറ സിദ്ദീഖ് സാഹിബ (അഹ്മദി സ്ത്രീകളുടെ സ്ഥാനം) സാഹിബ് സാദി അമത്തുൽ ഖുദ്ദൂസ് പാകിസ്താൻ (ഇസ്ലാമിക സംസ്കാരം) എന്നിവർ പ്രസംഗിച്ചു.

ജൽസാസാലാനാ രണ്ടാം സെഷൻ ഘാനാ അമീർ മൗലാനാ അബ്ദുൽ വഹാബ് സാഹിബ് ആദമിന്റെ അധ്യക്ഷതയിൽ ആരംഭിച്ചു. യോഗത്തിൽ ജാമിഅ അഹ്മദിയ്യാ പ്രിൻസിപ്പലും മജ്‌ലിസ്അൻസാറുല്ലാഹ് അഖിലേന്ത്യാ സദറുമായ മൗലാനാ മുനീർ അഹ്മദ് ഖാദിം 'ഇന്ത്യയിൽ ദഅ്‌വത്തെ ഇലല്ലാഹ്‌യുടെ മധുര ഫലങ്ങൾ' എന്ന വിഷയത്തെ അധികരിച്ച് പ്രസംഗിച്ചു. കനഡാ അമീർ / മിഷനറി ഇൻചാർജ് മൗലാനാ നസീം മഹ്ദി സാഹിബ്, തൻസാനിയ മിഷനറി മൗലാനാ യൂസഫ് കമാൽ സാഹിബ്, മൗറീഷ്യസ് അമീർ മുഹമ്മദ് അമീൻ സാഹിബ് എന്നിവർ പ്രതിനിധികളുടെ അവസരത്തിൽ പ്രസംഗിച്ചു.

## മൂന്നാം ദിവസം 28-12-05

ഒന്നാം സെഷൻ ജർമൻ അമീർ അബ്ദുല്ലാഹ് വാഗസ് ഹാഉസർ സാഹിബിന്റെ അധ്യക്ഷതയിൽ ചേർന്നു. മൗലാനാ അത്താഉൽ മുജീബ് രാശിദ് സാഹിബ് (ഇമാം മസ്ജിദ് ഫസ്ൽ ലണ്ടൻ), അഡ്വ. ശേഖ് മുജീബുർ റഹ്മാൻ സാഹിബ് എന്നിവർ യഥാക്രമം അഹ്മദിയ്യാ വിശ്വാസങ്ങൾ, വസിയ്യത്ത് വ്യവസ്ഥിതിയുടെ അനുഗ്രഹങ്ങൾ എന്നീ വിഷയങ്ങളെ പുരസ്കരിച്ച് പ്രഭാഷണങ്ങൾ നടത്തി.

ഉച്ചക്ക് ശേഷം ചേർന്ന രണ്ടാം സെഷൻ നാസിർ അഅ്ലാ ഖാദിയാൻ മിർസാ വസിം അഹ്മദ് സാഹിബിന്റെ അധ്യക്ഷതയിൽ ആരംഭിച്ചു. യോഗത്തിൽ പി. ടി. എ. മുൻ ചെയർമാൻ വിജയ്കുമാർ ചോപ്ര (ഹിന്ദ് സമാചാർ), ഘാനാ ഊർജ വകുപ്പ് ഉപമന്ത്രി ത്വാഹിർ ഹമ്മാൻ സാഹിബ് (ഇദ്ദേഹം അഹ്മദിയാണ്) എന്നിവരും വിവിധ മതനേതാക്കളും സംസാരിച്ചു. ശേഷം അധ്യക്ഷൻ ജൽസയുമായി സഹകരിച്ച എല്ലാവർക്കും നന്ദി പ്രകാശിപ്പിച്ചു.

## സമാപന സമ്മേളനം

സമാപന സമ്മേളനത്തിൽ തിലാവത്തിലും പദ്യത്തിനും ശേഷം ഹുസൂർ തിരുമനസ് 'ഖത്തമുന്നബുവ്വത്ത്' എന്ന വിഷയത്തെ അധികരിച്ച് സമാപന പ്രഭാഷണം നടത്തി. നബി (സ) ന്റെ അനുഗ്രഹം അനുസ്യൂതം തുടരുന്നുവെന്നും ആ അനുഗ്രഹത്തിന്റെ ഭാഗമായാണ് ഇക്കാലഘട്ടത്തിൽ ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ ആഗമനമെന്നും ഹുസൂർ വിശദീകരിച്ചു.

ശേഷം നടന്ന കൂട്ടപ്രാർത്ഥനയോടെ ത്രിദിന ജൽസാ സാലാനക്ക് തിരശ്ശീല വീണു. ജൽസക്ക് ശേഷം ഹുസൂർ തിരുമനസ്സ് ലജ്ന വിഭാഗത്തിൽ പോയി. അവിടെ വിവിധ സംസ്ഥാനങ്ങളിൽ നിന്നെത്തിയ വനിതകൾ തന്താങ്ങളുടെ ഭാഷയിൽ പദ്യങ്ങൾ അവതരിപ്പിച്ചു.

ജൽസാ പരിപാടികൾ എം. ടി. എ. മുഖേന തൽസമയ സംപ്രേഷണത്തിനുള്ള സംവിധാനം ചെയ്തിട്ടുണ്ടായിരുന്നു. കൂടാതെ ജയിൻ ടി. വി യും ഹുസൂറിന്റെ പ്രഭാഷണങ്ങൾ സംപ്രേഷണം ചെയ്തു.

മലയാളം, ഇംഗ്ലീഷ്, ഫ്രഞ്ച്, ബംഗ്ലാ, തെലുങ്ക്, കന്നഡ, അറബിക്, ഇന്തോനേഷ്യൻ ഭാഷകളിൽ ജൽസാ പ്രഭാഷണങ്ങൾ തൽസമയ തർജുമക്ക് സംവിധാനം ചെയ്തിട്ടുണ്ടായിരുന്നു.

മലയാളം വിഭാഗത്തിൽ മൗ: മുഹമ്മദ് ഇസ്മാഈൽ സാഹിബ്, മൗ: എം. നാസിർ അഹ്മദ് സാഹിബ്, മൗ. ടി. എ. മുഹമ്മദ് സാഹിബ്, മൗ. എച്ച്. ശംസുദ്ദീൻ കാവശ്ശേരി എന്നിവരാണ് തർജ്ജുമ നിർവ്വഹിച്ചത്.

ജൽസയുടെ വിവിധ ദിവസങ്ങളിൽ പഞ്ചാബ് പൊതുമരാമത്ത് വകുപ്പ് മന്ത്രി പ്രതാപ് സിംഗ് ബാജ്വ, ഖാദിയാൻ എം. എൽ. എ. ത്രിപ്ത് രാജേന്ദർ സിംഗ് ബാജ്, മുൻ മന്ത്രി, സേവാസിംഗ് സേഘ്വാൻ എന്നിവർ ഖാദിയാൻ സന്ദർശിച്ചിരുന്നു. 29ന് ഹുസൂർ തിരുമനസ്സിന്റെ അധ്യക്ഷതയിൽ മജ്‌ലിസ് ശുറാ ചേർന്നു. ■

ലേഖനം

# ദൈവഭക്തി - നന്മയുടെ നാരായ വേര്

## മിർസാ മസ്‌റൂർ അഹ്മദ്
## (ഖലീഫത്തുൽ മസീഹ് - V)

'മനുഷ്യരേ തീർച്ചയായും നാം നിങ്ങളെ ആണിൽ നിന്നും പെണ്ണിൽ നിന്നുമായി സൃഷ്ടിച്ചിരിക്കുന്നു. നിങ്ങളെ വിവിധ സമുദായങ്ങളും ഗോത്രങ്ങളുമാക്കിയിരിക്കുന്നു. നിങ്ങൾ അന്യോന്യം പരിചയപ്പെടുത്തുന്നതിനുവേണ്ടി തീർച്ചയായും അല്ലാഹുവിന്റെ പക്കൽ നിങ്ങളിൽ വെച്ചേറ്റവും ബഹുമാന്യൻ നിങ്ങളിൽ വെച്ചേറ്റവും ഭയഭക്തിയുള്ളവനാകുന്നു. നിശ്ചയമായും അല്ലാഹു സർവ്വജ്ഞനും സൂക്ഷ്മജ്ഞനുമാണ്. (സൂറ: അൽഹുജൂറാത്ത് 49:14)

ഈ ഖുർആനിക സൂക്തം ഉദ്ധരിച്ചുകൊണ്ടാണ് ഹുസൂർ ഉദ്ഘാടന പ്രസംഗം ആരംഭിച്ചത്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഖാദിയാനിലുള്ള 114-ാമത് ജൽസാസാലാന (വാർഷിക സമ്മേളനം) ആരംഭിച്ചിരിക്കുന്നു. ജൽസയുടെ പരമ ലക്ഷ്യം തഖ്‌വ (ദൈവ ഭക്തി) ആർജിക്കലാണെന്ന് ഹുസൂർ ഓർമ്മിപ്പിച്ചു. തഖ്‌വയെ എല്ലാ നന്മകളുടെയും നാരായ വേര് എന്നാണ് വാഗ്ദത്ത മസീഹ് വിശേഷിപ്പിച്ചത്. ഈ മൂല തന്തു അവിടെ അവശേഷിക്കുന്നുവെങ്കിൽ മറ്റെല്ലാ കാര്യങ്ങളും നേടാനാവും. ഈ വിഷയം കൂടുതൽ വിശദീകരിച്ചുകൊണ്ട് ഹുസൂർ പറഞ്ഞു. കൂടുതൽ ദൈവികാനുഗ്രഹങ്ങൾ ലഭ്യമാകാൻ നാം ഇച്ഛിക്കുന്നുവെങ്കിൽ ഈ അടിസ്ഥാന പേര് സംരക്ഷിക്കേണ്ടതുണ്ട്. അതിനെ ആത്മാർത്ഥമായ പ്രാർത്ഥനകളിലൂടെ ജലസേചനവും പോഷണങ്ങളും നൽകി പരിപോഷിപ്പിക്കുകയും നിരോധിക്കപ്പെട്ട തിന്മകളിൽ നിന്ന് വിട്ടൊഴിയുകയും വേണം.

തന്റെ ഉദ്ഘാടന പ്രഭാഷണത്തിൽ വാഗ്ദത്ത മസീഹിന്റെ ലിഖിതങ്ങളിൽ നിന്നും ചില ഉദ്ധരണികൾ ഹുസൂർ വായിക്കുകയുണ്ടായി. അതിലൊന്ന് ഒരു ജൽസയിൽ വാഗ്ദത്ത മസീഹ് കേൾപ്പിച്ചതായിരുന്നു. ഒരു സമൂഹത്തിന്റെ ക്ഷേമത്തിന് അവരെ തഖ്‌വയെപറ്റി ഉപദേശിക്കേണ്ടതാണ് എന്നതായിരുന്ന അത്. തഖ്‌വ അല്ലാഹുവിനെ അത്യധികം സംപ്രീതനാക്കുന്നു. എല്ലാ അഹ്മദികളും തഖ്‌വ സ്വായത്തമാക്കാൻ യത്നിക്കേണ്ടതാണ്. ഒരു അഹ്മദി അവരുടെ കുടുംബങ്ങളിലെ മുതിർന്ന അംഗങ്ങളുടെ തഖ്‌വ കൊണ്ടുമാത്രം സംതൃപ്തനായാൽ പോരാ. അല്ലാഹു കണക്കെടുക്കുന്നത് ഓരോ വ്യക്തിയുടെയും വ്യക്തിനിഷ്ഠമായ തഖ്‌വയുടെ നിലവാരത്തെ ആധാരമാക്കിയാണ്. തഖ്‌വയുടെ പ്രാധാന്യത്തിലൂന്നിക്കൊണ്ട് വാഗ്ദത്ത മസീഹ് പറഞ്ഞ കാര്യം ഹുസൂർ അനുസ്മരിക്കുകയുണ്ടായി. അതായത് തനിക്കുണ്ടായ ആയിരക്കണക്കിന് വെളിപാടുകളിൽ അല്ലാഹു മുത്തഖി (ദൈവഭക്തൻ) യോടൊപ്പമാണെന്ന് തന്നെ അറിയിക്കുകയുണ്ടായെന്ന് വാഗ്ദത്ത മസീഹ് (അ) പറഞ്ഞിട്ടുണ്ട്.

ഹുസൂർ തുടർന്നു: നിർഭാഗ്യകരമെന്ന് പറയട്ടെ വംശീയതയെ അടിസ്ഥാനമാക്കി നിരവധി വിവേചനങ്ങൾ പാശ്ചാത്യ നാടുകളിലുള്ളത് പോലെ നമ്മുടെ ഉപഭൂഖണ്ഡത്തിലുമുണ്ട്. തുടക്കത്തിൽ ഓതിയ ഖുർആനിക സൂക്തങ്ങൾ ഉരുവിട്ടുകൊണ്ട് മനുഷ്യ വൈവിധ്യങ്ങൾ സമൂഹങ്ങളെ തിരിച്ചറിയാനുള്ള ഒരു വ്യതിരേകം മാത്രമാണെന്ന് ഹുസൂർ പറഞ്ഞു. ഒരിക്കലും അത് അവരുടെ മാഹാത്മ്യത്തിന്റെ മാനദണ്ഡമല്ല. ഇസ്‌ലാം മഹത്വവാനായി കാണുന്നത് ഒരു മുത്തഖി (ദൈവഭക്തനെയാണ്) യെയാണ്. വിദൂര ദേശങ്ങളിൽ നിന്നുള്ള നിരവധി വംശ ഗോത്രങ്ങളിൽ നിന്നുമുള്ള ജനവിഭാഗങ്ങൾ ഈ ജൽസ (സമ്മേളനം) യിൽ എത്തിച്ചേർന്നിട്ടുണ്ട്. അവരുടെ ഏക ഐഡന്റിറ്റി അഹ്മദി എന്നത് മാത്രമാണ്. മഹത്തായ ലക്ഷ്യങ്ങൾ നേടാൻ സൗഹൃദത്തിന്റേയും സൗഭ്രാതത്വത്തിന്റെയും അന്തരീക്ഷം സൃഷ്ടിക്കാൻ ഓരോ അഹ്മദിയും ബാദ്ധ്യസ്ഥനാണ്.

റസൂൽ തിരുമേനി (സ) യുടെ വിടവാങ്ങൽ പ്രസംഗത്തിലേക്ക് ഹുസൂർ തിരുമനസ്സ് ശ്രദ്ധ ക്ഷണിക്കുകയുണ്ടായി. ശ്രേഷ്ഠത വർഗ്ഗമോ ഗോത്രമോ വർണ്ണമോ വിശ്വാസ പ്രമാണമോ അടിസ്ഥാനമാക്കിയിട്ടുള്ളതല്ല എന്ന്. ഏറ്റവും വ്യക്തമായ രീതിയിൽ റസൂൽ തിരുമേനി (സ) പ്രഖ്യാപിക്കുകയുണ്ടായി. ഇന്ന് ഈ സമത്വഭാവന അഹ്മദിയ്യാ സമ്മേളനത്തിൽ നമുക്ക് കാണാവുന്നതാണ്. ഇൻശാ അല്ലാഹ് (അല്ലാഹു ഇച്ഛിക്കുകയാണെങ്കിൽ) ഇപ്പോഴുള്ള നിരോധനങ്ങളെല്ലാം നിങ്ങി വാഗ്ദത്ത മസീഹിന്റെ അനുയായികൾക്ക് ഇതുപോലെ ഹജ്ജ് നിർവ്വഹിക്കാനുള്ള കാലം വിദൂരമല്ല. നാം അതിന് സാക്ഷ്യം വഹിക്കുന്നതാണ്.

സമൂഹത്തിലെ സമത്വബോധത്തെ സംബന്ധിച്ച് വിശദീകരിക്കുമ്പോൾ

റസൂൽ തിരുമേനി (സ) യുടെ പ്രാർത്ഥന ഹുസൂർ തിരുമനസ്സ് ഉദ്ദരിക്കുകയുണ്ടായി. 'ഓ അല്ലാഹ് ഞാൻ നിന്നോട് സന്മാർഗ്ഗ ദർശനവും തഖ്‌വയും ചാരിത്ര്യ ശുദ്ധിയും അർത്ഥിക്കുന്നു. നിന്നിൽ നിന്നുള്ള സംതൃപ്തിയും കാംക്ഷിക്കുന്നു.' ഇത് റസൂൽ തിരുമേനി (സ) യുടെ പ്രാർത്ഥനയാണെങ്കിൽ നാം എത്ര മാത്രം ഇക്കാര്യത്തിൽ പരിശ്രമിക്കേണ്ടതുണ്ട്. ജൽസയുടെ മൂന്ന് ദിവസത്തെ പരിശുദ്ധതയും നാം തഖ്‌വ ആർജിക്കാൻ വേണ്ടി ഉപയോഗിക്കണം. തഖ്‌വ ഹൃദയത്തിൽ അങ്കുരിക്കാൻ വേണ്ടിയും അതിൽ സ്ഥിര ചിത്തത കൈവരിക്കാനും അല്ലാഹുവിനോട് അഗാധമായി പ്രാർത്ഥിക്കണം. അല്ലാഹുവിനോടും മനുഷ്യവംശത്തോടും ചെയ്യേണ്ടുന്ന ബാദ്ധ്യതകൾ നിർവ്വഹിക്കുന്നതിന്റെ അടിസ്ഥാനത്തിൽ സോപാധികമായിട്ടാണ് അല്ലാഹു തഖ്‌വ സൃഷ്ടിക്കുന്നത്.

ഹുസൂർ തുടർന്നു ചില തിന്മകൾ സമൂഹത്തെ ഉലച്ചുകളയുന്നു. ചില അഹ്മദികളേയും ഈ തിന്മമകൾ പിടിക്കൂടുന്നു. ഹുസൂർ രണ്ട് ഖുർആൻ സൂക്തങ്ങൾ ഉദ്ദരിച്ചു.

'പരമകാരുണികനായ അല്ലാഹുവിന്റെ ദാസന്മാർ ഭൂമിയിൽ ശാന്തരായി നടക്കുന്നവരാണ് അവിവേകികൾ അവരുമായി നേരിട്ടാൽ അവർ സമാധാനം എന്ന് പറഞ്ഞു. (ഒഴിഞ്ഞു മാറുന്നു.)' (25:64)

ജനങ്ങളുടെ മുമ്പാകെ നിങ്ങൾ കവിൾ വീർപ്പിക്കരുത് (ദേഷ്യപ്പെടരുത്) ഭൂമിയിൽ പൊങ്ങച്ചം കാണിച്ചുകൊണ്ട് നടക്കുകയുമരുത്. അഹംഭാവിയും ദുരഭിമാനിയുമായ ആരേയും അല്ലാഹു ഇഷ്ടപ്പെടുന്നില്ല. (31:19)

അഹങ്കാരത്തിന്റെ വിപത്തിനെ പറ്റി ഹുസൂർ ഓർമ്മിപ്പിച്ചു. തഖ്‌വയും അഹങ്കാരവും ഒരിക്കലും ഒത്തുപോകുകയില്ല. അഹങ്കാരമെന്നാൽ ദൈവത്തിൽ പങ്കുചേർക്കലാണ്. ഇതു സംബന്ധമായി വാഗ്ദത്ത മസീഹിന്റെ ഗ്രന്ഥങ്ങളിൽ നിന്നും നിരവധി ഉദ്ദരണികൾ ഹുസൂർ കേൾപ്പിച്ചു. ഒരു മനുഷ്യന്റെ ജീവിതത്തിലേക്ക് അഹങ്കാരം സൂക്ഷ്മമായി എങ്ങിനെയാണ് കടന്നു വരുന്നതെന്ന് ഹുസൂർ ഓർമ്മിപ്പിച്ചു. അഹങ്കാരത്തിൽ നിന്നും തികച്ചും ഒഴിഞ്ഞു നിൽക്കേണ്ടതിന്റെ ആവശ്യകതയെപ്പറ്റി ഹുസൂർ ഓർമ്മിപ്പിച്ചു. തഖ്‌വ ആർജിക്കുമ്പോഴുണ്ടാകുന്ന സങ്കീർണ്ണതകളെപ്പറ്റി അല്ലാഹുവിന്റെ അപാരമായ അനുഗ്രഹത്താൽ വാഗ്ദത്ത മസീഹ് തുറന്നു കാട്ടുകയും വിശദീകരിക്കുകയും ചെയ്തു. തഖ്‌വയുടെ വേരിനെ ശക്തിപ്പെടുത്തേണ്ട കർമ്മ പദ്ധതികളും വഴികളും ഹുസൂർ വിവരിക്കുകയുണ്ടായി. തുടർന്ന് ഹുസൂർ വാഗ്ദത്ത മസീഹ് ആവിഷ്ക്കരിച്ച 'വസിയ്യത്ത്' പദ്ധതിയുടെ നൂറാം വാർഷികത്തിലേക്ക് ശ്രോതാക്കളുടെ ശ്രദ്ധ ക്ഷണിച്ചു. വസിയ്യത്ത് പദ്ധതിയിൽ അംഗമാകുന്നതിനുള്ള തന്റെ ആഹ്വാനത്തിന് ജമാഅത്തിൽ നിന്നുണ്ടായ ആവേശകരമായ പ്രതികരണത്തെ ഹുസൂർ അനുസ്മരിച്ചു.

ശതവാർഷികത്തോടെ അത് 50,000 മായി തീർന്നിരിക്കുന്നു. ഈ സംഖ്യ നമ്മുടെ നിർദ്ദിഷ്ട ലക്ഷ്യത്തിലും കവിഞ്ഞിരിക്കുന്നു. ഈ പദ്ധതിയിൽ അംഗമാകാൻ വേണ്ടി സാധിക്കാത്തവരെ അതിനു പ്രാപ്തരാക്കാനുള്ള പ്രാർത്ഥനകൾ നിർദ്ദേശിച്ചിരുന്ന കാര്യം ഹുസൂർ ഓർമ്മിപ്പിച്ചു. തഖ്‌വയിലും പ്രാർത്ഥനയിലും അടിയുറച്ചു നിൽക്കുക എന്നത് വളരെ പ്രാധാനമാണ്.

ചന്ദ്ര വർഷ ഗണന പ്രകാരം അഹ്മദിയ്യാ ഖിലാഫത്തിന്റെ ശതവാർഷികം പൂർത്തിയായിക്കഴിഞ്ഞു. അഹ്മദിയ്യാ ജമാഅത്തിന്റെ ശതവാർഷികാഘോഷ വേളയിൽ ഹുസൂർ ഖാദിയാനിലുണ്ടായിരുന്ന കാര്യം ചില സംഭവങ്ങൾ വിവരിച്ചുകൊണ്ടു ഹുസൂർ വിശദീകരിച്ചു. വസിയ്യത്ത് പദ്ധതി പ്രഖ്യാപിച്ച സ്ഥലം വാസ്തവത്തിൽ ഖാദിയാനാണ്. അഹ്മദിയ്യാ ഖിലാഫത്തിന് സമാരംഭം കുറിച്ചതും ഖാദിയാനിൽ വെച്ചു തന്നെയാണ് ഹുസൂർ പ്രസംഗം ഉപസംഹരിച്ചുകൊണ്ട് ഇപ്രകാരം പറഞ്ഞു: മുഹമ്മദ് റസൂൽ തിരുമേനി (സ) യുടെ ഇസ്‌ലാമിക പതാക ലോകത്ത് ഉയർത്തി പിടിക്കാന് ദൈവത്തിന്റെ ഏകത്വത്തിന്റെ അത്യുന്നതമായ നിലവാരം ലോക ത്ത് സ്ഥാപിക്കാനും അഹ്മദി യ്യാ ജമാഅത്തിന് പ്രാപ്തിയുണ്ടാകട്ടെ എന്ന പ്രാർത്ഥനയോടെ ഹുസൂർ ഉദ്ഘാടന പ്രസംഗം ഉപസംഹരിച്ചു. ■

---

*(33 -ാം പേജിൽ നിന്ന് തുടർച്ച)*

മായ ആത്മീയ ദർശനമാണെന്ന് മനസ്സിലാക്കാൻ പ്രയാസമുണ്ടാവുകയില്ല. അതിനു വേണ്ടിയാണ് മേൽ വിവരണങ്ങൾ താരീഖുൽ ഇസ്‌ലാമിൽ നിന്നും എടുത്തു ഇവിടെ ഉദ്ധരിച്ചത്.

ഇതിൽ നിന്നു മുമ്പു കഴിഞ്ഞു കടന്ന പ്രവാചകന്മാരുടെ ആത്മീയ സ്ഥാനങ്ങൾ വളരെ പ്രകടമായി മനസ്സിലാകും. വിശുദ്ധഖുർആനിലും പ്രവാചകന്മാർ തമ്മിൽ ആത്മീയ സ്ഥാനങ്ങളിൽ വ്യത്യാസമുള്ളതായി മനസ്സിലാക്കാം. പ്രവാചകന്മാർ മാത്രമല്ല എല്ലാ മനുഷ്യരും ഒരേ തരക്കാരല്ല. ഈ ഭൂമിയിൽ ഭൗതികമായ കാര്യങ്ങളിൽ വ്യത്യാസവും അന്തരവും ഉള്ളതുപോലെ പരലോകത്തും സ്ഥാനമാനങ്ങൾക്ക് അന്തരമുണ്ട്. ഇവിടെ സ്ഥലപരമായ അന്തരം തരണം ചെയ്യാൻ ചിലർ വിമാനം പോലെയുള്ള അതിവേഗ വാഹനങ്ങൾ ഉപയോഗിക്കുന്നു. ചിലർ കാറിൽ സഞ്ചരിക്കുന്നു. ചിലർ ബസ്സിലും തീവണ്ടിയിലും സഞ്ചരിക്കുന്ന സൈക്കിളിലും കാൽ നടയിലും ചിലർ സഞ്ചരിക്കുന്നു. യാത്രികരെല്ലാം അവർ നടത്തിക്കൊണ്ടിരിക്കുന്ന പ്രവർത്തി ഒന്നാണ്. പക്ഷേ വേഗ വ്യത്യാസങ്ങളുണ്ടെന്ന് മാത്രം. ഇതേപോലെ മരണാനന്തര ജീവിതത്തിലും മനുഷ്യർക്ക് ലഭ്യമാകുന്ന പ്രതിഫലങ്ങൾ വ്യത്യസ്ഥമാണ്. അവിടെയും ജീവിതം നിശ്ചലമായിരിക്കില്ല. പുരോഗതിയിലേക്കുള്ള ചലനാത്മകമായ പ്രയാണം തന്നെയായിരി

*(ശേഷം 46-ാം പേജിൽ)*

# ഖാദിയാൻ ജൽസ: ചില ദൃശ്യങ്ങൾ




ഹുസൂർ തിരുമനസ്സ് ജൽസാ ഗാഹിലേക്ക്



ജൽസാ ഗാഹിലേക്ക് ജന പ്രവാഹം




അഹ്മദിയ്യാ പതാക വിണ്ണിലേക്ക്




ഹുസൂർ തിരുമനസ്സ്
സദസ്സിനെ അഭിസംബോധന ചെയ്യുന്നു



സദസ്സ്



വേദി

# ഖാദിയാൻ ജൽസ: ചില ദൃശ്യങ്ങൾ



നാസിർ അഅ്ലാ ഹദ്റത്ത് മിർസാ വസിം അഹ്മദ് സാഹിബ് സദസ്സിനെ അഭിസംബോധനം ചെയ്യുന്നു.



ജർമ്മൻ അമീർ സദസ്സിനെ അഭിസംബോധന ചെയ്യുന്നു




ഘാനയിൽ നിന്നുള്ള പ്രതിനിധി



ഹാഫിസ് മുസഫർ അഹ്മദ് സാഹിബ്




മൗലവി ബുർഹാൻ അഹ്മദ് സഫർ



ബംഗാൾ അമീർ മശ്രിക്ക് അലി സാഹിബ്,
ദോസ്ത് മുഹമ്മദ് ശാഹിദ് സാഹിബ്

# ഖാദിയാൻ ജൽസ: ചില ദൃശ്യങ്ങൾ



ഹുസൂർ തിരുമനസ്സ് മത നേതാക്കളോടൊപ്പം



നവാബ് മൻസൂർ അഹ്മദ് ഖാൻ, നായിബ് അമീർ, ഘാന, ലണ്ടൻ ഇമാം അതാഉൽ മുജീബ് റഷീദ് സാഹിബിനോടൊപ്പം



വിദേശ പ്രതിനിധികൾ



കേരളത്തിൽ നിന്നുള്ള പ്രതിനിധികൾ




സദസ്സ് ആവേശത്ത തിമിർപ്പിൽ




ഹുസൂർ തിരുമനസ്സ് ജനക്കൂട്ടത്തിൽ

# ഖാദിയാൻ ജൽസ: ചില ദൃശ്യങ്ങൾ



ഡൽഹിയിൽ ലോക്സഭാ സ്പീക്കർ
ബഹു. സോമനാഥ് ചാറ്റർജിയോടൊപ്പം



സമ്മേളന നഗരിയെ റോന്ത് ചുറ്റുന്ന അശ്വഭടൻമാർ



കേരളത്തിൽ നിന്ന് ചീഫ് മിഷനറി
മൗലാനാ മുഹമ്മദ് ഉമർസാഹിബ് ഖാദിയാനിലേക്ക്




എറണാകുളം സോണൽ അമീർ അഹ്മദ് കബീറിന്റെ
നേതൃത്വത്തിൽ അഹ്മദികൾ ഖാദിയാനിലേക്ക്



പാകിസ്താനിൽ നിന്നുള്ള പ്രതിനിധികൾ
വാഗാ അതിർത്തിയിൽ



ഹുസൂർ തിരുമനസ്സ് ഉപസംഹാര പ്രസംഗത്തിനുശേഷം
പ്രാർത്ഥനക്ക് നേതൃത്വം നൽകുന്നു.

## കുറിപ്പുകൾ

**മുസാഫിർ**

# എൺപത് വയസ്സ് തികഞ്ഞ സത്യദൂതൻ

**ക**ഴിഞ്ഞ നൂറ്റാണ്ടിന്റെ രണ്ടാം ദശാബ്ദത്തിൽ 1925 ജനുവരിയിലായിരുന്നു സത്യദൂതന്റെ ജനനം. ഈ ലക്കത്തോടെ സത്യദൂതന് 80 വയസ്സ് തികഞ്ഞു. തികച്ചും ദൈവികമായ ഒരു ദൗത്യമായിരുന്നു സത്യദൂതനു കേരളത്തിൽ നിർവ്വഹിക്കാനുണ്ടായിരുന്നത്. ഇസ്‌ലാമിൽ വാഗ്ദാനം ചെയ്യപ്പെട്ട വാഗ്ദത്ത മസീഹിന്റെ സന്ദേശത്തിന്റെ മലയാള ഭാഷയിലെ പ്രചരണമായിരുന്നു അത്.

കേരളത്തിലെ മുസ്‌ലിം പത്രപ്രവർത്തനരംഗത്ത് സത്യദൂതന് സമശീർഷമായി മറ്റൊരു പ്രസിദ്ധീകരണമില്ല. സംഭവബഹുലമായ ഇരുപതാം നൂറ്റാണ്ടിനോട് വാഗ്ദത്ത മസീഹിന്റെ ചിന്തകളിലൂടെ മലയാളികളുമായി സംവദിച്ച സത്യദൂതൻ പിറന്ന നാൾ മുതൽ വമ്പിച്ച എതിർപ്പുകളെയാണ് നേരിട്ടത്. മുസ്‌ലിം കേരളം സത്യദൂതനെ തീണ്ടാപാടകലെ നിർത്തുകയും പണ്ഡിതന്മാർ അനുയായികളെ കൊണ്ട് തീയിട്ടു നശിപ്പിക്കാൻ ശ്രമിക്കുകയും ചെയ്തു. പക്ഷേ കേരളത്തിലെ മുസ്‌ലിം പണ്ഡിത ലോകം രഹസ്യത്തിൽ സത്യദൂതൻ ആർത്തിയോടെ വായിക്കുകയായിരുന്നു. അവരുടെ ആത്മാക്കൾ പ്രകാശിതമായില്ലെങ്കിലും കേരള മുസ്‌ലിംകൾക്കിടയിലെ ബുദ്ധിപരമായ എല്ലാ ചലനങ്ങൾക്കും സത്യദൂതനിലൂടെ വെളിച്ചം കണ്ട അഹ്‌മദിയ്യത്തിന്റെ ഇസ് ലാമിക സാഹിത്യങ്ങൾ അനല്പമായ പങ്ക് വഹിച്ചിട്ടുണ്ട് എന്നത് അനിഷേധ്യമായ യാഥാർത്ഥ്യമാണ്. വിരലിലെണ്ണാവുന്നയത്ര മുസ്‌ലിം പ്രസിദ്ധീകരണങ്ങളുണ്ടായിരുന്ന അക്കാലത്ത് സത്യദൂതന്റെ സ്വാധീനം വമ്പിച്ചതായിരുന്നു. മലയാളത്തിലെ ഇസ്‌ലാമിക സാഹിത്യത്തി ന്റെ വികാസത്തെക്കുറിച്ച് ആരെങ്കിലും നിഷ്പക്ഷപഠനം നടത്തുകയാണെങ്കിൽ ഈ വസ്തുത ബോദ്ധ്യമാകും.

കേരളീയ മുസ്‌ലിംകളുടെ വിനിമയഭാഷയായ മാപ്പിള മലയാളത്തിലായിരുന്നു പണ്ട്കാലത്ത് ഇസ് ലാമിക സാഹിത്യങ്ങൾ അൽപമായെങ്കിലും പ്രസിദ്ധീകൃതമായത്. അവർ അതിന് ഉപയോഗിച്ചിരുന്ന സ്ക്രിപ്റ്റ് അറബി മലയാളം എന്ന അക്ഷരസമ്പ്രദായമായിരുന്നു. അറബി സാഹിത്യവുമായുള്ള പരിചയം മൂലം കവനസാഹിത്യത്തിൽ മാപ്പിള സാഹിത്യം വളരെയേറെ മുന്നോട്ടു പോയെങ്കിലും മത വൈജ്ഞാനിക രംഗത്ത് അത് ഒരു ചലനവും സൃഷ്ടിച്ചില്ല. ഇരുപതാം നൂറ്റാണ്ടിന്റെ പൊതുവേയുള്ള പ്രബുദ്ധതയും വിജ്ഞാനവളർച്ചയും ഉൾക്കൊള്ളാൻ മാപ്പിള സാഹിത്യത്തിന്നായില്ല. കാരണം അവരുടെ 'അറബി മലയാളം' അക്ഷരസമ്പ്രദായം പുറംലോകവുമായി ബന്ധമില്ലാത്ത ഒരു രാവണൻ കോട്ടയായിരുന്നു. ഇപ്പോഴും സുന്നി മദ്രസകളിൽ അറബി മലയാളമാണ് മാധ്യമം. പുതിയ ലോകത്ത് നിന്ന് അറബി മലയാളത്തിലേക്ക് ഒന്നും വന്നില്ല. യാഥാസ്ഥിതികത്വത്തിന്റെ മൂരാച്ചി പണ്ഡിതന്മാർക്ക് വിഹരിക്കാൻ പറ്റിയ മേഖലയായിരുന്നു ഈ മാപ്പിള മത സാഹിത്യം.

യാഥാസ്ഥിക മാപ്പിള സാഹിത്യം കൊടികുത്തി വാണിരുന്ന കാലത്ത് ആരംഭിച്ച സത്യദൂതന്റെ ആദ്യകാല പത്രാധിപന്മാർ അല്ലാഹുവിന്റെ അനുഗ്രഹത്താൽ അനുഗ്രഹീതരായ ഭാഷാ സാഹിത്യകാരന്മാരും പ്രബുദ്ധരായ ചിന്തകന്മാരുമായിരുന്നു. അഭിജാതവും പ്രൗഢവുമായ മലയാളഭാഷയിൽ ഇസ്‌ലാമിക സാഹിത്യങ്ങൾ സത്യദൂതനിലൂടെയാണ് വെളിച്ചം കണ്ടത്. മൗലാനാ അബ്ദുല്ലാഹ് സാഹിബ് എച്ച്.എ. എച്ച്. ഹുസൈൻ സാഹിബ്, എൻ. ഹാമിദ് സാഹിബ്, വി. അബ്ദുൾ ഖയ്യൂം സാഹിബ് എന്നീ മഹാന്മാരായ ആദ്യകാല പത്രാധിപന്മാരുടെ തൂലിക സത്യദൂതനിലൂടെ അഹ്‌മദിയ്യാ സാഹിത്യത്തെ ധന്യമാക്കുകയുണ്ടായി. പിന്നീട് അഹ്‌മദിയ്യത്തിനെ നശിപ്പിക്കാൻ നിർദയവും രൂക്ഷവുമായ വിമർശനങ്ങളുമായി മുസ്‌ലിം കേരളത്തിന്റെ പണ്ഡിത ശിരോമണികൾ കച്ച കെട്ടിയിറങ്ങിയപ്പോൾ അഹ്‌മദിയ്യത്തിന് വേണ്ടി പത്മവ്യൂഹം തീർത്ത എഴുത്തുകാരും പത്രാധിപന്മാരുമായിരുന്ന മൗലാനാ അബ്ദുല്ലാഹ് എച്ച്.എ.യും എൻ. അബ്ദുറഹീം സാഹിബും യുക്തിബോധവും തത്വവാദവും കൊണ്ട് പ്രതിയോഗികളെ നിശബ്ദരാക്കുക യായിരുന്നു. ഇവരുടെ ശൈലി അന്യാദൃശവും അതുല്യവുമായിരുന്നു. മലയാളത്തിലെ മതഖണ്ഡന-മണ്ഡന സാഹിത്യത്തിന്റെ മാതൃകാരൂപങ്ങളാണ് ഈ പ്രതിഭാശാലികളുടെ എഴുത്തുകൾ. അതുപോലെ മലയാളത്തിൽ ഭക്തി നിർഭരമായ ഇസ്‌ലാമിക ഗാനസാഹിത്യത്തിന് തുടക്കം കുറിച്ചതിലും വളർത്തിയതിലും സത്യദൂതന് ഗണ്യമായ പങ്കുണ്ടെന്ന് തോന്നുന്നു. സത്യദൂതന്റെ പ്രഥമ പത്രാധിപർ എച്ച്. ഹുസൈൻ സാഹിബ് തന്നെ ഒരു കവിയായിരുന്നു. സത്യദൂതനിൽ പഴയ താളുകളിൽ നിറഞ്ഞുനിൽക്കു ന്ന ഇബ്നു അബ്ദുല്ലയുടെ കവിതകളും മലയാളത്തിലെ കവനകലയുടെ പൂർണതയുടെ മാതൃകകളായിരുന്നു.

മാലയും മൗലൂദും മന്ത്രവും പിഞ്ഞാണമെഴുത്തുമായി കഴിഞ്ഞി

രുന്ന മുസ്‌ലിം കേരളത്തിലേക്ക് എൺപത് വർഷം മുമ്പ് സത്യദൂതനിലൂടെ വാഗ്ദത്ത മസീഹിന്റെ ജ്ഞാന സൂര്യൻ ഉദിച്ചുയർന്നപ്പോൾ ഇരുട്ടു കോട്ടകളിൽ വരെ അതിന്റെ പ്രകാശ പ്രതിഫലനങ്ങളുണ്ടായി എന്നതാണ് വാസ്തവം. അഹ്മദിയത്തിനോട് വിയോജിപ്പ് പുലർത്തിയിരുന്ന കേരളത്തിലെ മുസ്‌ലിം ഉൽപതിഷ്ണുക്കളും സാമൂഹ്യപരിഷ്കരണ പ്രവർത്തകർക്കുമെല്ലാം തന്നെ സത്യദൂതൻ മാർഗ്ഗദർശനം നൽകിയിട്ടുണ്ട്. കേരള നദ്‌വത്തുൽ മുജാഹിനും, ജമാഅത്തെ ഇസ്‌ലാമിയും ജനിക്കുന്നതിന് മുമ്പ് ഇവിടെ മലയാളത്തിൽ ജുമാ ഖുത്ബയും സ്ത്രീകളുടെ പള്ളിപ്രവേശനവും നടത്തിയത് അഹ്മദിയ്യാ ജമാഅത്താണ്.

വാഗ്ദത്ത മസീഹിന് ദൈവികമായി ലഭിച്ച ജ്ഞാനങ്ങളുടെ അടിസ്ഥാനത്തിൽ ലോകത്തിലെ വിവിധ മതസ്ഥർ പ്രത്യേകിച്ച് ഇസ്‌ലാമിക വിമർശകരായ കൃസ്ത്യൻ ഓറിയന്റലിസ്റ്റുകൾ മറ്റു ചിന്താപ്രസ്ഥാനങ്ങൾ മറ്റു ഭൗതിക വൈജ്ഞാനിക ലോകങ്ങൾ പ്രക്ഷുബ്ധമായ രാഷ്ട്രീയരംഗങ്ങൾ മുതലായ വിശ്വവ്യാപകമായ വിജ്ഞാന മേഖലകളുമായി ആശയ വിനിമയവും സംവാദവും, ഖണ്ഡന മണ്ഡനങ്ങളും നടത്തി നേടിയ വിപുലമായ വൈ ജ്ഞാനിക പരിചയം സത്യദൂതനിലൂടെ മലയാളത്തിൽ വെളിച്ചം കണ്ടപ്പോൾ അത് അന്ധകാര ജഢിലമായ മുസ് ലിം കേരളത്തിന്റെ മതജീവിതത്തിന് പുരോഗമനത്തിന്റെ വഴികാട്ടിയായി – അഹ്മദിയ്യത്തിന്റെ സത്യത്തെ അവർ അംഗീകരിച്ചില്ലെങ്കിലും 20–ാം നൂറ്റാണ്ടിന്റെ ആദ്യകാലഘട്ടങ്ങളിലെ കേരളത്തിലെ മുസ്‌ലിം ചിന്താലോകം അഹ്മദിയത്ത് കൊണ്ട് പ്രബുദ്ധമായിട്ടുണ്ട് എന്നത് നിസ്തർക്കമാണ്.

എൺപത് വർഷത്തെ ആയുസ്സുള്ള സത്യദൂതനോടൊപ്പം പിറവിയെടുത്ത മുസ്‌ലിം പ്രസിദ്ധീകരണങ്ങൾ നിരവധിയായിരുന്നു. അതികായന്മാരായിരുന്നു അതിന്റെ പത്രാധിപന്മാർ. കെ.യം. മൗലവിയുടെ അൻമുർശിദ്, മുസ്‌ലിം ഐക്യസംഘത്തിന്റെ അൽ ഇർശാദ്, വക്കം അബ്ദുൾ, ഖാദിർ മൗലവിയുടെ 'അൽ ഇസ്‌ലാം'. ഇ. മൊയ്തു മൗലവിയുടെ 'അൽ ഇസ്‌ലാഹ്', ഇ.കെ. മൗലവിയുടെ അൽഇത്തിഹാദ്, സനാഉല്ലാമക്തിതങ്ങളുടെ 'പരോപകാരി', മുഹമ്മദ് അബ്ദുറഹിമാൻ സാഹിബിന്റെ 'അൽഅമീൻ'കാലത്തിന്റെ കുത്തൊഴുക്കിൽ അന്ത്യം കണ്ടെത്തിയ സത്യദൂതന്റെ സഹജീവികളുടെ അന്യം നിന്ന പ്രതികൾ ഗ്രന്ഥാലയത്തിലെ ആർക്കവൈവ്സുകളിലെ പൊടിപിടിച്ച തട്ടകങ്ങളിൽ മാത്രമേ ഇന്ന് കാണാൻ സാധിക്കൂ. ദിവ്യനിയോഗങ്ങളുള്ള ഒരു ദൈവിക പ്രസ്ഥാനത്തിന്റെ സജീവതയാണ് സത്യദൂതന്റെ ദീർഘായുസ്സിന്റെ രഹസ്യം.

എൺപത് വർഷം പൂർത്തിയാവുന്ന സത്യദൂതന്റെ പൂർവ്വസൂരികളെ ഇവിടെ സ്മരിക്കട്ടെ. സഹനത്തിന്റേയു സാത്വികവിശുദ്ധിയുടേയും ത്യാഗമൂർത്തികളായ ആ പ്രതിഭാശാലികൾ നിർവ്വഹിച്ചത് നിരവധി മനുഷ്യർക്ക് ആത്മീയമോചനത്തിന് നിദാനമായിട്ടുള്ള സദ്ക്കർമ്മങ്ങളാണ്. ഹദീസിന്റെ ഭാഷയിൽ ഒരു പ്രപഞ്ചം, സമ്മാനിക്കപ്പെടുന്ന സദ്കർമ്മം! അല്ലാഹു ഒരിക്കലും അത് പാഴാക്കില്ല. സത്യദൂതന്റെ പ്രഥമ പത്രാധിപർ എച്ച്.എച്ച്. ഹുസൈൻ സാഹിബ്, വി.കെ. മാഹിൻ സാഹിബ്, വി. അബ്ദുൾ ഖയ്യൂം സാഹിബ്, എൻ. ഹാമിദ് സാഹിബ്, മൗലാനാ അബ്ദുല്ലാഹ് സാഹിബ്, എൻ. അബ്ദുറഹിം സാഹിബ്, മൗലാനാ അബുൽ വഫാ സാഹിബ്, എസ്. അമീറലി സാഹിബ്, ബി.യം. കോയാസാഹിബ്, മൗലവി മുഹമ്മദ് ഇസ്മായിൻ സാഹിബ് ഇവരിൽ എൻ. അബ്ദുറഹിം സാഹിബും, മൗലവി മുഹമ്മദ് ഇസ്മായിൻ സാഹിബുമൊഴികെ മറ്റെല്ലാവരും കാലയവനികക്കുള്ളിൽ മറഞ്ഞു മഹത്തായ ത്യാഗങ്ങൾ വരിച്ച് സത്യദൂതന് വേണ്ടി നിസ്വാർത്ഥവും നിഷ്കളങ്കവുമായ സേവനമർപ്പിച്ച അവർക്കെല്ലാം അല്ലാഹു തക്കതായ പ്രതിഫലം നൽകട്ടെ (ആമീൻ) സത്യദൂതൻ പുതിയ കാലങ്ങളിലേക്കും പുതിയ ഹൃദയങ്ങളിലേക്കും അതിന്റെ ചരിത്രപ്രയാണം തുടരുവാൻ അല്ലാഹു പിന്തുണക്കട്ടെ (ആമീൻ) ■

*(38 -ാം പേജിൽ നിന്ന് തുടർച്ച)*

ക്കും. ഓരോ മനുഷ്യരുടേയും ആത്മീയ സ്ഥാനമനുസരിച്ച് സ്വർഗ്ഗീയ പ്രയാണങ്ങൾക്ക് വേഗവ്യത്യാസങ്ങളും സ്ഥാന വ്യത്യാസങ്ങളുമുണ്ടായിരിക്കും. അതുപോലെതന്നെയാണ് നരകവും. ആത്മീയ രോഗം ബാധിച്ചവരെയാണ് നരകത്തിൽ കൊണ്ടുപോകുന്നത്. അവിടെ വളരെ നാളത്തെ ചികിത്സക്ക് ശേഷം അവർ ആ ചികിത്സാലയം വിടുന്നു. അതിൽ ഓപ്പറേഷന് വിധേയരാവുന്നവരും, നല്ല ആഹാരങ്ങൾ കാണുമ്പോൾ ഛർദ്ദിക്കുന്നവരും, ഓർമ്മയില്ലാതെ കിടക്കുന്നവരും അങ്ങിനെ വിവിധ തരത്തിലുള്ള വേദനകൾ അനുഭവിക്കുന്ന അസുഖമുള്ളവരേയും നരകത്തിൽ കാണാം. സ്വർഗ്ഗവും ഇതേ രൂപത്തിൽ ഓരോ ആളുടെയും ആത്മീയ അവസ്ഥക്ക് അനുസൃതമായിരിക്കും. അയാളുടെ സ്വർഗ്ഗാനുഭവങ്ങൾ ഇതൊന്നും ജഢികമല്ല. അതിലും ഉപരിയായ അനുഭവഗോചരമാകുന്നതുമായ ആത്മീയാനുഭവങ്ങളായിരിക്കും. (തുടരും) ■

## പ്രഭാഷണം നടത്തി

കോഴിക്കോട് കേന്ദ്ര ഗവർമ്മെണ്ടിന്റെ റീജനൽ സയൻസ് സെന്ററിന്റെ ആഭിമുഖ്യത്തിലുള്ള പ്ലാനിറ്റോറിയത്തിൽ കോഴിക്കോട് അസ്ട്രോണമിക്ലബ്ബ് സംഘടിപ്പിച്ച പരിപാടിയിൽ 'ജ്യോതിശാസ്ത്രം ഖുർആനിക പരിപ്രേക്ഷ്യത്തിൽ' എന്ന വിഷയത്തെ അധികരിച്ച് സത്യദൂതൻ പത്രാധിപർ എ.എം. മുഹമ്മദ് സലീം സാഹിബ് മുഖ്യപ്രഭാഷണം നടത്തി. മേഖലാ ശാസ്ത്ര കേന്ദ്രം ഡയറക്ടർ ജയന്ത് ഗംഗോപാദ്ധ്യായും തുടർന്നു പ്രസംഗിച്ചു. അഡ്വ. ചിത്തരഞ്ജൻ സ്വാഗതം പറഞ്ഞു. പ്രഭാഷണത്തിനു ശേഷം ചോദ്യോത്തരമുണ്ടായിരുന്നു. കോഴിക്കോട്ടെ അമേചർ അസ്ട്രോണമേഴ്സിന്റെ സംഘടനയാണ് കോഴിക്കോട് അസ്ട്രോണമിക്കൽ ക്ലബ്ബ്. ■